
ചക്കുപള്ളം ഗ്രാമപഞ്ചായത്ത്



ജനകീയാസൂത്രണം

വികസന റിപ്പോർട്ട്


MAP OF CHAKKUPALLAM PANCHAYATH
N
S
AYYAPPAN COIL PANCHAYAT
VANDANMETTU PANCHAYAT
WARD - NO 1
WARD NO. IX
MADAVANKANAM
CHAKKUPALLAM
K.K. ROAD
PAMPUMPARA
WARD NO II
ANAKKARA
PWD ROAD
WARD NO. III
CHELLARCOIL ROAD
HARIGAN COLONY
PANCHAYAT OFFICE
7th MILE
WARD NO. IV
CHELLARCOIL
7 POINT ROAD
TRIBAL COLONY
BRIDGE
കുങ്കിരിപ്പെട്ടി തോട്
അരുവിക്കുഴി
WARD NO: VII
WARD NO. VI
CHAKKUPALLAM
WARD NO. VIII
ANAVILAIM
6th MILE ROAD
6th MILE
6-ാം മൈൽ കൃഷിഭവൻ റോഡ്
WARD NO V
KUNGIRIPETTY
TAMIL NADU STATE
CENTRAL JN. ROAD
ANCHEL ROAD
K.D. ROAD
KUMILY PANCHAYAT

ജനകീയാസൂത്രണം

❄

വികസന റിപ്പോർട്ട്

❄

ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

എഡിറ്റോറിയൽ ബോർഡ്

1. ശ്രീ ആൻറണി സ്കറിയ - ചീഫ് എഡിറ്റർ
2. ശ്രീ കുര്യൻ വി. റ്റി
3. ശ്രീ എം.തൃ്യു. മാതൃ്യു
4. ശ്രീ രാരിച്ചൻ നീറണാക്കുന്നേൽ
5. ശ്രീ ജോസ് പുതുമന
6. ശ്രീ സി. കെ. സുധാകരൻ
7. ശ്രീ എം. അയ്യപ്പരാജ്
8. ശ്രീമതി മോളി ടോമി
9. റാണി ജോർജ്




"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിയ്ക്ക് മാറ്റം വരണമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതം യഥാർത്ഥ സ്വാതന്ത്ര്യം നേടുക"

'ഗാന്ധിജി'



ശ്രീമതി മെറീന ജോൺ
പ്രസിഡൻറ്



ശ്രീ ആൻറണി സ്കറിയ
വൈസ് പ്രസിഡൻറ്



ശ്രീമതി റാണി ജോർജ്
ചെയർ പേഴ്സൺ



ശ്രീ വി. റ്റി. കുര്യൻ
സെക്രട്ടറി




ശ്രീ രാരിച്ചൻ നീറണാക്കുഴിയിൽ
മെംബർ



ശ്രീ ജോസ് പുതുമന
മെംബർ



ശ്രീ മാത്യു ജോസഫ്
മെംബർ



ശ്രീ എം. അയ്യപ്പരാജ്
മെംബർ



ശ്രീ സി. കെ. സുധാകരൻ
മെംബർ



ശ്രീമതി മോളി ടോമി
മെംബർ

ഉള്ളടക്കം

ആമുഖം.....7

പഞ്ചായത്ത് പൊതുവിതരണം.....8

ചരിത്രം.....9

ഭൂപ്രകൃതിയും വിഭവങ്ങളും.....11

കൃഷിയും ജലസേചനവും.....13

മൃഗസംരക്ഷണം, ക്ഷീരവിപണനം, മത്സ്യകൃഷി.....19

വ്യവസായം, ടൂറിസം.....25

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്.....28

കുടിവെള്ളവും പൊതുജനാരോഗ്യവും.....34

വിദ്യാഭ്യാസം.....41

പാർപ്പിടവും സാമൂഹികക്ഷേമവും.....45

വനിതാക്ഷേമം.....51


സഹകരണം.....54

പട്ടികജാതി പട്ടികവർഗ്ഗം.....57

സംസ്കാരം.....59

വിഭവസമാഹരണം.....64

ഉപസംഹാരം.....68



സ്റ്റാഫ്

1

ആമുഖം

ഗ്രാമസ്വരാജ് എന്ന സ്വപ്നം വിഭാവനം ചെയ്ത നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നസാക്ഷാത്കാരമായി ആസൂത്രിത വികസനത്തിലും തദ്ദേശ ഭരണകാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളും ബ്ലോക്കുപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും രൂപീകരിച്ചുകൊണ്ട് ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിരണ്ടിലെ ഭരണഘടന (73-ാം ഭേദഗതി) ആക്ടിനനുസൃതമായി സംസ്ഥാനത്ത് ഒരു ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം സ്ഥാപിക്കുന്നതിനു വേണ്ടി പഞ്ചായത്തുകളേയും ജില്ലാ കൗൺസിലുകളേയും സംബന്ധിച്ച് ഇപ്പോഴുള്ള നിയമങ്ങൾക്ക് പകരം സമഗ്രമായ ഒരു നിയമം ഉണ്ടാക്കുന്നത് യുക്തമായിരിക്കുന്നതിനാലും പഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് സാദ്ധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും അധികാര ശക്തിയും നൽകുന്നതിന് ഭരണഘടനയുടെ 11-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതുൾപ്പെടെ സാമ്പത്തിക വികസനത്തിലും സാമൂഹ്യനീതിക്കുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കലും, നടപ്പിലാക്കലും പഞ്ചായത്തുകളെ ഭരമേല്പിക്കുന്നതിന് ഇൻഡ്യൻ റിപബ്ലിക്കിന്റെ 45-ാം സംവത്സരത്തിൽ നിയമപ്രകാരം ഉണ്ടാക്കിയ, 1994 ഏപ്രിൽ 23-ാം തീയതി നിലവിൽ വന്ന പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ചക്കുപള്ളം പഞ്ചായത്തിലും തിരഞ്ഞെടുപ്പ് നടക്കുകയും അതു പ്രകാരം 1995- സെപ്റ്റംബർ 30-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏല്ക്കുകയും ഒക്ടോബർ 4-ാം തീയതി ഭരണ സമിതി നിലവിൽ വരുകയും ചെയ്തു.

സുഗന്ധവ്യജ്ഞനങ്ങളുടെ നാടായി വിശേഷിക്കപ്പെടുന്ന ഇടുക്കി ജില്ലയിലെ പ്രകൃതി രമണീയമായ ചക്കുപള്ളം പഞ്ചായത്തു പ്രദേശത്ത് ഭൂവിഭവങ്ങളുടെ കാര്യത്തിലും മനുഷ്യവിഭവശേഷിയുടെ കാര്യത്തിലും മുൻപന്തിയിലാണെങ്കിലും വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നായി തുടരുകയാണ്. കാർഷിക രംഗത്തെ പ്രശ്നങ്ങളും വ്യാവസായിക, ഊർജ്ജ, ഗതാഗത രംഗങ്ങളിലെ പിന്നോക്കാവസ്ഥയും കാരണമാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. തൊട്ടടുത്ത പ്രധാന വ്യാപാര കേന്ദ്രം തമിഴ്നാട്ടിലായതിനാലും തോട്ടം തൊഴിലാളികളിൽ ഭൂരിപക്ഷവും ആ സംസ്ഥാനത്തുനിന്നുള്ളവരായതിനാലും വ്യാപാരത്തിൽ നിന്നുള്ള വരുമാനവും ഈ പഞ്ചായത്തിന് ലഭിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിഭവ സമാഹരണത്തിന് ഗവൺമെൻറിൽ നിന്നുള്ള സഹായങ്ങളും പൊതുജന സഹകരണവും പ്രതീക്ഷിച്ചു കൊണ്ടുള്ള പദ്ധതി പ്രവർത്തനങ്ങളാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഗവൺമെൻറ് വിഹിതത്തിന്റെ 40% ലഭിക്കുമെന്നുള്ള നിർദ്ദേശം പഞ്ചായത്തിലെ ജനങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. സർക്കാരിന്റെ വിവിധ ഏജൻസികളിലൂടെ വികസന പദ്ധതികൾ പലതും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഭൂപ്രകൃതിയും കാലാവസ്ഥയും സംസ്കാരവും മറ്റ് ജീവിതസാഹചര്യങ്ങളും കണക്കിലെടുക്കാതെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് നാട്ടുകാരുദ്ദേശിച്ച ഫലം പൂർണ്ണമായി പ്രാപ്യമായിട്ടില്ല. കാലാവസ്ഥക്കും പരിതസ്ഥിതികൾക്കും തദ്ദേശീയമായ ആവശ്യങ്ങൾക്കും അനുസരണമായി ജനങ്ങളുടെ ആഗ്രഹപ്രകാരമുള്ള പദ്ധതികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള സാഹചര്യം പഞ്ചായത്ത് രാജ് നിയമപ്രകാരം കൈവരുമെന്നുള്ള അറിവ് ഗ്രാമസഭകളുടെ വിജയകരമായ നടത്തിപ്പിനും സജീവമായ ആലോചനകൾക്കും കാരണമായി. ഗ്രാമസഭകളിൽ നിന്നും കൂട്ടായ ആലോചനയുടേയും ചർച്ചയുടേയും ഫലമായി ഉരിത്തിരിഞ്ഞ വിവിധങ്ങളായ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ ക്രോഡീകരിക്കുന്നതിനും ലഭ്യമാകാനിടയുള്ള മാർഗ്ഗം കണ്ടെത്തുന്നതിനും വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ആസൂത്രണപ്രക്രിയകളുടെ വികസന സെമിനാറിന്റെ മുന്നോടിയായുള്ള വികസനറിപ്പോർട്ട് ഇതോടൊപ്പം സജീവചർച്ചയ്ക്കായി സമർപ്പിച്ചു കൊള്ളുന്നു.

പ്രസിഡൻറ്
ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

☆☆

2

പഞ്ചായത്ത് : പൊതുവിവരണം

പഞ്ചായത്തിന്റെ പേര് : .....ചക്കുപള്ളം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ : .....ചക്കുപള്ളം, അണക്കര, ആനവിലാസം
ബ്ലോക്ക് പഞ്ചായത്ത് : ..... കട്ടപ്പന
താലൂക്ക് : .....ഉടുമ്പൻചോല
അസംബ്ളി മണ്ഡലം : ..... ഉടുമ്പൻചോല
പാർലമെൻറ് മണ്ഡലം : ..... ഇടുക്കി
വിസ്തീർണ്ണം : .....40.71 ച: കി. മീ.
അതിരുകൾ : .....കിഴക്ക് : തമിഴ്നാട്
പടിഞ്ഞാറ് : അയ്യപ്പൻകോവിൽ പഞ്ചായത്ത്
തെക്ക് : കുമളി പഞ്ചായത്ത്
വടക്ക് : വണ്ടൻമേട് പഞ്ചായത്ത്
ജനസംഖ്യ : 17714
പുരുഷന്മാർ : 8905
സ്ത്രീകൾ : 8809
ജനസാന്ദ്രത : 585.31
അക്ഷരാഭ്യാസമുള്ളവർ : 13100
വാർഡുകൾ : 9
പ്രസിഡൻറിന്റെ പേര് : ..... ശ്രീമതി മെറീന ജോൺ
വൈസ് പ്രസിഡൻറിന്റെ പേര് : ..... ശ്രീ ആൻറണി സ്കറിയ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ : ..... ശ്രീമതി റാണി ജോർജ്
ഭരണസമിതി അംഗങ്ങൾ :

1. ജോസഫ് കുരുവിള
2. ജോസ് പുതുമന
3. മോളി ടോമി
4. M.J. മാത്യു
5. C.K. സുധാകരൻ
6. M. അയ്യപ്പരാജ്

ബ്ളോക്ക് പഞ്ചായത്ത് മെമ്പർ : ..... ശ്രീമതി മേരിക്കുട്ടി ജോസ്
ജില്ലാ പഞ്ചായത്ത് മെമ്പർ : ..... ശ്രീ C.K.കൃഷ്ണൻകുട്ടി

3

ചരിത്രം

ഐതിഹ്യങ്ങളുടെയോ ചരിത്രങ്ങളുടെയോ പിൻബലത്താൽ സമ്പന്നമായ ഒരു ഭൂതകാലം അവകാശപ്പെടാൻ കഴിയില്ലെങ്കിലും പുരാതന കാലത്ത് ജനങ്ങൾ ഈ പ്രദേശത്ത് അധിവസിച്ചിരുന്നതായി ചില തെളിവുകൾ കാണാനുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ ഏലകൃഷിക്കായി തമിഴ്നാട്ടിൽ നിന്നെത്തിയ ആങ്കുർറാവുത്തരും കുളിപ്പിള്ളയും കൂട്ടരുമാണ് ആധുനിക കാർഷികസംസ്കാരത്തിന് അടിത്തറയിട്ടതെന്ന് കരുതപ്പെടുന്നു. 1922-ൽ കരിപ്പാപ്പറമ്പിൽ വീട്ടുകാർ രാജാവിനോട് 250 ഏക്കർ സ്ഥലം വാങ്ങി കൃഷിക്കായി എത്തിയ ആദ്യ മലയാളികളെന്നും കരുതപ്പെടുന്നു. പാമ്പാടും പാറയിലുള്ള തോട്ടത്തിലേക്കു പോകാൻ മർഫിസായ്പ് നിർമിച്ച പാത ഇന്നത്തെ കുമളി-മൂന്നാർ റോഡിന്റെ ഭാഗമായി. ഈ കാലയളവിൽ കൂലിപ്പണിക്കായി തമിഴ്നാട്ടിൽനിന്നും ആൾക്കാർ എത്തിയിരുന്നു. തമിഴ്നാട്ടിൽനിന്നെത്തിയ ചക്കിലിയന്മാർ താമസിക്കുന്ന പള്ളം (ചതുപ്പ്, പുൽമേട്ട്, വനം) ആണ് ചക്കുപള്ളമായതെന്നും അതല്ല ജഗ്ഗു എന്ന തമിഴന്റെ പേരുചേർത്ത് ചക്കുപള്ളം ആയതാണെന്നും രണ്ടുപക്ഷമുണ്ട്. തമിഴിൽ ഇപ്പോഴും ജക്കുപള്ളമെന്നാണ് എഴുതുന്നത്. തമിഴ്നാട്ടിൽ കൃഷിക്കാവശ്യത്തിന് അണകെട്ടി അവിടെനിന്ന് കൈത്തോടുവെട്ടി തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോയിരുന്നു. അണകെട്ടിയ സ്ഥലം അണക്കര എന്നറിയപ്പെടുന്നു. വെള്ളം കൊണ്ടു പോകാനായി വെട്ടിയ തോടിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ കാഞ്ഞിരപ്പള്ളി, പാലാ, ഈരാറ്റുപേട്ട ഭാഗങ്ങളിൽ നിന്നും കുടിയേറ്റക്കാർ എത്തി കൃഷി തുടങ്ങി. കാട്ടുമൃഗങ്ങളുടെയും പ്രതികൂലകാലാവസ്ഥയുടെയും ശല്യം കാരണം ഒട്ടേറെപ്പേർ തിരിച്ചുപോയി. പിടിച്ചു നിന്നവർ വനം തെളിച്ച് കൃഷിയിറക്കി. ഇക്കാലഘട്ടത്തിൽ വിമുക്തഭടന്മാർക്കായി സർക്കാർ ഭൂമി പതിച്ചു നൽകി. അങ്ങനെ കൂടുതൽ ജനങ്ങൾ താമസമായതോടെ 1950-ൽ പാലാ-വണ്ടൻമേട് റൂട്ടിൽ സ്വരാജ് ബസ് സർവ്വീസ് ആരംഭിച്ചു.

1950 ലാണ് ചക്കുപള്ളം ട്രൈബൽ സ്കൂൾ ആരംഭിക്കുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി മുരുക്കടി സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. 1958-ൽ അണക്കര ഗവ. ഹൈസ്കൂൾ ആരംഭിച്ചു. 1952-ൽ അണക്കര സെ. തോമസ് പള്ളി ആരംഭിച്ചു. 1954-ൽ കുങ്കിരിപ്പെട്ടി ഓർത്തഡോക്സ് പള്ളി സ്ഥാപിതമായി. വണ്ടന്മേട് പഞ്ചായത്തിൽനിന്നും ചക്കുപള്ളം പഞ്ചായത്ത് 1977-ൽ രൂപീകൃതമായി. 5-7-77 - ൽ വാടകക്കെട്ടിടത്തിൽ ശ്രീ വി. ജി. ശ്രീധരൻ വൈദ്യരുടെ നേതൃത്വത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതി പ്രവർത്തനമാരംഭിച്ചു. 1979-ൽ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം പണി തുടങ്ങി. തെരഞ്ഞെടുക്കപ്പെട്ട മൂന്നാമത്തെ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ രണ്ട് ഭരണസമിതിയിലെയും പ്രസിഡന്റ് ശ്രീ T.G. പുരുഷോത്തമൻ നായരായിരുന്നു.

ഈ പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, റോഡുകൾ, മതസ്ഥാപനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും ജനങ്ങളുടെ കൂട്ടായ പരിശ്രമവും അദ്ധ്വാനവും ഉണ്ട്. ജനങ്ങളിൽ ഭൂരിപക്ഷവും ചെറുകിട കർഷകരും തോട്ടം തൊഴിലാളികളും ആണ്. 9-ാം പഞ്ചവൽസര പദ്ധതിയിലൂടെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു പരിധിവരെ സാധിക്കും എന്ന് പ്രത്യാശിക്കുന്നു.

ശ്രീമതി മെറിന ജോൺ
ശ്രീമതി ജിജി കെ. ഫിലിപ്പ്
ശ്രീമതി പി. എ. ജോൺ

മുൻ ഭരണസമിതി അംഗങ്ങൾ

5-7-1977

1. V. G. ശ്രീധരൻ വൈദ്യർ ..... പ്രസിഡൻറ്
2. K. C. സ്കറിയ ..... മെമ്പർ
3. P. J. കുര്യൻ ..... ,,
4. M. അബുബേക്കർ ..... ,,
5. T. V. കുഞ്ഞമ്മ ..... ,,
6. K. V. ജോസഫ് ..... ,,
7. ഗോപാലകൃഷ്ണൻ നായർ ..... ,,
8. ജോൺ, പുത്തൂർ ..... ,,
9. K. N. ഗോപാലകൃഷ്ണൻ ..... ,,
10. K. അളകമുത്തു ..... ,,

1979

1. T. G. പുരുഷോത്തമൻ ..... പ്രസിഡൻറ്
2. V. C. തങ്കപ്പൻ ..... മെമ്പർ
3. അന്നമ്മ ജോർജ് ..... ,,
4. P. J. ഏബ്രഹാം ..... ,,
5. S. രാമകൃഷ്ണപിള്ള ..... ,,
6. V. N. ദാമോദരൻ ..... ,,
7. K. C. ബാലകൃഷ്ണൻ ..... ,,
8. K. J. ഏബ്രഹാം ..... വൈസ് പ്രസിഡൻറ്

1987

1. T. G. പുരുഷോത്തമൻ ..... പ്രസിഡൻറ്
2. ജോൺ ജോസഫ് ..... വൈസ് പ്രസിഡൻറ്
3. P. C. അഴകൻ ..... മെമ്പർ
4. തുളസി സോമൻ ..... ,,
5. ശോശാമ്മ മാത്യു ..... ,,
6. M. J. മാത്യു ..... ,,
7. R. ഷൺമുഖം ..... ,,
8. K. C. സ്കറിയ ..... ,,
9. കുര്യൻ ആൻറണി ..... ,,

4

ഭൂപ്രകൃതിയും വിഭവങ്ങളും

ചെറിയ മലകൾ നിറഞ്ഞ് പടിഞ്ഞാറുനിന്ന് കിഴക്കോട്ടു ചെരിഞ്ഞ പ്രദേശമാണ്. ചക്കുപള്ളം പഞ്ചായത്ത്, ഇവയുടെ ഇടയ്ക്കുള്ള താഴ്വരകളിൽ നെല്ലും, കൊടിയും, ഏലവും സമൃദ്ധമായി കൃഷി ചെയ്യുന്നു. അതിനോടെപ്പം തേയിലയും, കാപ്പിയും ധാരാളമായി കൃഷിചെയ്യുന്നു. മണ്ണിന്റെ ഇനം ചുവപ്പുകലർന്ന മണ്ണ്, കരിമണ്ണ്, ചരൽമണ്ണ്, വെളുത്ത തരിശുമണ്ണ്, വനമണ്ണ് ഇവയാണ് കാണുന്നത്. വളരെ കുറഞ്ഞ സ്ഥലങ്ങളിൽ മാത്രം കരിങ്കല്ലുകൾ കാണപ്പെടുന്നു.

ചെരിവുസ്ഥലങ്ങളിൽ മണ്ണൊലിപ്പുമൂലം ഭൂമിയുടെ ഫലപുഷ്ടി നഷ്ടപ്പെടുന്നതു കാരണം എല്ലാ കൃഷിയിൽ നിന്നു ആദായം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഏലത്തോട്ടങ്ങളിൽ രാസവളപ്രയോഗം അമിതമായ തോതിൽ നടത്തുന്നു. അതുപോലെ കീടനാശിനിപ്രയോഗവും.

പഞ്ചായത്തിന്റെ 1,2,3,4,5,7 എന്നീ വാർഡുകളിൽ പൂർണ്ണമായും ഇടത്തരം കൃഷിക്കാർ താമസിക്കുന്നു. ഇവിടെ പ്രധാനവിളകൾ - കുരുമുളക്, കാപ്പി, നെല്ല്, തേയില, മുതലായവയാകുന്നു. അതോടൊപ്പം ഇടവിളയായി ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്യുന്നു.

1,6,8,9 എന്നീ വാർഡുകളിൽ പ്രധാനമായും ഏലത്തോട്ടങ്ങളാണ്. സ്വകാര്യത്തോട്ടങ്ങളിൽ സ്വന്തമായും, വിവിധ ഗവൺമെൻറ് ഏജൻസികളുടെ ധനസഹായത്തോടെയും നിർമ്മിച്ച കുളങ്ങളും, തടയണകളും, കിണറുകളും ജലസേചനത്തിനായി വേനൽക്കാലത്ത് ആശ്രയിക്കപ്പെടുന്നത്.

ഭൂമി ശാസ്ത്രപരമായി പ്രത്യേകതമൂലം കുമളി, വണ്ടന്മേട്, അയ്യപ്പൻകോവിൽ എന്നിവിടങ്ങളിൽ ലഭിക്കുന്ന മഴയേക്കാൾ കുറഞ്ഞ മഴയേ സാധാരണയായി ലഭിക്കാറുള്ളു.

അതുപോലെ 1,4,5,6,7 വാർഡുകളിൽ ലഭിക്കുന്ന മഴവെള്ളത്തിൽ ഭൂരിഭാഗവും തമിഴ്നാട്ടിലേക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ സമയങ്ങളിൽ അതിഭയങ്കര കൃഷിനാശവും ഉണ്ടാകുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ചെറിയ തോതിൽ തുലാവർഷവും ലഭിക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ നല്ല മഞ്ഞും, തമിഴ്നാട്ടിൽ നിന്നുള്ള വരണ്ടകാറ്റും അനുഭവപ്പെടുന്നു.

1995 - 96

ഏപ്രിൽ	5.94
മെയ്	13.65
ജൂൺ	14.09
ജൂലൈ	18.10
ആഗസ്റ്റ്	18.15
സെപ്റ്റംബർ	13.78
ഒക്ടോബർ	5.90
നവംബർ	4.59
ഡിസംബർ	0.01
ജനുവരി	1.65
ഫെബ്രുവരി	0.77
മാർച്ച്	0.71
	95.69

1996-97

ഏപ്രിൽ	11.06
മെയ്	2.60
ജൂൺ	14.14
ജൂലൈ	31.76
ആഗസ്റ്റ്	11.07
സെപ്റ്റംബർ	9.61
ഒക്ടോബർ	12.81
നവംബർ	–
	93.05

ഇവിടെയുള്ള തോട്ടങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ് ജോലിചെയ്യുന്നത്. ഇവിടെയുള്ള സാധാരണ തൊഴിലാളികൾക്ക് പുരുഷൻമാർക്ക് 60/- രൂപായും സ്ത്രീകൾക്ക് 45/- രൂപായും ലഭിക്കുന്നു. ഇവിടെയുള്ള ഭൂരിഭാഗം പ്രദേശങ്ങൾക്കും പട്ടയം ലഭിച്ചിട്ടില്ല. ഭക്ഷ്യോൽപാദനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ആദ്യകാലങ്ങളിൽ ധാരാളം നെൽകൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ പാടങ്ങൾ നികത്തി കുരുമുളകും, ഏലവും

കൃഷിചെയ്യുന്നു. നെൽകൃഷിയുടെ അമിതമായ കൂലി ചെലവും പണിക്കാരെ ലഭിക്കാത്തതുമാണ് അതിന് പ്രധാന കാരണമായി പറയുന്നത്.

ഈ പ്രദേശത്ത് ചെറിയ കുന്നുംപുറങ്ങളും, ചെരിവുകളും കൂടുതലായി കാണുന്നു. കന്നുകാലിത്തീറ്റക്കുള്ള പുൽകൃഷിയാണ് ചെയ്യുന്നത്. ഒരു കാലത്ത് വ്യാപകമായി കപ്പ കൃഷി ചെയ്തിരുന്നതാണ്. എന്നാൽ ഇന്ന് നാമമാത്രമായി തീർന്നിരിക്കുന്നു. അവയ്ക്ക് കാട്ടുപന്നിയുടെയും എലിയുടെയും ആക്രമണം നേരിടേണ്ടി വരുന്നു. അതുപോലെ പണ്ട് കരിമ്പ് കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് ലാഭമല്ലാത്തതിനാൽ അവ പൂർണ്ണമായും ഇല്ലാതെ വന്നിരിക്കുന്നു.

ഭൂമി സംബന്ധിച്ചവിവരം

നിലം -	350. ഹെ
പുരയിടം -	15532 ഹെ
കൃഷിയോഗ്യം -	98 ഹെ
തരിശ് -	

ഭൂവിനിയോഗപട്ടിക

			മൊത്ത ഉൽപാദനം
നെല്ല് ഒന്നാം വിള	350 ഹെ	1050Ton	ഹെക്ടറിൽ
നെല്ല് രണ്ടാം വിള	20 ഹെ	38Ton	3000 Kg
പയർ	20 ഹെ	50 Ton	1900 Kg
പച്ചക്കറികൾ	100 ഹെ	50 Ton	2500 Kg
ഏലം	1800 ഹെ	450 Ton	250 Kg/Hc
വാഴ	350 ഹെ	3675 Ton	10500 Kg/Hc
കുരുമുളക്	2160 ഹെ	1944 Ton	900 Kg/Hc
മരച്ചീനി	350 ഹെ	5600 Ton	16 KTon/Hc
പ്ലാവ്	15 ഹെ	2020 Ton	
മാവ്	20 ഹെ		

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 5 ആയി തരംതിരിക്കാം

കുന്നിൽമുകൾ സമതലം

കുന്നിൻ ചെരിവ്

പുൽമേട്

താഴ്വാരം

പാറക്കെട്ട് എന്നിങ്ങനെ തരംതിരിക്കാം.

ശ്രീമതി മെറിന ജോൺ

**



വികസനജ്യോതി പഞ്ചായത്ത് പ്രസിഡൻറ് തെളിക്കുന്നു

5.1

കൃഷി-ജലസേചനം

തമിഴ്നാട് സംസ്ഥാനത്തോടു ചേർന്ന് കിടക്കുന്ന ചക്കുപള്ളം പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷികപ്രദേശമാണ്. സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 2500 അടിയോളം ഉയർന്നു കിടക്കുന്ന ഈ പ്രദേശം കുന്നുകളും താഴ്വരകളും ഉൾക്കൊള്ളുന്നതാണ്. ഈ സ്ഥിതിവിശേഷം ഈ പ്രദേശത്തെ കൃഷിരീതിയുടെമേൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിതരീതിയും തദ്വാരാ പ്രദേശത്തിന്റെ അഭിവൃദ്ധിയും കാർഷിക മേഖലയുടെ ചലനങ്ങൾക്കനുസരണമാണ്.

ഏതാണ്ട് ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിലാണ് ഈ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്. ആദ്യകാലഘട്ടത്തിൽ ഭക്ഷ്യവിളപ്രധാനമായ കൃഷിരീതിയായിരുന്നു ആളുകൾ അവലംബിച്ചിരുന്നത്. എന്നാൽ ഭക്ഷ്യോൽപാദന മേഖലയിലെ പല പ്രതിസന്ധികൾമൂലം കർഷകർ കൂടുതൽ ആദായകരമായ സുഗന്ധവിളകൃഷിയിലേക്ക് തിരിഞ്ഞു. ഈ പ്രദേശത്തെ കാലാവസ്ഥയും മണ്ണിന്റെ ഘടനയും സുഗന്ധവിളകളായ ഏലം, കുരുമുളക് മുതലായവയുടെ കൃഷിക്ക് അനുയോജ്യമാണ്. ഏലം, കുരുമുളക് എന്നിവയുടെ ഉൽപാദനത്തിൽ ഭാരതത്തിലെതന്നെ ഒരു മികച്ചസ്ഥാനം ചക്കുപള്ളം പഞ്ചായത്തിനുണ്ട്.

രേഖകൾ പ്രകാരം ചക്കുപള്ളം പഞ്ചായത്തിൽ 15980 ഹെക്ടർ ഭൂമിയാണ് കൃഷിക്കുപയുക്തമായിട്ടുള്ളത്. ഭൂരിഭാഗം ഭൂമിയിലും സമ്മിശ്ര കൃഷിരീതിയാണ് കർഷകർ സ്വീകരിച്ചിട്ടുള്ളത്. കർഷകരിൽ ഭൂരിഭാഗവും പരിമിതി, ചെറുകിട വിഭാഗത്തിൽപ്പെടുന്നതിനാൽ ജലസേചന മാർഗ്ഗങ്ങൾ സ്വീകരിച്ചു കൃഷി ചെയ്യുന്ന കൃഷി ഭൂമി വളരെ കുറവാണ്. ഏറെക്കുറെ പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

കൃഷിഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	350 ഹെക്ടർ
പുരയിടം	15532 ഹെക്ടർ
കൃഷിയോഗ്യമായ തരിശ്	98 ഹെക്ടർ
ആകെ	15980 ഹെക്ടർ

ചക്കുപള്ളം പഞ്ചായത്തിൽ കൃഷിചെയ്യുന്ന പ്രധാനവിളകളും അവയുടെ വിസ്തീർണ്ണം ഉൽപാദനം എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത
നെല്ല് ഒന്നാം വിള	350	1050 മെട്രിക് ടൺ	3000 കി. ഗ്രാം
നെല്ല് രണ്ടാം വിള	20	38 ,,	1900 ,,
നെല്ല് മൂന്നാം വിള	-	-	-
പയർ	20	50 ,,	2500 ,,
പച്ചക്കറികൾ	100	300 ,,	5000 ,,
ഏലം	1800	450 ,,	250 ,,
വാഴ	350	3675 ,,	10500 ,,
മരച്ചീനി	45	472.5 ,,	10500 ,,
കുരുമുളക്	2160	1944 ,,	900 ,,
പ്ളാവ്	15	18900 എണ്ണം	1575 എണ്ണം
മാവ്	5	31.5 മെട്രിക് ടൺ	6300 കി.ഗ്രാം
കവുങ്ങ്	2	1200 ,,	600 ,,
ഇഞ്ചി	50	550 ,,	11000 ,,
മഞ്ഞൾ	10	160 ,,	16000 ,,

മൺതരങ്ങൾ - ഭൂവിനിയോഗം

പഞ്ചായത്തിൽ പ്രധാനമായും കണ്ടുവരുന്നത് വനമണ്ണാണ്. സുഗന്ധവിളകൾ കൃഷി ചെയ്യുവാനാണ് കുന്നുകളുടെ ചെരിവുകളുള്ള ഈ പ്രദേശത്തെ വനമണ്ണ് അനുയോജ്യം. നാമമാത്രമായ നിലങ്ങളിൽ കാതരമണ്ണും കണ്ടുവരുന്നു. ജലത്തിന്റെ ദൗർലഭ്യം മൂലം ഈ മണ്ണ് പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ കഴിയുന്നില്ല.

നെല്ലുകൃഷി

ഒന്നും രണ്ടും വിളകളിലായി 370 ഹെക്ടർ സ്ഥലത്താണ് പഞ്ചായത്തിൽ നെല്ലുകൃഷി ചെയ്യുന്നത്. മഴയെ ആശ്രയിച്ചാണ് നെല്ലുകൃഷി ചെയ്യുന്നത്. ചക്കുപള്ളം കുങ്കിരിപ്പെട്ടി തോട്, അണക്കര, കുരുവിക്കാട് പാറതോട് എന്നിവയും ഏതാനും നീർച്ചാലുകളും നാമമാത്രമായുള്ള നെല്ലുകൃഷിക്ക് സഹായകരമായി ഉണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാടശേഖര സമിതികൾ

1. ചക്കുപള്ളം പാടശേഖര സമിതി
2. അണക്കര പാടശേഖര സമിതി
3. മൈലാടും പാറ പാടശേഖര സമിതി എന്നിവയാണ്.

ഉഴവു മെതി യന്ത്രങ്ങൾ

പാടശേഖര സമിതികൾ മുഖാന്തിരം രണ്ടു പൗവ്വർ ട്രില്ലറുകൾ വിതരണം നടത്തിയിട്ടുണ്ട്. മൂന്നു മെതിയന്ത്രങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

നെൽകർഷകർ അവരുടെ കഴിവിന്റെ പരിധിയിൽ നിന്നുകൊണ്ട് ജൈവവളങ്ങളും രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നുണ്ട്. കാലാവസ്ഥയിലെ വ്യതിയാനം, കൂടിയ ഉൽപാദന ച്ചിലവ്, തൊഴിലാളികളുടെ അഭാവം, രോഗ കീട ആക്രമണങ്ങൾ മുതലായവയാണ് നെൽകൃഷി നേരിടുന്ന പ്രതിസന്ധികൾ. ഈ കാരണങ്ങൾ കൊണ്ടു തന്നെ നെൽപാടങ്ങളുടെ വിസ്തീർണ്ണം വർഷംതോറും കുറഞ്ഞു വരുന്നു.

കൃഷിചെയ്യുന്ന പ്രധാന ഇനങ്ങൾ തൊണ്ടി, പാൽത്തോണി, മരത്തോണി, കൊച്ചുവിത്ത്, ഐ. അർ 8 തുടങ്ങിയവയാണ്.

കുരുമുളക്

ചക്കുപള്ളം പഞ്ചായത്തിലെ ഏറ്റവും പ്രധാനകൃഷി കുരുമുളകാണ്. ഈ പ്രദേശത്തെ മുഖ്യ വരുമാന സ്രോതസ്സും ഈ കൃഷിതന്നെ. പഞ്ചായത്തിന്റെയും സമൂഹത്തിന്റെയും സമ്പദ്ഘടനയിൽ നിർണ്ണായകസ്ഥാനം ഈ കൃഷിക്കുണ്ട്.

കുരുമുളക് കൃഷി

ആകെ വിസ്തീർണ്ണം 2160 ഹെക്ടർ

ഉൽപാദനക്ഷമത 900 കി.ഗ്രാം/ഹെക്ടർ

ആകെ ഉൽപാദനം 1944 മെട്രിക് ടൺ

കൃഷി ചെയ്യുന്ന പ്രധാന ഇനങ്ങൾ- നീലിമുണ്ടി, കരിമുണ്ട, ജീരകമുണ്ടി, വെള്ളമുണ്ടി, പന്നിയൂർ - 1 എന്നിവയാണ്. കുരുമുളക് കൃഷി പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചാണ് ചെയ്യുന്നത്.

കുരുമുളക് കൃഷി ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കാലാവസ്ഥയിലെ വ്യതിയാനം, ധൃതവാട്ടരോഗം, വിപണിയിലെ അസന്തുലിതാവസ്ഥ തുടങ്ങിയവയാണ്.

ചക്കുപള്ളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുരുമുളക് സംരക്ഷണസമിതികൾ താഴെപ്പറയുന്നവയാണ്.

1. കൈരളി കുരുമുളക് സംരക്ഷണസമിതി അണക്കര P.O.
2. മലനാട് കുരുമുളക് സംരക്ഷണസമിതി അണക്കര P.O
3. മൈലാടുംപാറ കുരുമുളക് സംരക്ഷണസമിതി നെറ്റിത്തൊഴു P.O
4. ചെല്ലാർകോവിൽ കുരുമുളക് സംരക്ഷണ സമിതി ചെല്ലാർകോവിൽ P.O
5. മലയോര കുരുമുളക് സംരക്ഷണസമിതി ചെല്ലാർകോവിൽ P.O
6. നവജീവൻ കുരുമുളക് സംരക്ഷണസമിതി ചെല്ലാർകോവിൽ P.O.
7. ഉദയഗിരി കുരുമുളക് സംരക്ഷണസമിതി അണക്കര P.O
8. കുങ്കിരിപ്പെട്ടി കുരുമുളക് സംരക്ഷണസമിതി ചക്കുപള്ളം P.O
9. വലിയപാറ കുരുമുളക് സംരക്ഷണസമിതി ചക്കുപള്ളം P.O
10. നവജീവൻ കുരുമുളക് സംരക്ഷണസമിതി അണക്കര P.O.
11. ചക്കുപള്ളം നോർത്ത് കുരുമുളക് സംരക്ഷണ സമിതി ചക്കുപള്ളം P.O
12. ചക്കുപള്ളം ഈസ്റ്റ് കുരുമുളക് സംരക്ഷണ സമിതി ചക്കുപള്ളം P.O
13. മോനോൻ മേട് കുരുമുളക് സംരക്ഷണസമിതി ചക്കുപള്ളം P.O
14. ആനവിലാസം കുരുമുളക് സംരക്ഷണസമിതി ആനവിലാസംP.O

കുരുമുളക് സംരക്ഷണസമിതികൾ മുഖാന്തിരം കൃഷിഭവൻ വിതരണം ചെയ്യുന്ന കുമിൾനാശിനികൾ, വളങ്ങൾ മുതലായവയാണ് പ്രധാനമായും കർഷകർ കുരുമുളക് കൃഷിക്ക് ഉപയോഗപ്പെടുത്തന്നത്. രാസവള/കീടനാശിനി കടകളിൽ നിന്നും

ലഭിക്കുന്ന ഉൽപാദനോപാധികളും കർഷകർ ഉപയോഗപ്പെടുത്തുന്നുണ്ട്. കുരുമുളക് സംരക്ഷണസമിതികൾ വിതരണം നടത്തുന്ന സസ്യസംരക്ഷണ ഉപകരണങ്ങൾ കർഷകർക്ക് വളരെ പ്രയോജനകരമാണ്.

കുരുമുളക് വള്ളികളുടെ വിതരണം

1993-94	1994-95	1995-96
14090 എണ്ണം	30000 എണ്ണം	38000എണ്ണം

ഏലം

ഇന്ത്യയിലെ തന്നെ ഏലക്കാ ഉൽപാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ചക്കുപള്ളം പഞ്ചായത്ത്. തോട്ടം മേഖലയിലും ചെറുകിട മേഖലയിലുമായി ഇവിടെ ഏല കൃഷി നടത്തുന്നു.

ഏലകൃഷി

വിസ്തീർണ്ണം	1800 ഹെക്ടർ
ഉൽപാദന ക്ഷമത	250 കി.ഗ്രാം
ആകെ ഉൽപാദനം	450 മെട്രിക്ടൺ

ഏലത്തിന്റെ ഉൽപാദന ചിലവ് ക്രമാതീതമായി വർദ്ധിച്ചത് ഏലം കർഷകരെ വളരെ ബുദ്ധിമുട്ടിക്കുന്നു. വൻകിട കർഷകരും ഏതാനും മറ്റു കർഷകരും മാത്രമേ ജലസേചനം നടത്തുന്നുള്ളു. ആയതിനാൽ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഏലകൃഷി- ഉൽപാദനത്തിൽ സാരമായ മാറ്റങ്ങൾ ഉളവാക്കുന്നു. ഏലത്തിന്റെ വിലനിർണ്ണയത്തിൽ കർഷകർക്ക് കാര്യമായ സ്വാധീനം ചെലുത്താൻ സാധിക്കാത്തത് കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ തോത് വർദ്ധിപ്പിക്കുന്നു.

തെങ്ങ് - കമുക്

ഈ വിളകൾക്കാവശ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും അല്ല ഈ പഞ്ചായത്തിൽ ഉള്ളതിനാൽ ഈ കൃഷികൾ താരതമ്യേന കുറവാണ്. എങ്കിലും കർഷകർ ഈ വിളകൾ പരിമിതമായ തോതിൽ എങ്കിലും കൃഷി ചെയ്യാൻ ഉൽസാഹിക്കുന്നു.

തെങ്ങിൻ തൈകളുടെ വിതരണം

1993 - 94	1994 - 95	1995 - 96
978 എണ്ണം	235 എണ്ണം	325 എണ്ണം

വാഴ

കൊടിത്തോട്ടങ്ങളിലും മറ്റും ഇടവിളയായും പരിമിതമായ സ്ഥലത്ത് തനിവിളയായും വാഴ കൃഷി നടത്തുന്നു. അഭ്യന്തര ഉപയോഗത്തിനുള്ള വാഴക്കുലകൾ തികയുന്നില്ല. നടീൽ വസ്തുക്കളുടെ ദൗർലഭ്യം, രോഗങ്ങൾ മുതലായവയാണ് ഉൽപാദനം കുറയുന്നതിന് കാരണം.

കുരുമുളക് സംരക്ഷണ സമിതികൾ മുഖേനയും പാടശേഖര സമിതികൾ മുഖേനയും വിതരണം ചെയ്ത ഉപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്കർ സ്പെയർ	തപ്സാക് സ്പെയർ	മറ്റുള്ളവ	
1	-	-	-	9	-	-	-
2	-	-	-	9	-	-	1
3	-	-	-	20	-	-	1
4	-	-	-	32	-	-	-
5	-	-	-	29	-	-	1
6	-	1	-	13	-	-	-
7	-	1	-	19	-	-	-
8	-	-	-	20	-	-	-
9	-	-	-	12	-	-	-

മരച്ചീനി

ചക്കുപള്ളം പഞ്ചായത്തിൽ 472.5 മെട്രിക്ടൺ മരച്ചീനി ഉൽപാദിപ്പിക്കുന്നുണ്ട്. കാട്ടുപന്നി, എലി മുതലായവയുടെ ആക്രമണം മൂലം മരച്ചീനി കൃഷിയുടെ വിസ്തൃതിയും ഉൽപാദനവും കുറയുന്നു. ഇപ്പോൾ ആഭ്യന്തര ഉപയോഗത്തിനു വേണ്ടതിലും വളരെ താഴെയാണ് ഉൽപാദനം.

പ്ലാവ്, മാവ്

മിക്ക പുരയിടങ്ങളിലും ഇവ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ വ്യാപകമായ കൃഷിയല്ല ഫർണിച്ചർ നിർമ്മാണത്തിനും വിറക് ആവശ്യത്തിനും ഈ വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നത് അതീവ ഗൗരവത്തോടെ നാം ശ്രദ്ധിക്കേണ്ടതാണ്.

റബ്ബർ

ഈ പ്രദേശത്തിന്റെ കാലാവസ്ഥയും മണ്ണിന്റെ ഘടനയും റബ്ബർ കൃഷിക്ക് പൂർണ്ണമായും അനുയോജ്യമല്ലാ എങ്കിലും 20 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ട്. വാർഷിക ഉൽപാദനം 16 മെട്രിക് ടൺ ആണ്

ഇഞ്ചി - മഞ്ഞൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു സുഗന്ധവിളയാണ് ഇഞ്ചികൃഷി. കൂടുതലും ഇടവിളയായും കുറെ തനിവിളയായും ഇഞ്ചികൃഷിയുണ്ട്. മഞ്ഞൾ കൃഷി ചക്കുപള്ളം പഞ്ചായത്തിൽ ചെയ്തു വരുന്നു. കൂടിയ ഉൽപാദനക്ഷമതയും വിലയിലുള്ള അസ്ഥിരതയുമാണ് ഈ കൃഷികൾ നേരിടുന്ന പ്രശ്നങ്ങൾ

പയർ - പച്ചക്കറി

പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ പച്ചക്കറികൾ അന്യസ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട ഒരു സാഹചര്യം ആണുള്ളത്. പ്രതിവർഷം ഉദ്ദേശം 20 ലക്ഷത്തിലേറെ രൂപായുടെ ഇറക്കുമതിയാണ് പച്ചക്കറി കൃഷിയുടെ കുറവുകൊണ്ട് പഞ്ചായത്തിൽ സംഭവിക്കുന്നത്. ഇത് ഈ പഞ്ചായത്തിന്റെ പുരോഗതിക്ക് ഒരു പ്രധാന പ്രതിസന്ധിയാണ്.

കൃഷിഭവൻ

കൃഷിഭവൻ 1987 സെപ്റ്റംബർ 1-ാം തീയതി 6-ാം മൈലിൽ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ എല്ലാഭാഗത്തും കൃഷിഭവൻ കൊണ്ടുള്ള നേട്ടങ്ങൾ ശരിയായി ലഭിക്കുന്നില്ല. കൃഷിഭവനിലെ ജീവനക്കാരുടെ കുറവും, നടപടിക്രമങ്ങളെപ്പറ്റിയും സർക്കാർ നയങ്ങളെപ്പറ്റിയും ഉള്ള ജനങ്ങളുടെ അജ്ഞതയും ഈ കാര്യത്തിൽ ഒരു പ്രശ്നമാണ്.

ജലസേചനം

ജലസേചനത്തിനായി ചക്കുപള്ളം - കുങ്കിരിപ്പെട്ടിതോട്, അണക്കര - കുരീക്കാട്ടുപാറ തോട്, ചെറിയ ചെറിയ നീർചാലുകൾ എന്നിവ ജലസേചനത്തിനായി ഉപയോഗപ്പൊടുത്തുന്നുണ്ട്. പരിമിതമായ രീതിയിൽ കുളങ്ങളും കിണറുകളും ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

കൈവശ ഭൂമിയുടെ വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	മറ്റുള്ളവ (2 ഹെക്ടറിൽ കൂടുതൽ)
1	52	450	130
2	59	463	132
3	50	405	131
4	58	452	125
5	43	412	128
6	60	470	129
7	47	478	127
8	30	408	150
9	25	500	148
ആകെ	424	4018	1200

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്

1. ലാഭകരമല്ലാത്ത നെല്ലുകൃഷി
2. തൊഴിലാളികളുടെ ലഭ്യതകുറവ്
3. നല്ലയിനം നടീൽവസ്തുക്കളുടെ ലഭ്യതക്കുറവ്
4. ഉൽപാദന ചിലവുമായി ബന്ധമില്ലാത്ത കമ്പോളവില
5. ജൈവവളങ്ങളുടെ ലഭ്യത കുറവും ഉപയോഗ കുറവും
6. കാർഷികയന്ത്രങ്ങളുടെ ലഭ്യത തീരെകുറവ്
7. കാർഷിക ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണിയുടെ അഭാവം
8. ജലസേചന സൗകര്യങ്ങൾ തീരെ കുറവ്
9. മണ്ണു പരിശോധന നടത്താതെയുള്ള വള പ്രയോഗം
10. കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക്

വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല

11. കൃഷിഭവന്റെ സേവനം വേണ്ടത്ര ലഭ്യമല്ല
12. ഭക്ഷ്യവിളകളുടെ ഉൽപാദനം കുറഞ്ഞുവരുന്നു
13. പഴം - പച്ചക്കറി ഉൽപാദനം തീരെകുറവ്
14. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നില്ല
15. കാർഷികവൃത്തിയുടെ മാന്യതകുറവ്
16. കാർഷിക സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല
17. കർഷകരുടെ കൂട്ടായ്മ പ്രോത്സാഹജനകമല്ല
18 പട്ടയം ഇല്ലാത്തതിനാൽ കാർഷികവായ്പകൾ ലഭ്യമല്ലാത്ത അവസ്ഥ
19. കാർഷിക കീട രോഗനിയന്ത്രണമാർഗ്ഗങ്ങൾ തൃപ്തികരമല്ല.
20 എലി, പന്നി എന്നിവയുടെ ആക്രമണം ഫലപ്രദമായി തടയുന്നതിന് സാധിക്കുന്നില്ല.
21. ശാസ്ത്രീയകൃഷിരീതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

നമ്മുടെ പഞ്ചായത്തിന്റെ സമ്പദ്‌വ്യവസ്ഥ കാർഷികമേഖലയിൽ അധിഷ്ഠിതമാണ്. ആയതിനാൽ ശരിയായ കാഴ്ചപ്പാടോടു കൂടിയും ആസൂത്രണത്തോടു കൂടിയും കാർഷികമേഖലയിൽ പ്രവർത്തിച്ചാൽ നമ്മുടെ പഞ്ചായത്ത് സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയിൽ എത്തുമെന്ന് തീർച്ചയാണ്. എന്നുമാത്രമല്ല കാർഷികമേഖലയായ ഈ പ്രദേശത്തിന് വികസിക്കുവാൻ മറ്റു മാർഗ്ഗങ്ങൾ ഇല്ല എന്നുപറയാവുന്നതാണ്.

സമൂഹത്തിന്റെ പുരോഗതി വ്യക്തികളുടെ ജീവിത നിലവാരത്തിന്റെ ഉയർച്ചയുടെ ആകെ തുകയാണ്. അതിനാൽ സമൂഹത്തിലെ ഓരോവ്യക്തിയും പുരോഗതി പ്രാപിച്ചാൽ മാത്രമേ നമ്മുടെ പ്രദേശത്തിന്റെ ജീവിതനിലവാരം ഉയരുകയുള്ളു. ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പ്രക്രിയയിൽ പ്രധാനമായ ഒരു കാര്യമാണ് ഇപ്പോൾ നിലവിലുള്ള ഉപഭോക്ത സംസ്കാരത്തിൽ നിന്നുമുള്ള സമൂലപരിവർത്തനം.

നമുക്കാവശ്യമുള്ള വിഭവങ്ങളിൽ നാംതന്നെ സ്വയം പര്യാപ്തത കൈവരിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമെ നമുക്ക് സമഗ്ര പുരോഗതി നേടിയെടുക്കുവാൻ സാധിക്കുകയുള്ളു. അവിടെയാണ് നമ്മുടെ വിജയം. സുഗന്ധവിളകളുടെ ഉൽപാദനത്തിലും മറ്റും നാം ആർജിക്കുന്ന സമ്പത്ത് അന്യസംസ്ഥാനങ്ങൾക്കും മറ്റു പ്രദേശങ്ങൾക്കും നൽകേണ്ട അവസ്ഥക്ക് മാറ്റം വരുത്തുന്നതിലാണ് നമ്മുടെ പുരോഗതി എന്നു ചുരുക്കമായി പറയാം.

ഈ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ നമുക്കു വ്യക്തമാകുന്ന കാര്യം പഞ്ചായത്ത് വികസന രൂപരേഖ തയ്യാറാക്കുമ്പോൾ കൃഷിക്കും അനുബന്ധ മേഖലകൾക്കും മുൻഗണന നൽകേണ്ടതാണ് എന്ന വസ്തുത. ഇതാണ് കാർഷിക മേഖലയ്ക്ക് പരമ പ്രാധാന്യം നൽകി വികസന രേഖ തയ്യാറാക്കുവാൻ നമുക്ക് പ്രചോദനം.

നിർദ്ദേശങ്ങൾ

1. നാണ്യവിളകൾ സംരക്ഷിക്കുകയും, പരിപോഷിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം. കൃഷിക്കുപയുക്തമായ തരിശുഭൂമികളും മറ്റും കണ്ടെത്തി ഭക്ഷ്യോൽപാദനവും അനുയോജ്യമായ സ്ഥലങ്ങളിൽ മറ്റു ലാഭകരമായ കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.
2. കാർഷികമേഖലയെയും കാർഷികവൃത്തിയെപ്പറ്റിയും ജനങ്ങൾക്ക് ശരിയായ ബോധവൽക്കരണം നടത്തേണ്ടതാണ്. കാർഷികവൃത്തികളുടെ മാന്യതയും സാധ്യതകളും ജനങ്ങൾക്ക് പ്രത്യേകിച്ച് യുവജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കേണ്ടതാണ്.
3. മേൽത്തരം നടീൽവസ്തുക്കൾ ഉപയോഗപ്പെടുത്തുകയും ശാസ്ത്രീയകൃഷിരീതികളുടെ നല്ലവശങ്ങൾ സ്വീകരിക്കുകയും ചെയ്ത് ഉൽപാദനക്ഷമതയും തദ്വാര ഉൽപാദനവും വർദ്ധിപ്പിക്കുക.
4. ശാസ്ത്രീയമായും സൂക്ഷ്മമായും പ്രവർത്തിച്ച് ഉൽപാദനച്ചിലവ് കുറയ്ക്കുക.
5. ഉപോൽപന്നങ്ങളുടെ കണ്ടെത്തൽ. ഓരോ ഉൽപന്നത്തിനും നാം അറിഞ്ഞും അറിയാതെയും പല ഉപോൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ട്. അവ കൂട്ടായ ചർച്ചകളിലൂടെയും, പഠനങ്ങളിലൂടെയും കണ്ടെത്തി ഉപയോഗപ്പെടുത്തി ലാഭം വർദ്ധിപ്പിക്കുക.
6. കാർഷികഉൽപന്നങ്ങളുടെ വിപണനത്തിലെ പോരായ്മകളാണ് കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. ഈ പ്രശ്നപരിഹാരത്തിന് സഹകരണ-സംരക്ഷണ-വിപണന ശാലകളുടെ സ്ഥാപനവും പ്രവർത്തനവും ഏറ്റവും നല്ല മാർഗ്ഗമാണ്. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാം എന്നതാണ് ഇതിന്റെ പ്രധാന മേന്മ. ലഭിക്കാവുന്ന ഉയർന്നവില കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഇതുമൂലം സംജാതമാകും.
7. വിളവെടുപ്പിനുശേഷവും മറ്റും ഭൂമിതരിശിടാതെ അനുയോജ്യമായ ഇടവിളകൾ

കണ്ടെത്തി കൃഷി ചെയ്യുക.

8. പഴം - പച്ചക്കറി കൃഷി മേഖലയിൽ സ്വയംപര്യാപ്തത നേടുക. ഇടവിള കൃഷിയായും തനിവിളയായും പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. നമ്മുടെ മണ്ണും കാലാവസ്ഥയും പച്ചക്കറി കൃഷിക്ക് വളരെ അനുയോജ്യമാണ്. ജലസേചനത്തിന്റെ പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞാൽ പച്ചക്കറി കൃഷി പൂർണ്ണ വിജയത്തിൽ എത്തും എന്ന കാര്യത്തിൽ ആശങ്കവേണ്ട.

   ഒരോ കുടുംബവും അവർക്കാവശ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൽപാദിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ തീവ്രയത്ന പരിപാടി സംഘടിപ്പിക്കാം. ഈ രംഗത്ത് നമുക്ക് സ്വയം പര്യാപ്തത കൈവരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ചർച്ച ചെയ്തു കണ്ടുപിടിക്കാം.

9. മണ്ണിന്റെ ഫലഭൂയിഷ്ഠത ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. കയ്യാലകൾ, വൃക്ഷത്തൈകളുടെ കൂടുതലായുള്ള നടീൽ ശാസ്ത്രീയ കൃഷി രീതികൾ എന്നിവമൂലം മണ്ണൊലിപ്പ് തടയാം. രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് ജൈവവളങ്ങളുടെ ഉൽപാദനവും ഉപയോഗവും പ്രചരിപ്പിക്കണം. പച്ചിലവളം ലഭ്യമാക്കുന്നതിന് ശീമക്കൊന്ന പോലെയുള്ള സസ്യങ്ങൾ വേലികളായും തരിശുസ്ഥലങ്ങളിലും മറ്റും കൃഷി ചെയ്യാം. കമ്പോസ്റ്റ് നിർമ്മാണവുംഉപയോഗവും പ്രോത്സാഹിപ്പിക്കണം. കാർഷികാനുബന്ധപ്രവർത്തനമായി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാം. ഇതു വഴി ജൈവവളവും കർഷകന് വർദ്ധിച്ച വരുമാനവും ഉറപ്പുവരുത്താനാവും

10. മണ്ണുപരിശോധന നടത്തി വളപ്രയോഗം നടത്തിയാൽ ഉൽപാദന ചിലവ് വലിയ പരിധിവരെ കുറയ്ക്കാൻ കഴിയും.

11. കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തുക. ഇതുവഴി സമയലാഭം, കൂലിച്ചിലവ് കുറയ്ക്കൽ, തൊഴിലാളികളുടെ അഭാവം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കൽ, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്താനാവും. യന്ത്രോപകരണങ്ങളുടെ ശരിയായ ലഭ്യത ഉറപ്പുവരുത്തുവാൻ ശ്രമിക്കണം.

12. വിള ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റി കർഷകരെ ബോധവാന്മാരാക്കേണ്ടതാണ്. ശരിയായ ബോധവൽക്കരണം ഈ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്. സൗജന്യ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

13. കൃഷിഭവനിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ എല്ലാ പ്രദേശത്തും എല്ലാവിഭാഗം ജനങ്ങളിലും എത്തുന്നതിന് നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ജനകീയ സമിതികൾ നല്ലനിലയിൽ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കണം.

14. കാർഷികസമിതികൾ വിഭാഗീയ ചിന്താഗതികൾ ഒഴിവാക്കി കർഷകരുടെ ശക്തമായ കൂട്ടായ്മകളിലൂടെ ഊർജ്ജസ്വലമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കാം.

15. കാർഷിക രോഗങ്ങൾ നിയന്ത്രിക്കുന്നതിന് കൂട്ടായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാം. രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് സംയോജിത കീടരോഗനിയന്ത്രണപദ്ധതി ചർച്ചകളിലൂടെയും പഠനങ്ങളിലൂടെയും ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. ജൈവകീടനാശിനികളുടെ ഉപയോഗം ഈ കാര്യത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഉദാഹരണമായി വേപ്പു കൃഷി പ്രോൽസാഹിപ്പിക്കാം. വേപ്പെണ്ണ, പിണ്ണാക്ക് എന്നിവ നല്ല ജൈവ കീടനാശിനികളാണ്.

16. പുതിയ കൃഷിരീതികൾ കണ്ടെത്തി പരിപോഷിപ്പിക്കുക ഇന്നത്തെ സാഹചര്യത്തിൽ ആദായകരമായ ഔഷധസസ്യ കൃഷി, പൂ കൃഷി, കൂൺ കൃഷി മുതലായവ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാം. നിലവിലുള്ള കൃഷിരീതിയിൽ മാറ്റം വരുത്താതെതന്നെ ഇവ ചെയ്യാൻ പറ്റും എന്നത് എടുത്തു പറയേണ്ട കാര്യമാണ്.

17. കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് നടപ്പിലാക്കിയാൽ മാത്രമേ അവർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കൃഷിക്ക് ഉപയോഗപ്പെടുത്തി കൃഷി വിപുലീകരിക്കുവാൻ സാധിക്കുകയുള്ളു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

18. വനമേഖലയോടു ചേർന്നു കിടക്കുന്നതിനാൽ കാട്ടുപന്നി, എലി, മുയൽ എന്നിവയുടെ ആക്രമണം പഞ്ചായത്തിലെ കൃഷിക്ക് ഭീഷണിയാണ്. ആയതിനാൽ കേരളാ തമിഴ്നാട് അതിർത്തിയിലുള്ള കൃഷിയിടങ്ങളിൽ മുള്ളുവേലി സ്ഥാപിച്ചാൽ കാട്ടുപന്നികളുടെ ഉപദ്രവം കുറയ്ക്കാനാവും. ഒരു തീവ്ര എലി നശീകരണ പരിപാടി കൂട്ടായി നടപ്പിലാക്കാവുന്നതാണ്.

ചുരുക്കത്തിൽ ഭൂമി - സസ്യം - മനുഷ്യൻ എന്ന ഉൽപാദന ശൃംഘല, ഭൂമി - സസ്യം - മൃഗം - മത്സ്യം - മനുഷ്യൻ എന്ന ശൃംഘലയിലേക്ക് വികസിക്കുന്ന ഒരു കാർഷിക വികസന പദ്ധതിയാണ് നമുക്കാവശ്യം.

(സ്ഥിതി വിവരക്കണക്കുകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചത്)

റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ കെ. എം. ജോസഫ്
ശ്രീ പി. എ. ജോൺ
ശ്രീ എ. റ്റി. തോമസ്

**

5.2

മൃഗസംരക്ഷണവും, ക്ഷീരവിപണനവും, മത്സ്യകൃഷിയും

ആമുഖം

കാർഷിക മേഖലയിൽ മുന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഉള്ള ജനങ്ങളുടെ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. കാർഷിക വിളകളുടെ ഉൽപാദന രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി പ്രതിസന്ധികൾ (ഗാട്ടുകരാർ, വളത്തിനു വില കൂടിയത്, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, സംഭരണം, വിപണനം, വിതരണം തുടങ്ങിയ മേഖലകളിലെ സർക്കാരിന്റെ ഇടപെടൽ കുറവ്, പ്രകൃതിക്ഷോഭം തുടങ്ങിയവ) മൃഗസംരക്ഷണ രംഗത്തേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുവാനും, ഒരു ജീവിതവൃത്തി എന്നതിലുപരി ഒരു ആദായ മാർഗ്ഗമായി അതിനെ കാണുവാനും ഇടയാക്കി. തന്നെയുമല്ല കുറഞ്ഞ മുതൽമുടക്കിൽ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുവാനും ഇതു സഹായിക്കുന്നു.

ഭാരം വലിക്കുന്നതിനും നിലം ഒരുക്കുന്നതിനുമായി മൃഗശക്തി ഉപയോഗിക്കുന്നത് വളരെ കുറഞ്ഞ അളവിൽ മാത്രമാണ്. കാരണം പുതിയ തലമുറ ഇത്തരം ജോലികളിൽ നിന്നും വിട്ടുനിൽക്കുന്നു. പേവിഷബാധ തടയുന്നതിനുവേണ്ടി നിലവിലുള്ള സ്കീമുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തക്കവണ്ണം ജനങ്ങൾ ബോധവാന്മാരല്ല. ഇപ്പോഴത്തെ സ്ഥിതി പരിശോധിച്ചാൽ മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത് സ്ത്രീകളാണ്. പുരുഷന്മാർ ഒരുപരിധിവരെ ഈ രംഗത്തുനിന്നും വിട്ടുനിൽക്കുന്നതുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുവാനും, വളർച്ച നിരക്ക് പൂർണ്ണമായ തോതിൽ ഉയർത്തുവാനും സാധിക്കുന്നില്ല. മൃഗസംരക്ഷണമേഖല എന്നാൽ പാലുല്പാദനം മാത്രമാണ് എന്ന അബദ്ധ ധാരണ എങ്ങനയോ ജനങ്ങൾക്കിടയിൽ കടന്നുകൂടിയിട്ടുണ്ട്. ഇതും മാറേണ്ടിയിരിക്കുന്നു. ഇത്രയൊക്കെയായാലും ഈ പഞ്ചായത്തിൽ 19% ഓളം പ്രതിശീർഷ വരുമാന വർദ്ധന ഈ മേഖലയിൽ നിന്നും വരുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

മൃഗാശുപത്രി

1969-ൽ ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രമായി തുടങ്ങിയ ഈ സ്ഥാപനം പിന്നീട് വെറ്റിനറി ഡിസ്പൻസറിയായും, 1996-ൽ വെറ്റിനറി ഹോസ്പിറ്റലായും ഉയർത്തുകയും ചെയ്തു. ഒരു സീനിയർ വെറ്റിനറി സർജൻ ഉൾപ്പെടെ 4 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നു. ഈ പഞ്ചായത്തിൽതന്നെ ചക്കുപള്ളം, പടിഞ്ഞാറേ ചക്കുപള്ളം എന്നിവിടങ്ങളിൽ ഓരോ ഉപകേന്ദ്രങ്ങൾ കൂടി പ്രവർത്തിക്കുന്നുണ്ട്. വളർത്തുമൃഗങ്ങളുടെ അംഗസംഖ്യ കണക്കിലെടുത്താൽ മരുന്നുകളുടെ ഉപയോഗവും ലഭ്യതയും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടാറില്ല.

മൃഗാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് കൈവശമുള്ള ഭൂമിയും കിണർ കുഴിച്ച് ജലലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ജീവനക്കാർക്ക് താമസസൗകര്യം ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും വിസ്തൃതിയും കണക്കിലെടുത്താൽ മൃഗാശുപത്രിക്ക് സ്വന്തമായ ഒരു വാഹനം അനുവദിക്കേണ്ടതും, ഫോൺ സൗകര്യം ഉണ്ടാകേണ്ടതുമാണ്.കാലപ്പഴക്കം കൊണ്ട് ചോർന്നൊലിക്കുന്ന ഇപ്പോഴത്തെ കെട്ടിടം യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കേണ്ടതാണ്.

പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതി ക്കാലത്ത് നടത്തിയ സ്കീമുകൾ

1) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

277 ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. ഇപ്പോഴും ഈ പദ്ധതി കൊണ്ട് 175 കർഷകർക്ക് ഗുണം ലഭിച്ചുകൊണ്ടിരിക്കുന്നു. കന്നുകുട്ടികളെ ദത്തെടുക്കുന്നതു വഴി അവ നേരത്തെതന്നെ പ്രായപൂർത്തിയാവുകയും ഉൽപാദനം ആരംഭിക്കുകയും ചെയ്തു എന്നതാണ് ഇതിന്റെ പ്രത്യേകത.

2) മാസ്സീവ് ലൈവ്സ്റ്റോക്ക് ബ്രീഫിങ് പ്രോഗ്രാം 235 ഓളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആണ് മൃഗങ്ങളുടേയും കോഴിക

ളുടേയും അംഗസംഖ്യ വർദ്ധിപ്പിക്കുവാൻ ഈ പദ്ധതിക്കുകഴിഞ്ഞു.

3) ഏകദേശം 2000ത്തോളം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് തക്കസമയത്തുള്ള ശരിയായ ദിശയിലുള്ള പരിചരണത്തിലൂടെയും, ചികിത്സയിലൂടെയും ബോധവൽക്കരണ പരിപാടിയിലും കൂടി ഉൽപാദന വളർച്ച ഉണ്ടാക്കുവാൻ ഈ പദ്ധതി സഹായിച്ചിട്ടുണ്ട്.

4) രോഗ പ്രതിരോധ പദ്ധതി

കുളമ്പുരോഗം, കാലിവസന്ത, കരിങ്കാൽ, കരളടപ്പൻ തുടങ്ങിയ സാംക്രമികരോഗങ്ങളെ ഫലപ്രദമായി തടയുന്നതിന് ഈ പദ്ധതി സഹായിച്ചിട്ടുണ്ട്. ഏകദേശം 4000 ത്തിലധികം കർഷകർ ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി. അതുവഴി പഞ്ചായത്തിലെ കാലിസമ്പത്തിന്റെ ചോർച്ച തടയുവാൻ സാധിച്ചു.

5) പേ വിഷ നിർമാർജ്ജന നടപടി

ഈ പദ്ധതിയുടെ ഗുണം ഏകദേശം 400 ഓളം കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. എന്നാലും ഈ രംഗത്ത് വേണ്ട രീതിയിലുള്ള പ്രവർത്തനം നടത്തിയിട്ടില്ല.

6) അടുക്കള മുറ്റത്തെ കോഴിവളർത്തൽ

1473 പേർക്ക് ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ ലഭിച്ചിട്ടുണ്ട്. അതുവഴി ഈ പഞ്ചായത്തിലെ മുട്ട ഉൽപാദനം വളരെയധികം ഉയർന്നിട്ടുണ്ട്.

7) SC/ST വിഭാഗം വേണ്ടത്ര പരിഗണിക്കപ്പെട്ടില്ല.

പാലുല്പാദന രംഗം

ഉല്പാദനക്ഷമത കണക്കാക്കി, സമീകൃതാഹാരത്തിനാവശ്യമായ കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിയാൽ മാത്രമേ പാൽ ഉൽപാദനം ലാഭകരമാകുകയുള്ളു. നല്ലയിനം കന്നുകുട്ടികളെ കണ്ടുപിടിച്ച് ശരിയായ സംരക്ഷണം കൊടുത്താൽ മാത്രമേ ഉല്പാദനം വർദ്ധിക്കുകയുള്ളു. കന്നുകുട്ടിപരിപാലന പദ്ധതി ഇവിടെ പ്രത്യേകം ഓർക്കേണ്ടതാണ്. ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി ഇന്നു നിലവിലുള്ള ബ്രീഡിംഗ് പോളിസി പൊളിച്ചെഴുതണം. ഉയർന്ന പാലുല്പാദന ജീനുസുകളിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിച്ച് കൃത്രിമ ബീജസങ്കലനം നടത്തണം. ദിവസം 25 മുതൽ 30 ലിറ്റർ വരെ പാൽ കറക്കുന്ന പശുക്കളെ ധാരാളമായി നമ്മുടെ അടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ കാണാം. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ശരാശരി ഉല്പാദനം ഒരു പശുവിൽനിന്നും ദിവസം 8 മുതൽ 10 വരെ ലിറ്റർ മാത്രമാണ്. ഉല്പാദനക്ഷമത കൂടിയ പശുക്കളേയും കന്നുകുട്ടികളേയും ഇറക്കുമതി ചെയ്യേണ്ട ആവശ്യകതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നു. ധനകാര്യസ്ഥാപനങ്ങളുടെ സഹകരണം ഇതിന് വളരെയധികം ആവശ്യമാണ്. ശാസ്ത്രീയമായ രീതിയിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുതകും വിധം പഞ്ചായത്തുതലങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനൊപ്പം തന്നെ കർഷകരിൽ ഇവ നേരിട്ട് പോയി കണ്ടുപിടിക്കുന്നതിനുതകും വിധം യാത്രാ പരിപാടികളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. വറുതി കാലങ്ങളിൽ തീറ്റപ്പുല്ലിന്റെ അഭാവം പരിഹരിക്കുന്നതിനാവശ്യമായ കൃഷിരീതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു. ഈ അടുത്ത കാലത്തായി മൃഗസംരക്ഷണമേഖലയിൽ ലാഭം മാത്രം ലാക്കാക്കി കടന്നു കയറിയിട്ടുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വേണ്ടിവന്നാൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനു വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപവൽകരിക്കേണ്ടതാണ്.

മാംസ ഉൽപാദനരംഗം

നാൾക്കുനാൾ ഉപയോഗം കൂടിക്കൊണ്ടിരിക്കുന്ന ഒരു രംഗമാണ് മാംസ ഉൽപാദനരംഗം. പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോൾ. ആട്, പന്നി, മുയൽ, കാട, ടർക്കി, താറാവ്, ഇറച്ചികോഴി തുടങ്ങിയവയെ വളർത്തുന്ന ചെറിയ ചെറിയ യൂണിറ്റുകൾ ആരംഭിക്കുയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ധനകാര്യസ്ഥാപനങ്ങൾ കുറഞ്ഞ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്. ഇവയുടെ കുഞ്ഞുങ്ങളെ യഥാസമയം ലഭ്യമാക്കുകയും വേണം. ഇറച്ചിക്കു വേണ്ടിയുള്ള മൂരിക്കിടാവിനെ വളർത്തലും, പോത്തിൻകിടാങ്ങളെ വളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്. മേഖലാടിസ്ഥാനത്തിൽ ഇറച്ചിസംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതുവഴി തൊഴിൽ മേഖല വികസിക്കുവാനും അനുബന്ധ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ലഭിക്കുകയും ചെയ്യും. തുകൽ നിർമ്മാണം, എല്ലുപൊടി നിർമ്മാണം, ജീവൻരക്ഷാ ഔഷധങ്ങളുടെ നിർമ്മാണം തുടങ്ങിയവ ഇതിൽ പെടുന്നു.

സ്കൂൾ കുട്ടികൾക്ക് മൃഗസംരക്ഷണ രംഗത്ത് താല്പര്യം ഉണ്ടാകുന്നതിനു വേണ്ടി വിദ്യാലയങ്ങളിൽ ആട്, പന്നി, കോഴി മുതലായവയുടെ കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

മുട്ട ഉൽപാദനം

ഇറച്ചിയുടെ കാര്യത്തിൽ എന്നപോലെതന്നെ മുട്ടയുടെ കാര്യത്തിലും ഉൽപാദനവും ഉപഭോഗവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുട്ട ഉൽപാദനം വർ

ദ്ധിപ്പിക്കുന്നതിനു വേണ്ടി അത്യുല്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി കോഴിവളർത്തൽ നഴ്സറികൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കേണ്ടതാണ്. ജില്ലാ തലത്തിൽ നിലവിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളുടെ ശേഷി വർദ്ധിപ്പിക്കുകയോ പുതിയവ തുടങ്ങുകയോ വേണം.

ബയോഗ്യാസ് പ്ളാൻറുകൾ തുടങ്ങുകവഴി ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുകയും, ജൈവവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യാം. കംപോസ്റ്റ് വളം നിർമ്മാണം സൈലേജ് നിർമ്മാണം തുടങ്ങിയവയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സഹകരണ അടിസ്ഥാനത്തിൽ ഫാമുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുകയും വേണം.

ഇൻഷ്വറൻസ് പദ്ധതി

വളർത്തുമൃഗങ്ങളുടെ ആകസ്മികമായ മരണം മൂലം കർഷകന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും മനോവിഷമവും ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്തിലുള്ള മുഴുവൻ വളർത്തുമൃഗങ്ങളേയും ഇൻഷ്വറൻസ് പരിരക്ഷ നൽകേണ്ടതാണ്. ഉൽപാദനാവസ്ഥയിലുള്ള ഒരു പശു അല്ലെങ്കിൽ ഉല്പാദനം തുടങ്ങാറായ ഒരു പശുക്കുട്ടിയോ കിടാവോ പെട്ടെന്നു ചത്തുപോയാൽ ആ സ്ഥാനത്ത് വേറെ ഒന്ന് വളർത്തിയെടുക്കുവാൻ ഉള്ള കാലതാമസം ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതാണ്.

പേ വിഷ നിർമ്മാർജന പദ്ധതി

പേ വിഷനിർമ്മാർജന പദ്ധതി ഒരു ജനകീയ പദ്ധതിയായി വളരേണ്ടിയിരിക്കുന്നു. ഇത് ഒരു പൊതുജനാരോഗ്യ പ്രശ്നമായി കാണേണ്ടിയിരിക്കുന്നു. ഉടമസ്ഥനില്ലാത്തതും ലൈസൻസില്ലാത്തതുമായ നായ്ക്കളെ നശിപ്പിക്കുകയാണ് ഇതിൻെറ ആദ്യ ഘട്ടം. പഞ്ചായത്തിലുള്ള മുഴുവൻ നായകൾക്കും കുത്തിവയ്പ്പു നൽകുകവഴി ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

വന്ധ്യതാനിവാരണം

ഉല്പാദനം ഇല്ലാത്ത സമയങ്ങളിൽ കന്നുകാലികൾക്ക് പോഷക സമൃദ്ധമായ ആഹാരം ലഭിക്കാത്തതും കാലിത്തീറ്റയിലെ ധാതു ലവണ മിശ്രിതങ്ങളുടെ കുറവുമാണ് വന്ധ്യതയ്ക്ക് പ്രധാന കാരണമായി ഈ പഞ്ചായത്തിൽ ചൂണ്ടികാണിച്ചിട്ടുള്ളത്. കർഷകരുടെ ഇടയിൽ ഇതിനാവശ്യമായ ബോധവത്കരണം നടത്തുകയും ധാതു ലവണമിശ്രിതങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയും ആണ് ഇതിനുള്ള പരിഹാരം.

കന്നുകുട്ടികളെ വിരശല്യത്തിൽ നിന്നും രക്ഷിക്കുന്നതിനാവശ്യമായ മരുന്നുകൾ മൃഗാശുപത്രി വഴി ലഭ്യമാക്കേണ്ടതാണ്. കാരണം കന്നുകുട്ടികളുടെ വളർച്ചയുടെ ഒരു പ്രധാന ഘട്ടം അതിൻെറ ബാല്യകാലം തന്നെയാണ്.

സംക്ഷിപ്തം

സംസ്ഥാനത്തെ പലഭാഗങ്ങളിലും മൃഗസംരക്ഷണ മേഖലയിൽ നിന്നും കർഷകർ വിടപറഞ്ഞുകൊണ്ടിരിക്കുന്ന ഈ അവസരങ്ങളിൽ, നാൾക്കുനാൾ ചെല്ലുമ്പോൾ കൂടുതൽ കൂടുതൽ കർഷകർ മുഖ്യതൊഴിലായി കന്നുകാലി വളർത്തലിനെ കാണുന്ന ചക്കുപള്ളം പഞ്ചായത്തിൻെറ ഒരു ഡയറി പഞ്ചായത്തായി പ്രഖ്യാപിക്കേണ്ടതാണ്.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെയും വളർത്തുപക്ഷികളുടേയും ഇപ്പോഴത്തെ എണ്ണം

ക്രമം	മൃഗങ്ങളുടെ ഇനം	എണ്ണം
1	പശു	12,714
2	എരുമ	300
3	കാള	200
4	പോത്ത്	1500
5	കന്നുകുട്ടികൾ	2,110
6	ആട്	650
7	മുയൽ	ലഭ്യമല്ല
8	പന്നി	475
9	കോഴി	4,700
10	താറാവ്	230

ക്ഷീരവിപണനം

മൃഗസംരക്ഷണവും, ക്ഷീരവിപണനവും പഞ്ചായത്തിൻേറതായി മാറിയിട്ടുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ നല്ലയിനം വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്ന ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് ചക്കുപള്ളം

1980 ന് മുൻപ് കരിമ്പുകൃഷി ആയിരുന്നു ഇവിടുത്തെ കർഷകരുടെ പ്രധാന വരുമാനമാർഗ്ഗം.

ഉല്പന്നത്തിന്റെ വിലക്കുറവ് ഈ കൃഷി നിർത്തുവാൻ കാരണമായി . കൃഷിഭൂമി തീരെ വളക്കൂറ് ഇല്ലാത്തതായിരുന്നു. 1980 ന് ശേഷം കേരള കന്നുകാലി വികസന ബോർഡ് മിൽമാ വില്ലേജായി പഞ്ചായത്ത് ഏറ്റെടുത്തുകൊണ്ട് വാട്ടർ ഷെഡ് പ്രോഗ്രാം വഴി കന്നുകാലി കൂട് നിർമ്മാണം, മൺ കയ്യാല നിർമ്മാണം, കന്നുകുട്ടി പരിപാലന പദ്ധതി, പുൽകൃഷി എന്നിവയിലൂടെ കൃഷി ഭൂമിയുടെ ഫല പുഷ്ടി വർദ്ധിപ്പിക്കുന്നതിനും, കന്നുകാലി വളർത്തൽ വ്യാപിപ്പിക്കുന്നതിനും അതുവഴി കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടക്കുന്നതിനും സാധിച്ചു. മിക്കവാറും എല്ലാ കുടുംബാംഗങ്ങളും കന്നുകാലി വളർത്തൽ ഉപതൊഴിലായി സ്വീകരിക്കുന്നതിനും കാരണമായി.

കർഷകൻ ഉല്പാദിപ്പിക്കുന്ന പാൽ ശേഖരിക്കുന്നതിനും, വിറ്റഴിക്കുന്നതിനും സഹകരണസംഘങ്ങൾ ഉണ്ടായി. സംഘങ്ങൾ സംഭരിക്കുന്ന പാലിന് കർഷകർക്ക് കൃത്യമായി വില കൊടുക്കുവാൻ സാധിച്ചതിനാലും കന്നുകാലി വളർത്തലിന് മറ്റ് ആനുകൂല്യങ്ങൾ ലഭിച്ചതിനാലും ഈ രംഗത്തേക്ക് അനേകം കർഷകർ കടന്നു വന്നു. ധനകാര്യസ്ഥാപനങ്ങളുടെ പങ്ക് പ്രത്യേകം സ്മരണീയമാണ്. പഞ്ചായത്തിലിപ്പോൾ അഞ്ച് ആപ് കോസ് സൊസൈറ്റികളും മൂന്ന് സ്വകാര്യ സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. 12,500/- ലിറ്ററോളം പാൽ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. 3500/- ഓളം കുടുംബാംഗങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. 4000/- ലിറ്ററോളം പാൽ പ്രാദേശികമായി ഉപയോഗിക്കുന്നു. ബാക്കി പുറത്തേക്ക് വിറ്റഴിക്കുന്നു. പ്രതിദിനം 100000/- ൽ രൂപയോളംപരം പാൽ വിലയായി പുറത്തുനിന്ന് ഈ പഞ്ചായത്തിൽ എത്തിച്ചേരുന്നു.

ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീരോല്പന്നനിർമ്മാണം, മാതൃക കാലിത്തൊഴുത്ത് നിർമ്മാണം, മാതൃക ഡയറിഫാം യൂണിറ്റ്, പുൽകൃഷി വികസനം, ചോളകൃഷി വികസനം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പരിമിതമായ വിതരണ സംവിധാനവും ആവശ്യക്കാർ കൂടുതൽ ഉള്ള അവസ്ഥയുമാണ് ഉള്ളത്. കൂടാതെ പ്രയോജന പ്രദമായ രീതിയിൽ ഉപഭോഗപ്പടുത്തുന്നതിനുള്ള കർഷകരുടെ അജ്ഞതയും നിലനിൽക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വിപണന സംഘങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥലം
1	അണക്കര ക്ഷീരോല്പാദന സഹകരണസംഘം	അണക്കര പി. ഒ.
2	ചെല്ലാർകോവിൽ ക്ഷീരോല്പാദന സഹകരണസംഘം	ചെല്ലാർകോവിൽ പി.ഒ.
3	ചക്കുപള്ളം ക്ഷീരോല്പാദന സഹകരണ സംഘം	6-ാം മൈൽ (ചക്കുപള്ളം പി. ഒ.)
4	പടിഞ്ഞാറേ ചക്കുപള്ളം ക്ഷീരോല്പാദന സഹകരണസംഘം	ചക്കുപള്ളം പി.ഒ.
5	ആനവിലാസം ക്ഷിരോല്പാദന സഹകരണ സംഘം	ആനവിലാസം പി. ഒ.
6	മലനാട്, മിൽക്ക് സൊസൈറ്റി	അണക്കര പി. ഒ.
7	മലനാട് മിൽക്ക് സൊസൈറ്റി	(1-ാം മൈൽ) ചെല്ലാർകോവിൽ
8	മലനാട് മിൽക്ക് സൊസൈറ്റി	ചെല്ലാർകോവിൽ പി.ഒ.

പഞ്ചായത്തിൽ 200ന് മേൽ ഗ്യാസ് പ്ളാൻറുകൾ നിലവിലുണ്ട് ഇതിൽ കുറച്ചുമാത്രം പ്രവർത്തനക്ഷമത ഇല്ലാത്തതാണ്. കൂടുതൽ പ്ളാൻറുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും ഇതു സംബന്ധിച്ച് കർഷകർക്കുള്ള അജ്ഞതയും വായ്പാ ലഭ്യതയുടെ അപര്യാപ്തതയും പ്രധാന തടസ്സങ്ങളാണ്. ഒരു വീട്ടിലെ പാചകത്തിനും, വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം പ്ളാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. ഗ്യാസ്പ്ളാൻറ് നിർമാണത്തിന് കൃഷി വകുപ്പും, എം.ഡി. എസ്. പോലെയുള്ള സന്നദ്ധസംഘടനകളും രംഗത്തുള്ളതിനാൽ കൂടുതൽ കർഷകർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

കൃഷിക്കാവശ്യമായ ജൈവ വളത്തിന് വലിയ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി (പ്രത്യേകിച്ച് നെല്ല്) ലാഭകരമല്ലാതായതോടെ കാലി വളർ

ത്തലിൽ മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു.

കാലിത്തീറ്റയുടെ ദൗർലഭ്യമാണ് കന്നുകാലിവളർത്തുകാർ നേരിടുന്ന വലിയ ഒരു പ്രശ്നം. മേച്ചിൽസ്ഥലം ഒട്ടും ഇല്ല. കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകളുടെ വർദ്ധനവോടുകൂടി പുൽകൃഷിയുടെ അളവ് കുറഞ്ഞു. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വൈക്കോലിനും വലിയ ക്ഷാമമാണ്. തമിഴ്നാട്ടിൽനിന്നും വൈക്കോൽ വൻതോതിൽ ഇറക്കുമതി ചെയ്യുകയാണ്. കാലിവളർത്തലിൽ നിന്ന് ലഭിക്കുന്ന വരുമാനവുമായി തുലനം ചെയ്യുമ്പോൾ എല്ലാ കർഷകർക്കും വൻ തോതിൽ നഷ്ടം സംഭവിക്കുന്നു.

ആട്, പന്നി, മുയൽ

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും ആടുവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ കാർഷിക മേഖലയിൽ വന്ന മാറ്റം മൂലം പൊതുവെ ആടുവളർത്തൽ കുറവാണ്. ഗുണമേൻമയേറിയ നല്ലയിനം ആടുകൾ പ്രചാരത്തിലുണ്ടെങ്കിലും എല്ലാ കർഷകർക്കും അതു ലാഭകരമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

മുൻകാലങ്ങളെ അപേക്ഷിച്ച് ശാസ്ത്രീയ രീതിയിൽ പന്നി വളർത്തലിൽ കർഷകർക്ക് താത്പര്യമുണ്ട്. മൃഗസംരക്ഷണ വകുപ്പിൽനിന്നും ലഭിക്കുന്ന പരിമിതമായ സഹായം മാത്രമേ ഇപ്പോൾ ലഭ്യമുള്ളൂ. വൻ തോതിൽ വിപണന സാധ്യതയുള്ള ഒരു ഉപതൊഴിലാണ് പന്നി വളർത്തൽ. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെയും വായ്പാ സൗകര്യവും ലഭ്യമാക്കിയാൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് കടന്നുവരാൻ തത്പരരാണ്.

മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ അന്യം നിന്നുപോയ സ്ഥിതിയാണ് ഇന്നുള്ളത്.ഇറച്ചിക്കു വേണ്ടി വൻതോതിൽ കോഴികളെ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ആവശ്യമായ മുട്ടയുടെ 99% തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരികയാണ്. കോഴിവളർത്തലിന് വൻസാധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വീടുകളിൽ ചെറിയ യൂണിറ്റായും വ്യവസായ അടിസ്ഥാനത്തിലും കോഴിവളർത്തലിന് പ്രാധാന്യം കൊടുക്കേണ്ടതാണ്.

മുയൽ വളർത്തൽ വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിയും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

മത്സ്യകൃഷി

പഞ്ചായത്തിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ നാമമാത്ര സ്വകാര്യകുളങ്ങൾ ഒഴിവാക്കിയാൽ പൊതുജല സ്രോതസ്സുകളൊന്നും ഇല്ല. ഭക്ഷണത്തിനാവശ്യമായ മത്സ്യം മുഴുവൻ പുറത്തുനിന്ന് എത്തിക്കുകയാണ്. ഇതുമാറി, സ്വകാര്യ ഏജൻസികളെ മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകി വിപണന സൗകര്യം ഏർപ്പെടുത്തിയാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ മത്സ്യം ഇവിടെ ഉല്പാദിപ്പിക്കുവാൻ കഴിയും. കട്ള, രോഹൂ തുടങ്ങിയ ഇനങ്ങൾ ഇവിടുത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായി കൃഷിചെയ്യാൻ പറ്റിയതാണെന്നു തെളിഞ്ഞിട്ടുണ്ട്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്

1. പാലിന് വില കുറവാണ്
2. കാലിത്തീറ്റയ്ക്കു വില കൂടുതലാണ്
3. ഗുണമേന്മയുള്ള കാലിത്തീറ്റയുടെ അഭാവം
4. ആവശ്യമായ വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്
5. മേൽത്തരം പശുക്കളുടെ ലഭ്യതക്കുറവ്
6. മൃഗ ചികിത്സാ രംഗത്തെ അമിതമായ ചെലവ്
7. ചികിത്സാരംഗത്തെ അമിതമായ പരിമിതി
8. ഇൻഷ്വറൻസ് സൗകര്യങ്ങളുടെ അഭാവം
9. കാലിത്തൊഴുത്തുകളുടെ അഭാവം
10. പഞ്ചായത്തിന്റെ 9-ാം വാർഡിൽ ക്ഷീരവിപണനസംഘം പ്രവർത്തിക്കുന്നില്ല
11. പാലുല്പാദനക്കുറവും, ഉല്പാദനചെലവ് കൂടുതലുമാണ്
12. മാതൃക ഡയറി ഫാമുകൾ പ്രവർത്തിക്കുന്നീല്ല
13. മത്സ്യക്കുഞ്ഞുങ്ങളെ യഥാവിധം ലഭ്യമല്ല
14. മത്സ്യകൃഷിയെക്കുറിച്ച് ജനങ്ങളുടെ അജ്ഞത
15. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ നേഴ്സറി ലഭ്യമല്ല
16. കോഴിത്തീറ്റയുടെ വില വളരെ കൂടുതലാണ്
17. കോഴി, മുട്ട എന്നിവയ്ക്കു വിപണന സൗകര്യം ഇല്ല
18. ആവശ്യാനുസരണം നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ലഭ്യമല്ല

19. വായ്പാ സൗകര്യങ്ങളുടെ ലഭ്യതക്കുറവ്

20. ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ കുറവ്

നിർദ്ദേശങ്ങൾ

1. കാർഷിക മേഖലയിൽ ഭക്ഷ്യധാന്യ ഉല്പാദനത്തിന് മുൻഗണന കൊടുക്കണം. എങ്കിൽ മാത്രമേ ഭക്ഷ്യ ഉല്പാദനം വർദ്ധിക്കുന്നതോടൊപ്പം ഉപോല്പന്നങ്ങൾ (കച്ചി, തവിട് മുതലായവ) വർദ്ധിക്കുകയുള്ളു.

2. കൃഷിയോഗ്യമായ തരിശുഭൂമികൾ കണ്ടെത്തി തീറ്റപ്പുൽകൃഷി വൻതോതിൽ നടത്തണം

3. കൃഷിയോടൊപ്പം കയ്യാലകളിലും അതിരുകളിലും കന്നുകാലിത്തീറ്റയ്ക്കുള്ള ചെടികൾ വച്ചു പിടിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

4. ഗുണനിലവാരമുള്ള കാലിത്തീറ്റ അതാതു പ്രദേശത്ത് ഉല്പാദിപ്പിക്കുകയും അവയ്ക്ക് സബ്സിഡി അനുവദിക്കുകയും ചെയ്യണം.

5. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കണം.

6. കന്നുകുട്ടി പരിപാലന പരിപാടി ഊർജ്ജിതപ്പെടുത്തണം.

7. ഉല്പാദന ചെലവിന് അനുസൃതമായി പാലിന്റെ വിലയും വർദ്ധിപ്പിക്കണം.

8. വെറ്റിനറി ആശുപത്രിയിലെ സേവനലഭ്യത മെച്ചപ്പെടുത്തണം.

9. അത്യുല്പാദന ശേഷിയുള്ള നല്ലയിനം പശുക്കളെ വളർത്തി ഉല്പാദന ചെലവ് കുറയ്ക്കുകയും, പാലുല്പാദന ക്ഷമത വർദ്ധിപ്പിക്കുകയും വേണം. അതിനുവേണ്ട സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകണം.

10. ഇറച്ചിക്ക് ആവശ്യമായ മൃഗങ്ങളെ മാത്രം വളർത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

11. ഓരോ കുടുംബത്തിലും ഒരു യൂണിറ്റ് കോഴികളെ വളർത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. ഇതിന്റെ ഭാഗമായി മുട്ടയുടെയും, ഇറച്ചിയുടെയും ഉല്പാദനം വർദ്ധിക്കും.

12. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാനുള്ള നേഴ്സറികൾ ഉണ്ടാവണം.

13. കറവ വറ്റി അടുത്ത പ്രസവം വരെയുള്ള മൂന്ന് മാസക്കാലം പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യണം.

14. ക്ഷീരോല്പന്ന യൂണിറ്റുകൾ കൂടുതൽ ഉണ്ടാക്കുകയും അവയ്ക്ക് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം.

15. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

16. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

17. മുട്ട സൊസൈറ്റി പഞ്ചായത്തിൽ ഉണ്ടാവണം.

18. പേപ്പട്ടി ശല്യം തടയുക, ലൈസൻസ് ഇല്ലാത്തതും, അലഞ്ഞ്തിരിയുന്നതുമായ നായ്ക്കളെ കൊല്ലുക.

19. മുയൽ വളർത്തലിന് പ്രോത്സാഹനം നല്കണം. ഇതുമൂലം തൊഴിൽ സാധ്യത വർദ്ധിക്കും.

20. ക്ഷീരസംഘങ്ങളിൽ പൂർണ്ണമായും രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കണം.

21. ക്ഷീരകർഷകന് പെൻഷൻ പദ്ധതി ഏർപ്പെടുത്തണം.

(സ്ഥിതി വിവരക്കണക്കുകൾ ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭിച്ചത്)

റിപ്പോർട്ട് തയ്യാറാക്കിയത്

1) ഡോ. മാത്യു തോമസ്

2) ശ്രീ കെ. വി. ചാക്കോ

3) ശ്രീ കെ. എം. ജോസഫ്

4) ശ്രീ ഷാജി പി.ബി.

**



പുനരർപ്പണം

5.3

വ്യവസായവും ടൂറിസവും

ഒരു രാജ്യത്തിന്റെ ത്വരിതഗതിയിലുള്ള വികസനം നടപ്പിലാക്കാൻ കഴിയുന്നത് വ്യവസായ മേഖലയുടെ വളർച്ചയിലൂടെയാണ്. കാർഷിക മേഖലയുടെ പുരോഗതി ഒരു രാജ്യത്തെ ദാരിദ്ര്യത്തിൽ നിന്നും രക്ഷിക്കുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ഉയർന്ന നിലവാരത്തിലുള്ള ജീവിതം നയിക്കുവാനും, അനസ്യൂതമായ വികസനം കൈവരിക്കാനും, കുറഞ്ഞ കാലയളവിൽ സാധ്യമാകുന്നത് വ്യവസായ പുരോഗതിക്കാണ്. നിലനിൽക്കുന്ന ശാസ്ത്രസാങ്കേതികമേഖലകളുടെ സഹായവും സഹകരണവും ഉറപ്പുവരുത്തിക്കൊണ്ട് വ്യവസായിക പുരോഗതി കൈവരിച്ചാൽ മാത്രമേ രാജ്യത്തിന്റെ വികസനസ്വപ്നം സാക്ഷാത്കരിക്കാനാവൂ. എന്നാൽ പലപ്പോഴും പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനടിപ്പെട്ട് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയാതെ വരുന്നതും, പ്രവർത്തിക്കുന്ന വൻകിട ചെറുകിട വ്യവസായ യൂണിറ്റുകൾ നിഷ്ക്രിയമാകുന്നതും പതിവ് കാഴ്ചയാണ്.

ഇതിന് കാരണങ്ങൾ പലതാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, തൊഴിൽ പ്രശ്നങ്ങൾ, വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും കാട്ടുന്ന അലംഭാവം, ഉയർന്ന വേതന നിരക്ക്, ഇതിനെല്ലാം ഉപരിയായി വൈദ്യുതി ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഇതെല്ലാം വ്യവസായമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.

ചക്കുപള്ളം പഞ്ചായത്തിൽ ആരംഭം മുതൽ ഇതുവരെ വൻകിട വ്യവസായസ്ഥാപനങ്ങൾ ഉണ്ടായിട്ടില്ല. ചെറുകിട മേഖലയിലെ സ്വകാര്യയൂണിറ്റുകളും ചില മില്ലുകളുമാണ് വ്യവസായ യൂണിറ്റുകൾ. നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ 84 പേർ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നു. 73 പുരുഷന്മാർ, 11 സ്ത്രീകൾ.

ചില പരമ്പരാഗത വ്യവസായങ്ങൾ കൊട്ട, പായ് നെയ്ത്ത്, പപ്പട നിർമ്മാണം, ബീഡിതെറുപ്പ് എന്നിവയാണ്.

ചക്കുപള്ളം പഞ്ചായത്തിൽ കൂടുതലും ഏലത്തോട്ടമായതിനാൽ സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ കൂടുതൽ ജോലിചെയ്യുന്നു. വ്യവസായിക മേഖലയിൽ പുരുഷന്മാർക്കാണ് മുൻതൂക്കം.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	ഇനം	വ്യവസായ യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം സ്ത്രീ	പു	ആകെ
1	അച്ചടി	1	2	1	3
2	ഭക്ഷ്യസംസ്കരണം	3	2	5	7
3	സോഫാനിർമ്മാണം	5	-	10	10
4	തടിമില്ല്	1	-	5	5
5	വസ്ത്രനിർമ്മാണം	2	6	5	11
6	ടയർ വർക്സ്	2	-	4	4
7	ലതർ വർക്സ്	1	-	2	2
8	കുരുമുളക് സംസ്കരണം	1	-	5	5
9	സോപ്പ് നിർമ്മാണം	2	-	3	3
10	കൊപ്രാ സംസ്കരണം	1	-	3	3
11	വിവിധയിനം മില്ലുകൾ	12	5	15	20
12	കാലിത്തീറ്റ	1	-	5	5
13	സിമിന്റ് ഇഷ്ടിക നിർമ്മാണം	2	-	4	4

അവലംബം സെക്കൻറി ഡേറ്റാ

പട്ടിക II

വിവിധ മേഖലയിലെ കൂലിനിരക്കുകൾ

ക്രമനമ്പർ	ഇനം	കൂലി നിരക്ക് പുരുഷൻ	സ്ത്രീ
1	അച്ചടി	60	40
2	ഭക്ഷ്യസംസ്കരണം	70	50

3	സോഡാനിർമ്മാണം	50	-
4	തടിവ്യവസായം	100	-
5	വസ്ത്രനിർമ്മാണം	70	50
6	ടയർ വർക്സ്	100	-
7	ലതർ വർക്സ്	70	-
8	കുരുമുളക് സംസ്കരണം	60	45
9	സോപ്പ് നിർമ്മാണം	60	-
10	കൊപ്രാ സംസ്കരണം	75	-
11	മില്ലുകൾ	50	-
12	കാലിത്തീറ്റ	50	45
13	സിമിൻറ് ഇഷ്ടിക	75	-

(അവലംബം ഗ്രാമസഭാ റിപ്പോർട്ട്)

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ വിദ്യാസമ്പന്നരായ യുവതീ യുവാക്കളിൽ നല്ലൊരുപങ്ക് മറ്റു മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ്. സംസ്ഥാനത്തിൻെറ മറ്റു മേഖലകളിലും അയൽസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമായി 500ഓളം പേർ ജോലി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ ഗണ്യമായ തോതിൽ കുരുമുളകും, ഏലക്കായും, കാപ്പിക്കുരുവും, തേയിലയും ഉത്പാദിപ്പിക്കുന്നു. എങ്കിലും ഈ ഉല്പന്നങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. ഇതിലൊരപവാദമായി അടുത്തകാലത്ത് 6-ാം മൈലിൽ സ്വകാര്യ മേഖലയിൽ ആരംഭിച്ചിട്ടുള്ള കുരുമുളക് സംസ്കരണ ഫാക്ടറി മാത്രമാണുള്ളത്.

കന്നുകാലി വളർത്തൽ മുഖ്യഉപജീവനമായി സ്വീകരിച്ചിട്ടുള്ള ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ കാലിത്തീറ്റ ഫാക്ടറിക്ക് അപാരസാധ്യതയാണുള്ളത്. ആകെയുള്ളത് ചെല്ലാർകോവിലിൽ സ്ഥാപിച്ചിട്ടുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയാണ്. കാർഷിക ഉത്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പ്രദേശത്ത് രാസവളഫാക്ടറിക്ക് നല്ല സാധ്യതയാണുള്ളത്.

ഭവനനിർമ്മാണത്തിൽ മത്സരംതന്നെ നടത്തുന്ന ഇവിടുത്തെ ജനങ്ങൾ ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ തമിഴ്നാട്ടിൽ നിന്നും ജില്ലയുടെ മറ്റു ഭാഗങ്ങളിൽ നിന്നുമാണ് വാങ്ങാറുള്ളത്. ഇഷ്ടിക, സിമൻറ്, ഓട് എന്നിവയുടെ നിർമ്മാണം ഇവിടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇവിടുത്തെ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചു നിർമ്മിക്കാവുന്ന വ്യവസായങ്ങൾ

പട്ടിക III

1. കാലിത്തീറ്റ
2. ചിപ്പ് നിർമ്മാണം
3. കരകൗശല വസ്തുക്കളുടെ നിർമ്മാണം
4. പഴവർഗ്ഗ സംസ്കരണം
5. തടി ഫർണിച്ചറുകൾ
6. മെഴുകുതിരി നിർമ്മാണം
7. ബീഡി നിർമ്മാണം
8. സോപ്പ് നിർമ്മാണം

നിർദ്ദേശങ്ങൾ

1. കരകൗശലരംഗത്തു സമഗ്രമായ പരിശീലനം നൽകുന്നതിന് ഓരു ക്രാഫ്റ്റ് ഡവലപ്മെൻറ് സെൻറർ സ്ഥാപിച്ച് ആവശ്യമായ പരിശീലനം നൽകണം.
2. റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതിയെപ്പറ്റിയും അതിൻെറ വിപണന സാധ്യതകളെപ്പറ്റിയും പഠിപ്പിക്കുന്ന Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിൽ നിന്നും പരിശീലനം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.
3. വ്യവസായ കേരളം എന്ന പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.
4. വ്യവസായരംഗത്ത് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തണം.

ടൂറിസം

ടൂറിസം വികസനരംഗത്ത് വളരെയേറെ സാധ്യതകൾ ഉള്ള പ്രദേശമാണ് ചക്കുപള്ളം പഞ്ചായത്ത്. ലോകപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ തൊട്ടടുത്ത പഞ്ചായത്താണെന്നത് ടൂറിസം വികസനരംഗത്ത് സാധ്യകൾ വർദ്ധിപ്പിക്കുന്നു. കിഴുക്കാം തൂക്കായ കുന്നുകളും താഴ്വാരങ്ങളും മൊട്ടക്കുന്നുകളും പാറക്കൂട്ടങ്ങളും നീർച്ചാലുകളും ആകർഷണീയമായ കൃഷിത്തോട്ടങ്ങളും ഉൾപ്പെടുന്ന ഈ പ്രദേശം ടൂറിസം വികസനരംഗത്ത് ഒരു മുതൽ കൂട്ടാണ്.

തമിഴ്നാട് അതിർത്തിയോട് ചേർന്നു കിടക്കുന്നു എന്നുള്ളത് ടൂറിസം വികസനരംഗത്ത് അനുയോജ്യമായ ഘടകമാണ്. ടൂറിസ്റ്റ് മാപ്പിൽ സ്ഥാനം ഇല്ലാതിരുന്നിട്ടും അനേകം വിദേശടൂറി

സ്റ്റുകൾ ചെല്ലാർകോവിൽ, അരുവിക്കൽ മെട്ട് ഭാഗത്ത എത്തുന്നുണ്ട്. ഈ പ്രദേശങ്ങളിൽ അത്യാവശ്യം വേണ്ട സൗകര്യങ്ങളും ടൂറിസ്റ്റുമാപ്പിൽ സ്ഥാനവും ഏർപ്പെടുത്തിയാൽ ഇവിടെ ടൂറിസ്റ്റുകളുടെ പ്രവാഹംതന്നെ ഉണ്ടാകും.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വെള്ളച്ചാട്ടവും മധുര ജില്ലയുടെ ഭാഗങ്ങളും പ്രകൃതിരമണീയമായ കൃഷിപ്പാടങ്ങളും റോഡുകളും തോടുകളും ഈ ഭാഗത്തുനിന്ന് നോക്കിയാൽ കാണുന്ന സുന്ദരമായ കാഴ്ചകളാണ്. വൈകുന്നേരങ്ങളിൽ അലൗകിക പ്രഭയാൽ മുങ്ങിക്കിടക്കുന്ന ഗൂഡല്ലൂർ, കമ്പം പട്ടണങ്ങളുടെ ദൃശ്യസൗന്ദര്യം ആരുടെയും മനംകവരുന്നതാണ്.

മറ്റൊരു പ്രധാന സ്ഥലമാണ് ഒട്ടകത്തലമേട്. ഈപേരുതന്നെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതാണ്. മരുഭൂമിയിലെ ഒട്ടകത്തെ അനുസ്മരിപ്പിക്കുന്ന പേരും അതിനു യോജ്യമായ ഭൂപ്രകൃതിയും മൊട്ടക്കുന്നുകളും കിഴുക്കാംതൂക്കായ താഴ്വാരങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

ലോകപ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ ദൃശ്യസൗന്ദര്യവും തടാകങ്ങളും ബോട്ട് ലാൻറും വനങ്ങളും പാറക്കെട്ടുകളും ഈ പ്രദേശത്തുനിന്ന് ആസ്വദിക്കാവുന്നതാണ്. ഇടുക്കി ജില്ലയിലെ താരതമ്യേന ഉയരം കൂടിയ ഈ പ്രദേശത്ത് ഒരു പവലിയൻ നിർമ്മിച്ചാൽ ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തിലെയും കാഴ്ചകൾ കാണാനാവുന്നതും ഇത് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പര്യാപ്തവുമായിരിക്കും. ഈ പ്രദേശത്തു ഒരു റിസോർട്ട് പണിയുകയും ഒരു ഗാർഡൻ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

സെൻറർകവലയിൽ നിന്നും പുറപ്പെട്ടാൽ തമിഴ്നാട് അതിർത്തിവഴി ശാന്തിഗിരിയിൽ എത്തിച്ചേരും. ഈ പ്രദേശത്ത് ഇപ്പോൾ ധാരാളം ടൂറിസ്റ്റുകൾ എത്തുന്നുണ്ട്. ഈ പ്രദേശത്ത് ഒരു ടൂറിസ്റ്റ് കോംപ്ലക്സ് പണിതാൽ വളരെയേറെ പുരോഗതിയുണ്ടാകും.

നിർദ്ദേശങ്ങൾ

1. അനേകം ടൂറിസ്റ്റുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന അരുവിയ്ക്കൽ മെട്ട്, ഒട്ടകത്തല മേട്, ശാന്തിഗിരി എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
2. ഈ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
3. സഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ടി ഒരു Watch tower സ്ഥാപിക്കുക.
4. അനേകം അടി താഴേയ്ക്ക് വീഴുന്ന വെള്ളച്ചാട്ടം അരുവിയ്ക്കൽമെട്ടിന്റെ പ്രത്യേകതയാണ്. ഇവിടെ ജലം ആസൂത്രിതമായി ഉപയോഗിച്ച് ഒരു ചെക്ക് ഡാം നിർമ്മിക്കാൻ കഴിയണം. ചെക്ക് ഡാമിനോട് ചേർന്ന് ഒരു മിനി പാർക്ക് നിർമ്മിക്കുക വഴി പ്രകൃതി സൗന്ദര്യം വർദ്ധിപ്പിക്കാൻ കഴിയും.
5. തൊട്ടടുത്ത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയിലും മറ്റു സ്ഥലങ്ങളിലും ഈ പ്രദേശങ്ങളെ കുറിച്ച് അറിവ് നൽകുന്ന ബോർഡുകൾ സ്ഥാപിക്കണം.
6. പൊതുജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തിക്കൊണ്ട് ഒരു വിനോദസഞ്ചാരകേന്ദ്രവികസന സമിതി ആരംഭിക്കണം.
7. തമിഴ്നാടു സർക്കാരുമായി സഹകരിച്ചാൽ ഗ്ലൈഡിംഗ്, സാഹസിക മലയിറക്കം, മലകയറ്റം എന്നിവയ്ക്ക് വൻ സാദ്ധ്യതയാണുള്ളത്.
8. അരുവിയ്ക്കൽ മെട്ട് ഭാഗത്തു പഞ്ചായത്തു റെസ്റ്റ് ഹൗസ് ആരംഭിക്കുകയും വികസനസാധ്യതയുള്ള മറ്റു സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്യണം.

ജിജി. കെ. ഫിലിപ്പ്
ആൻറണി സ്കറിയ

★★

5.4

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

കേരളം ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണ് ഊർജ്ജമേഖലയിൽ അനുഭവപ്പെട്ടുകൊണ്ടിരുക്കുന്നത്. നമ്മുടെ പഞ്ചായത്തിലും ഊർജ്ജപ്രതിസന്ധി അതിരൂക്ഷമാണ്. ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നതിനും സാമൂഹികമായ പുരോഗതി ഉണ്ടാവുന്നതിനും ഊർജ്ജ പ്രതിസന്ധി പരിഹരിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഊർജ്ജമേഖല പ്രധാനമായും വൈദ്യുതി, പാചകഇന്ധനം എന്നിവയിൽ കേന്ദ്രീകൃതമാണ്.

വൈദ്യുതി

ചക്കുപള്ളം പഞ്ചായത്തിൽ 1481 വൈദ്യുത കണക്ഷനുകളാണ് ഉള്ളത്. പക്ഷെ ഇത് തികച്ചും അപര്യാപ്തമായ അളവാണ്. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്താത്ത സ്ഥിതിവിശേഷമാണ് ഇന്നും നിലനില്ക്കുന്നത്. വൈദ്യുതി എത്തിയ പ്രദേശങ്ങളിലാകട്ടെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. സുഗമമായ വൈദ്യുതി വിതരണം ലക്ഷ്യമാക്കി നമ്മുടെ പഞ്ചായത്തിൽ പ്രയോജനം ചെയ്യുന്ന പത്ത് LT ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി കണക്ഷനുകൾ

ഗാർഹികം	1002
വ്യാപാരം	350
വ്യാവസായികം	12
കാർഷികം	117
ആകെ	1481

പുതിയ വൈദ്യുതി ലൈനുകളും പുതിയ കണക്ഷനുകളും സ്ഥാപിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ തന്നെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും.

പ്രസരണനഷ്ടം ഒഴിവാക്കിയാൽ വൈദ്യുതിയുടെ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. അതിനുവേണ്ടി വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. വൈദ്യുതി ലൈനുകളുമായി മുട്ടി നിൽക്കുന്ന മരച്ചില്ലകളും മറ്റും നീക്കം ചെയ്യുവാൻ കൂട്ടായ ശ്രമം ആവശ്യമാണ്.

വൈദ്യുതി ഉപഭോഗത്തിൽ അല്പം ശ്രദ്ധ ചെലുത്തിയാൽ ലാഭിക്കപ്പെടുന്നത് വലിയ അളവ് വൈദ്യുതിയായിരിക്കും. കൂടുതൽ വൈദ്യുതി ആവശ്യമായി വരുന്ന സാധാരണ ബൾബുകൾക്ക് പകരം കോബാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ തുടങ്ങിയ കുറച്ചു വൈദ്യുതിയും കൂടുതൽ പ്രകാശവും എന്നതത്വത്തിൽ ഉള്ള സാമഗ്രികൾ ഉപയോഗിക്കുവാൻ കഴിയും.

സ്ട്രീറ്റ് ലൈറ്റുകൾ

നമ്മുടെ പഞ്ചായത്തിൽ 145 തെരുവു വിളക്കുകൾ ഉണ്ട്. ഇതിൽ 133 എണ്ണം ബൾബുകൾ ആണ്. 12 എണ്ണം സോഡിയം വേപ്പർ ലാമ്പുകളും.

തെരുവുവിളക്കുകളുടെ സ്ഥാപനത്തിനും സംരക്ഷണത്തിനുമായി നമ്മുടെ പഞ്ചായത്തിന് വൻതുക ചെലവാകുന്നുണ്ട്. തെരുവുവിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ മാത്രം തൻവർഷം നമ്മുടെ പഞ്ചായത്ത് ചെലവഴിച്ച തുക 34932 രൂപയാണ്. ഇത് നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ 11.45 % ആണെന്നതാണ് വസ്തുത.

സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇനിയും അനേകം സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. മൺറോഡുകളിലും മറ്റും റോഡുകൾ തകർന്നുകിടക്കുന്ന ഭാഗങ്ങളിൽ വിളക്കുകൾ സ്ഥാപിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് ഗ്രാമസഭകളിൽനിന്ന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതുപോലെ സ്ട്രീറ്റ്ലൈറ്റുകളുടെ ആവശ്യകത പരിഹരിക്കുവാൻ സൗരോർജ്ജ സെല്ലുകൾ പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശങ്ങൾ വന്നിരിക്കുന്നു.

ഹരിജൻ കോളനികൾ പഞ്ചായത്തിലെ 7 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചതാണ്. ഇവിടങ്ങളിൽ ആകെ 220 കുടുംബങ്ങൾ വൈദ്യുതീകരിച്ചതാണ്.

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം
1	സുൽത്താൻ കട	40
2	കീഴന്നക്കര	25
4	ഉദയഗിരി, കുങ്കിരിപ്പെട്ടി	60
1	അമ്പലമേട്	60
1	പാമ്പുപാറ	20
6	പളിയ സെറ്റിൽമെൻറ് ചക്കുപള്ളം	15
ആകെ		220

വൈദ്യുതി കണക്ഷൻ ലഭിക്കാതെ കഴിയുന്ന പല ഹരിജൻ കുടുംബങ്ങളും ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്.

ഊർജ്ജ ഉറവിടങ്ങൾ

രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരമാകുവാൻ പുതിയ വൈദ്യുത ഉറവിടങ്ങൾ കണ്ടെത്തുകയാണ് വഴി. ബഹുജനസഹകരണത്തോടെ കൂടുതൽ സൗരോർജ്ജസെല്ലുകൾ സ്ഥാപിക്കുകയാണ് ഏറ്റവും അഭികാമ്യമായ മാർഗം.

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന ചെറുകിട പദ്ധതികളുടെ സാദ്ധ്യകൾ ആരായേണ്ടതുണ്ട്.

പാചക ഇന്ധനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം വീടികളിലും പാചകാവശ്യത്തിന് വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. വിറകുക്ഷാമം ഇവിടെ രൂക്ഷമാണ്. അപരിഷ്കൃതങ്ങളായ വിറകടുപ്പുകളിൽ നിന്നും വമിക്കുന്ന പുക കുടുംബാംഗങ്ങളുടെ പ്രത്യേകിച്ച് വീട്ടമ്മമാരുടെ ആരോഗ്യസ്ഥിതി അപകടത്തിലാക്കും എന്ന് പറയേണ്ടതില്ലല്ലോ.

ഈ സ്ഥിതിഗതികൾ കണക്കിലെടുത്ത് വിറകു ലാഭമുള്ളതും പുകയില്ലാത്തതുമായ അടുപ്പുകൾ പ്രചരിപ്പിക്കേണ്ടതുണ്ട്.

കന്നുകാലി വളർത്തൽ ഭൂരിഭാഗം കുടുംബാംഗങ്ങളിലും നിലനില്ക്കുന്നതിനാൽ ബയോഗ്യസ് പ്ളാൻറുകളുടെ പ്രചാരം വർദ്ധിച്ചുവരുന്നുണ്ട്. വിറകു ലാഭമുള്ളതും പുകയില്ലാത്തതുമായ അടുപ്പുകളുടെയും ബയോഗ്യസ് പ്ളാൻറുകളുടെയും നിർമ്മാണത്തിലും പ്രചാരണത്തിലും ഏർപ്പെട്ടിരിക്കുന്ന ഏജൻസികളുടെ സേവനം നിസ്തുലമാണ് എന്ന് പറയാതെ വയ്യ.

L.P.G സ്റ്റൗവ്വുകളുടെ ഉപയോഗവും വർദ്ധിച്ചു വരുന്നുണ്ട്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന വീടുകളും ഈ പ്രദേശത്ത് ഉണ്ട്. പെട്രോൾ, ഡീസൽ എന്നി ഇന്ധനങ്ങൾ ന്യായവിലയ്ക്കു ലഭിക്കുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ഇത് വാഹന ഉടമകളെയും മറ്റു ചെറുകിട ആവശ്യക്കാരെയും വളരെ ബുദ്ധിമുട്ടിക്കുന്നു.

ഊർജ്ജരംഗത്തെ പ്രതിസന്ധി തരണം ചെയ്യുവാൻ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളും പുതിയ ഊർജ്ജ ഉറവിടങ്ങളുടെ സാധ്യതകൾ പരിശോധിക്കലും ആവശ്യമായി വരുന്നു. നമ്മുടെ പഞ്ചായത്തിലെ ഊർജ്ജരംഗത്തെ വികസനത്തിനും കാര്യക്ഷമതയ്ക്കുമുള്ള നിർദ്ദേശങ്ങളാണ് താഴെപ്പറയുന്നത്.

1) പഞ്ചായത്തിൻെറ പലഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽ വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. മണ്ണെണ്ണയുടെ ക്ഷാമം മൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നു. അതിനാൽ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുക.

2) രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുക. വൈദ്യുതി ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചമാറ്റുന്നതിനു വൈദ്യുത ബോർഡ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയും.

3) പണമടച്ച് കാത്തിരിക്കുന്നവർക്ക് എത്രയും വേഗം വൈദ്യുതി കണക്ഷനുകൾ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുക.

4) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക. വൈദ്യുതിക്ഷമത കൂടിയ കോമ്പാക്ട് ഫ്ളൂറസെൻറ് ലാമ്പുകളും മറ്റും പ്രചരിപ്പിക്കുകയും അവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

5) പുതിയ വഴിവിളക്കുകൾ സ്ഥാപിക്കുക. പ്രധാനമായും റോഡുകൾ തകർന്നുകിടക്കുന്ന ഭാഗങ്ങളിലാണ് വഴിവിളക്കുകൾ ആവശ്യം.

6) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷനുകൾക്ക് മുൻഗണന നല്കുക.

7) സോളാർ സെല്ലുകൾ പ്രചരിപ്പിക്കുക. തെരുവുവിളക്കായും മറ്റും ഉപയോഗിക്കുന്നതിനു വളരെ അനുയോജ്യമാണ് ഇവ. ജനകീയമായ സഹകരണത്തോടുകൂടി സോളാർ സെല്ലുകൾ സ്ഥാപിക്കുന്നത് ചിലവുനിയന്ത്രണം വരുത്തും.

8) പുതിയ ഊർജ്ജഉറവിടങ്ങൾ കണ്ടെത്തുക.

കാറ്റിൽനിന്നും, സൂര്യപ്രകാശത്തിൽ നിന്നും മറ്റും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ചെറിയ രീതയിൽ ആരംഭിക്കുവാൻ നമുക്കു കഴിയണം.

പഞ്ചായത്തിന്റെ കിഴക്കുഭാഗമായ തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലും ചെറിയ കുന്നിൻ പ്രദേശങ്ങളിലും സദാസമയവും കാറ്റ് സുലഭമാണ്.

9) മെച്ചപ്പെട്ട വിറകടുപ്പുകൾ പ്രചരിപ്പിക്കുന്നത് രൂക്ഷമായ വിറകുക്ഷാമത്തിന് പരിഹാരമാവും. നമ്മുടെ പരമ്പരാഗത വിറകടുപ്പുകളിൽ നിന്നും വമിക്കുന്ന പുക അടുക്കളയിൽ പെരുമാറുന്നവരുടെ ആരോഗ്യം നശിപ്പിക്കുന്നു. ഇതിനു പുറമെ പരമ്പരാഗത വിറകടുപ്പുകളുടെ മറ്റൊരു ന്യൂനതയാണ് വളരെക്കുറഞ്ഞ ക്ഷമത.

ഈ കാര്യങ്ങൾ കണക്കിലെടുത്ത് പുകയില്ലാത്തതും വിറകുലാഭമുള്ളതുമായ അടുപ്പുകൾ പ്രചരിപ്പിക്കേണ്ടതിനു നടപടികൾ സ്വീകരിക്കുവാൻ കഴിയണം. ഇതിനായി 'അനെർട്ട്' പോലെയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെടണം.

10) ബയോഗ്യാസ് അടുപ്പുകൾക്ക് നമ്മുടെ പഞ്ചായത്തിൽ നല്ല സാധ്യയാണുള്ളത്. കാരണം ഭൂരിഭാഗം കുടുംബങ്ങളിലും കാലിവളർത്തൽ ഉണ്ട് എന്നതുതന്നെ. ഈ അനുകൂലസ്ഥിതികൾ കണക്കിലെടുത്ത് ബയോഗ്യാസ് അടുപ്പ് പ്രചാരണരംഗത്തു പ്രവർത്തിക്കുന്ന ഏജൻസികളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കണം.

11) മെച്ചപ്പെട്ട അടുപ്പുകൾ നിർമ്മിക്കുന്നതിന് കൂടുതൽ ആളുകൾക്ക് പരിശീലനം നല്കണം.

12) ഊർജ്ജ ക്ഷമതകൂടിയ മറ്റ് ഉപകരണങ്ങൾ പ്രചരിപ്പിക്കുക. പാചകഊർജ്ജം ലാഭിക്കുന്നതിൽ പ്രഷർകുക്കറുകളുടെ സ്ഥാനം വലുതാണ്. പ്രഷർകുക്കറുകളുടെ പ്രചാരണത്തിൽ തടസം നില്ക്കുന്ന ഘടകം അവയുടെ ഉയർന്ന വിലയാണ്. അനെർട്ട് പോലോള്ള ഏജൻസികളിമായി ബന്ധപ്പെട്ട് പ്രഷർകുക്കറുകളും മറ്റും സബ്സിഡിനിരക്കിൽ വിതരണം ചെയ്യുവാൻ ഗ്രാമപഞ്ചായത്തുകൾക്കുകഴിയും.

അതോടൊപ്പം ചെലവുകുറഞ്ഞതും ലാഭകരവുമായ 'കച്ചിപ്പെട്ടി' കളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കണം.

13) മണ്ണെണ്ണ സ്റ്റൗവ്വുകളും LPG സ്റ്റൗവ്വുകളും ഉപയോഗിക്കുമ്പോൾ ഊർജ്ജക്ഷമത കൂടിയ സ്റ്റൗവ്വുകൾ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

14) ഡീസൽ, പെട്രോൾ തുടങ്ങിയ ദ്രാവകങ്ങൾ ന്യായമായ വിലയിൽ ലഭിക്കുവാൻ നമ്മുടെ പഞ്ചായത്തിൽ സൗകര്യങ്ങൾ ഏർപ്പടുത്തേണ്ടതാണ്.

15) മോട്ടോർ വാഹനങ്ങൾ, പമ്പുസെറ്റുകൾ തുടങ്ങിയവ ഉപയോഗിക്കുമ്പോൾ ഇന്ധനദുർവ്യയം ഒഴിവാക്കുവാൻ ശ്രദ്ധിക്കുക. ഇതിനായി വാഹനങ്ങളിലും മറ്റും വേണ്ടസമയങ്ങളിൽ അപാകതകൾ കണ്ടെത്തി പരിഹരിക്കുവാൻ ശ്രദ്ധിക്കണം.

16) ഊർജ്ജ ഉപയോഗത്തെയും ഊർജ്ജസംരക്ഷണത്തെയും പറ്റി ശരിയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

ഗതാഗതം

ഗ്രാമ സഭകളിൽ വർദ്ധിച്ച ജനകീയ സാന്നിദ്ധ്യം മൂലം ഏറെ ശ്രദ്ധേയമായ വിഭാഗമാണ് റോഡ് - ഗതാഗതം. ചക്കുപള്ളം പഞ്ചായത്തിന്റെ റോഡിന്റെ അവസ്ഥ ശോചനീയമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരവും നിർദ്ദേശങ്ങളും ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. താഴെപ്പറയുന്ന നിർദ്ദേശങ്ങളും പരിഹാരങ്ങളും നടപ്പിലാക്കുന്നതിലൂടെ നാടിന്റെ വികസന പത്ഥാവിൽ നാം ബഹുദൂരം മുൻപോട്ടുപോകും എന്ന കാര്യത്തിൽ സംശയമില്ല. വികസനത്തിൽ ഏറെ പിന്നോക്കമായ ഇടുക്കി ജില്ലയിലെ റോഡുകൾ എല്ലാംതന്നെ, കുണ്ടും കുഴിയും നിറഞ്ഞു സഞ്ചാരയോഗ്യമല്ലാത്തതാണ്. പ്രത്യേകിച്ച് ചക്കുപള്ളം പഞ്ചായത്തിൽ ടാറിംഗ് റോഡുകൾ ഇല്ലാത്ത വാർഡുകൾ വരെയുണ്ട്. ഇത്തരമൊരവസ്ഥയിൽ റോഡു ഗതാഗതത്തിന്റെ സമഗ്രമായ വികസനം വഴിയെ ഈ പഞ്ചായത്തിന്റെ വികസനം സാദ്ധ്യമാവൂ. റോഡിന്റെ അപര്യാപ്തമൂലം പഞ്ചായത്തിൽ പല വികസനപ്രവർത്തനങ്ങളും മുടങ്ങിയിട്ടുണ്ട്. ചക്കുപള്ളം പഞ്ചായത്തിലെ ഒൻപത് വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും റോഡു ഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഉയർന്നു വന്ന നിർദ്ദേശങ്ങളും പരിഹാരങ്ങളും താഴെ പറയുന്ന സാധ്യതകൾ സൃഷ്ടിക്കുന്നു.

1. പഞ്ചായത്തിലെ പണി പൂർത്തീകരിക്കാത്ത മുഴുവൻ റോഡുകളുടെയും പണി പൂർത്തിയാക്കുക.
2. അണക്കര - ആനവിലാസം റോഡ് ടാറിംഗ് നടത്തുകയും 7-ാം മൈൽ - ചക്കുപള്ളം റോഡിന്റെ മെയിന്റെനൻസ് പണി ചെയ്യുക.
3. അമ്പലമേട് - കട്ടസൂര്യൻ, അമ്പലമേട് - ചിറ്റാംപാറ റോഡ് സഞ്ചാരയോഗ്യമാക്കുക.
4. കുങ്കിരിപ്പെട്ടി-ചെല്ലാർകോവിൽ റോഡ് ടാറിംഗ് നടത്തുക. ആറാം മൈൽ നിന്നും തുടങ്ങുന്ന ഈ വഴി ചെല്ലാർകോവിലിൽ എത്തുന്നു. ഈ വഴിയിൽ ബസ്സ് സർവ്വീസ് ആരംഭിച്ചാൽ

വണ്ടൻമേട് പഞ്ചായത്തിൽ കുടി, തൂക്ക്പാലം, നെടുംകണ്ടം തുടങ്ങിയ സ്ഥലത്ത് എത്താം. അതുമൂലം നാണ്യവിളകളും മറ്റ് കാർഷിക വിളകളും സുഗമമായി സംഭരണകേന്ദ്രത്തിൽ എത്തിക്കാൻ സാധിക്കും. 4-5, വാർഡിൽകൂടി കടന്ന് പോകുന്ന ഈ റോഡിന്റെ വികസനം ഏറെ പ്രാധാന്യം അർഹിക്കുന്നു.

5. 8-ാം മൈലിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കുക. ലൈസൻസും പെർമിറ്റും ഇല്ലാത്ത വാഹനങ്ങൾ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുക. ഇതുമൂലം വാഹന അപകടങ്ങൾ നിയന്ത്രിക്കാൻ സാധിക്കും.

6. ആറാം മൈൽ - 8-ാം മൈൽ - ചക്കുപള്ളം തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കുക. ഇടുക്കി ജില്ലയിലെ മികച്ച ഏലം കൃഷിത്തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന ചക്കുപള്ളത്തേക്ക് K.S.R.T.C ബസ്സുകൾ ഓടിക്കേണ്ടതാണ്.

7. അണക്കര-ആനവിലാസം റോഡിൽ പാലം പണിയുക. 6-ാം മൈൽ - ചെല്ലാർകോവിൽ റോഡിലെ പാലം പണിയും അത്യാവശ്യമാണ്.

8. പഞ്ചായത്തിലെ പല റോഡുകളിലും അന്യായമായ കൈയ്യേറ്റം നടക്കുന്നു. റോഡിന്റെ അതിത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ച് റോഡുകളുടെ വീതി വീണ്ടെടുക്കണം.

9. സുൽത്താൻ കട - അണക്കര റോഡ്, N.R.E.P കോളനി റോഡ് ഇവ സഞ്ചാരയോഗ്യമാക്കുക.

10. മൈലാടും പാറ അണക്കര റോഡും 2-ാം വാർഡും 3-ാം വാർഡും സന്ധിക്കുന്ന സ്ഥലത്ത് ബണ്ട് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

11. 8-ാം മൈലിൽ നിന്നും പുറ്റടിയിലേക്ക് വഴിയെ ബസ്സ് സർവ്വീസ് ആരംഭിക്കുക.

12. അത്തിമരം - ചെല്ലാർകോവിൽ റോഡിൽ കലുങ്കുകൾ സ്ഥാപിക്കുക.

13. 7-ാം മൈൽ കുങ്കിരിപ്പെട്ടി റോഡ് ടാർ ചെയ്യണം. ഈ റോഡ് 4,5 വാർഡുകളെ ബന്ധിപ്പിക്കുന്നതും തമിഴ്നാട് - കേരളാ അതിർത്തികളെ ബന്ധിപ്പിക്കുകയും ചെയ്യുന്നു.

14. ഉദയഗിരിയിലെ പട്ടികജാതി കോളനിയിലേക്കുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കുക.

15. 1-ാം മൈൽ, 6-ാം മൈൽ റോഡിൽ '3' കലുങ്കുകൾ സ്ഥാപിക്കുന്നതു വഴിയെ മഴക്കാലത്ത് ഈ വഴിയെ സഞ്ചരിക്കുവാൻ കഴിയുകയുള്ളു.

16. ചെല്ലാർകോവിൽ - അരുവിക്കുഴി റോഡ് ടാറിംഗ് നടത്തണം. ഈ റോഡിന്റെ വികസനം മൂലം അരുവിക്കുഴിയിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിയ്ക്കും. ഇപ്പോൾതന്നെ അനേകം ആൾക്കാർ എത്തുന്ന ഇവിടെ അനവധി വികസന സാധ്യതകൾ ഉണ്ട്.

17. ആറാം മൈലിൽ സെൻട്രൽ കവല - വലിയപാറ റോഡ് (ഈ റോഡിൽ കൂടി തമിഴ്നാട് അതിർത്തിയിലുള്ള ശാന്തിഗിരിയിൽ വളരെ അധികം വിദേശികൾ എത്തുന്നു.)കൃഷിഭവൻ റോഡ് ഇവ ടാറിംഗ് നടത്തണം. ഈ രണ്ട് റോഡുകളും തമിഴ്നാട് അതിർത്തിയിലേക്കുള്ളതാണ്. വലിയപാറയിൽനിന്നും താലൂക്ക് ബൗണ്ടറിയിൽക്കൂടി കടന്നു പോകുന്ന റോഡ് സഞ്ചാരയോഗ്യമാക്കുക.

18. അതാതു വാർഡിലെ മൺറോഡുകളുടെ പണികൾ അതാതു വാർഡിലുള്ളവർക്ക് നല്കുക. അതുമൂലം ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും, ഇടത്തട്ടുകാരുടെ ഇടപെടലും ഒഴിവാക്കാം.

19. 6-ാം വാർഡിലെ ഗിരിജൻ കോളനിയിൽ കൂടി ട്രൈബൽ സ്കൂളിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക. 7-ാം മൈൽ - മേനോൻ മേട് റോഡ് വിപുലീകരിക്കുക. പയ്യാംപള്ളി റോഡ് ഇരുകരകളും കെട്ടി വികസിപ്പിക്കുക.

20. ഗിരിവർഗ കോളനി റോഡിൽ കലുങ്കുകൾ സ്ഥാപിക്കണം. മാങ്കവല - 7-ാം മൈൽ റോഡ് മെയിന്റെനൻസ് ചെയ്യുകയും കലുങ്കുകൾ വികസിപ്പിക്കുകയും ചെയ്യുക. 7-ാം മൈൽ ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുകയും ചെയ്യണം.

21. ആറാം മൈലിൽ നിന്നും ചക്കുപള്ളം ഗവ: ട്രൈബൽ സ്കൂൾപടി കൂടി K.S.R.T.C ബസ് സർവ്വീസ് ആരംഭിക്കുക.

22. 7-ാം വാർഡിലെ സുകുമാരൻ പടിയിൽ നിന്നും ഒട്ടകത്തല വഴി റീത്തുപള്ളിക്കൽ ചേരുന്ന വഴി മെറ്റൽ ഇടുകയും കലുങ്കുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

23. മേനോൻ മേട്, ഒട്ടകത്തല വഴി ഒന്നാം മൈലിലേക്കുള്ള റോഡ് ടാറിംഗ് നടത്തുക. ഈ റോഡ് വാണിജ്യപരമായി ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്.

24. സെൻട്രൽ കവല - അമ്പലമുകൾ റോഡ് ഗതാഗതയോഗ്യമാക്കുക.

25. റോഡ് ഗതാഗതത്തിൽ ഏറെ പിന്നോക്കം നില്ക്കുന്ന 9-ാം വാർഡിലെ ശാസ്താംനട വെള്ളാരം കുന്ന് റോഡ് ടാറിംഗ് നടത്തുക.

26. കട്ടപ്പന - ആനവിലാസം റോഡ്, ചക്കുപള്ളം - പത്തുമുറി റോഡ്, പത്തുമുറി - കുമളി റോഡ്, ആനവിലാസം - ചെങ്കര റോഡ് തുടങ്ങിയവ സഞ്ചാരയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ റോഡുകൾ സംബന്ധിച്ച പട്ടിക

പഞ്ചായത്ത് റോഡ്	മൺറോഡുകളുടെ നീളം	ആകെ റോഡുകളുടെ നീളം
20 കി. മി.	116.5 കി. മീ.	136.5 കി. മി

ഈ പട്ടികയിൽ നിന്നും പഞ്ചായത്തിന്റെ റോഡ് ഗതാഗതത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ സാധിക്കും. ചക്കുപള്ളം പഞ്ചായത്തിൽ ഇതുവരെ 20 കി. മി. റോഡ് ടാറിംഗ് നടത്തിയിട്ടുള്ളു. ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമായ റോഡിന്റെ അപര്യാപ്തതതന്നെയാണ് വികസനത്തിന് വിഘാതമായി നില്ക്കുന്നത്. കർഷകർ മാത്രം തിങ്ങിപ്പാർക്കുന്ന ചക്കുപള്ളം പഞ്ചായത്തിൽ, കർഷകർക്ക് തന്റെ ഉല്പന്നങ്ങൾ വിപണന കേന്ദ്രത്തിൽ എത്തിക്കാൻ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ വളരെ ഏറെ കഷ്ടപ്പെടുകയാണ്.ചക്കുപള്ളം പഞ്ചായത്തിൽ അരുവിക്കുഴി - പാണ്ടിക്കുഴി തുടങ്ങിയ പ്രകൃതി മനോഹരങ്ങളായ അനേകം സ്ഥലങ്ങളുണ്ട്. ഈ സ്ഥലങ്ങളിലേക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്തിയാൽ അനേകം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കും. പഞ്ചായത്തിൽ ആകെയുള്ള 116.5 കി.മി. നീളമുള്ള മൺ റോഡുകളിൽ ടാറിംഗ് അടക്കമുള്ള വികസന പ്രവർത്തനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം അധികൃതർ ഉറപ്പുവരുത്തുക. പ്രത്യേകിച്ച് ആ റോഡിന്റെ ഗുണഭോക്താക്കളെ പങ്കെടുപ്പിക്കുന്നത് ആയിരിക്കും ഏറെ അഭികാമ്യം. ടാറിംഗ് ജോലികളിൽ ഇടത്തട്ടുകാരുടെ സാന്നിദ്ധ്യം മൂലം നിലവാരമില്ലാത്ത ടാറിംഗാണ് നടക്കുന്നത്. ഇതു കാരണം റോഡുകൾ വളരെ വേഗം തകർന്നു ഗതാഗത യോഗ്യമല്ലാതായി തീരുകയാണ് പതിവ്. ഇതിന് പരിഹാരമായി റോഡു ടാറിംഗിൽ വിദഗ്ധരായ ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് ടാറിംഗിന്റെ ഗുണനിലവാരം ഉയർത്തുകയും ചെയ്യാം. റോഡു വികസനത്തിന് ഏറെ വിഘാതമായി നില്ക്കുന്നത് ഉദ്യോഗസ്ഥരുടെ അനാസ്ഥയും സർക്കാരിന്റെ നയരാഹിത്യവുമാണ്. തകർന്ന റോഡുകൾ നന്നാക്കിയ ഉടൻ തന്നെയാണ് വാട്ടർ അതോറിറ്റി, ടെലികമ്മ്യൂണിക്കേഷൻ വകുപ്പുകൾ തങ്ങളുടെ പണികൾക്കായി കാനകളും കുഴികളും എടുക്കുന്നതായി കണ്ടു വരുന്നത്. ഇവർ നിർമ്മിക്കുന്ന കുഴികൾ ശരിയായ രീതിയിൽ മൂടാത്തതു കൊണ്ട് വളരെയധികം അപകടസാധ്യതയുണ്ട്. കൂടാതെ റോഡുകൾ ഒരിക്കലും നന്നായിക്കിടക്കുകയില്ല. പൊതുമരാമത്തു വകുപ്പ്, വാട്ടർ അതോറിറ്റി, ടെലികമ്മ്യൂണിക്കേഷൻ എന്നീ വകുപ്പുകളുടെ കൂട്ടായ ആലോചന ഇല്ലാത്തതും പരസ്പര ധാരണപ്പിശകുകളും മൂലമുള്ള ഈ അനാരോഗ്യപ്രവണത അവസാനിപ്പിക്കണം. റോഡുപണി നടത്തുന്നതിനു മുമ്പ് മേൽ വകുപ്പുകളുടെ പണികൾ പൂർത്തിയായതായി ഉറപ്പു വരുത്തുകയോ, വെള്ളം, ഫോൺ ലൈനുകൾക്കായി റോഡു പുറമ്പോക്കുകളിൽ സൗകര്യമായ സ്ഥലങ്ങൾ വേർതിരിച്ചിടുകയോ വേണം. റോഡ് ക്രോസ് ചെയ്യുന്ന സ്ഥലങ്ങളിലുണ്ടാക്കുന്ന കാനകൾ മൂടിയാലുടൻ തന്നെ ശരിയായ രീതിയിൽ റോഡു പണി നടത്തണം. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക വഴി ഈ പഞ്ചായത്തിന്റെ പ്രതിച്ഛായ മാറ്റാൻ സാധിക്കും.

മാർക്കറ്റ്

ചക്കുപള്ളം പഞ്ചായത്തിൽ പൊതുമാർക്കറ്റ് സൗകര്യങ്ങൾ ഇല്ല. ഒറ്റതിരിഞ്ഞ ചെറുകിട വ്യാപാരസ്ഥാപനങ്ങളാണ് ജനങ്ങൾ ഉല്പന്നങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനും ആശ്രയിച്ചു വരുന്നത്. തികച്ചും കാർഷികപ്രദേശമായ നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷികോല്പന്നങ്ങൾ നാണ്യവിളകളാണ്. ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ വിപണനമാണ് ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന പ്രശ്നം. ഇടത്തട്ടുകാരുടെയും മറ്റും ഇടപെടൽ മൂലം കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല.

ജനങ്ങൾ പ്രധാനമായും നാണ്യവിളകൃഷിയിലേക്ക് തിരിഞ്ഞതോടെ ഭക്ഷ്യോല്പന്നങ്ങളും പച്ചക്കറികളും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടതായ അവസ്ഥയാണ് നിലവിലുള്ളത്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയ്ക്ക് മികച്ച വിപണന സാധ്യതകൾ നിലനില്ക്കുന്നു. ഇവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ആഴ്ചച്ചന്തകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

മത്സ്യ-മാംസ വിപണനത്തിന് വേണ്ടതായ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. കവലകളിൽ നടത്തുന്ന മത്സ്യ വില്പന നിയന്ത്രിക്കേണ്ടതാണ്. മത്സ്യ-മാംസ വിപണനത്തിനു വേണ്ടി പ്രത്യേക സ്ഥലങ്ങൾ നിശ്ചയിക്കുവാൻ ഏർപ്പാടുകൾ ചെയ്യേണ്ടത് ആവശ്യമായി വരുന്നു.

പൊതുവിതരണകേന്ദ്രങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പൊതുവിതരണ സ്ഥാപനങ്ങൾ (റേഷൻകട) ആണുള്ളത്. പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും താഴ്ന്ന വരുമാനക്കാരായതിനാൽ പൊതുവിതരണകേന്ദ്രങ്ങളുടെ സേവനം ഏറെ പ്രയോജനപ്പെടുന്നുണ്ട്. അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവ ന്യായവിലയിൽ ലഭി

ക്കുന്നത് ജനങ്ങൾക്ക് വലിയ അനുഗ്രഹങ്ങളാണ്. എന്നാൽ ഗുണമേന്മ കുറഞ്ഞ അരിയും ഗോതമ്പ്, പഞ്ചസാര എന്നിവയുടെ ക്ഷാമവും പൊതുവിതരണ രംഗത്തെ അപാകതകളാണ്. താഴ്ന്ന വരുമാനക്കാരായ ജനങ്ങളെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്ന ഘടകമാണ് രൂക്ഷമായ മണ്ണെണ്ണക്ഷാമം. പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളും വൈദ്യുതീകരിച്ചതല്ല. ഇവിടങ്ങളിൽ വെളിച്ചത്തിനു പയോഗിക്കുന്ന മണ്ണെണ്ണയുടെ ക്ഷാമം ജനങ്ങളെ എത്രമാത്രം കഷ്ടത്തിലാക്കുമെന്നു കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ.

മണ്ണെണ്ണയുടെ ദൗർലഭ്യത്തിനു ഒരു കാരണം മണ്ണെണ്ണയുടെ കരിഞ്ചന്തയിലേക്കുള്ള അനിയന്ത്രിതമായ ഒഴുക്കാണ്.

പഞ്ചായത്തിൽ മുമ്പു പ്രവർത്തിച്ചിരുന്ന പല കൺസ്യൂമർ സ്റ്റോറുകളും ഇപ്പോൾ നിലവിലില്ല എന്നതാണ് സ്ഥിതി.

മാർക്കറ്റ് രംഗത്തെ പുരോഗതിക്കു സഹായകമായ നിർദ്ദേശങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിലെ പ്രധാന കാർഷികോല്പന്നങ്ങൾ ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകളാണ്. ഇവയുടെ വിപണനത്തിന് കർഷകൻ ബുദ്ധിമുട്ടനുഭവിച്ചു വരുന്നു. ഇവ പരിഹരിക്കുവാനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കണം.

   സഹകരണ മേഖലയിലോ, പൊതുമേഖലയിലോ നാണ്യവിള സംഭരണശാലകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക. ഇതുവഴി ഉല്പാദകർക്ക് ന്യായവില ലഭ്യമാക്കുവാൻ കഴിയും.

2. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ആഴ്ചചന്തകൾ ആരംഭിക്കുകയും ചെയ്യുക.

3. കാർഷികോല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി പൊതുമാർക്കറ്റ് സ്ഥാപിക്കുക. 6-ാം മൈൽ, 8-ാം മൈൽ ഭാഗങ്ങളിലെങ്കിലും ഉടൻ പൊതുമാർക്കറ്റ് സ്ഥാപിക്കുക ആവശ്യമാണ്.

4. മത്സ്യ-മാംസ വിപണനത്തിനു പ്രത്യേക സ്ഥലങ്ങൾ നിശ്ചയിക്കുക.

5. പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രസ്തുത കേന്ദ്രങ്ങളിൽ കൂടി വിതരണം നടത്തേണ്ടതായ അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ മറ്റു വസ്തുക്കൾ എന്നിവ കരിഞ്ചന്തയിലേക്കു പ്രവഹിക്കുന്നത് തടയുക.

6. കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുകയും മുമ്പുണ്ടായിരുന്ന കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ജിജി കെ. ഫിലിപ്പ്

◆◆



നവംബർ 1 പുനരർപ്പണം

5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

ജീവസന്ധാരണത്തിന് വായുവും, ആഹാരവും പോലെതന്നെ അത്യന്താപേക്ഷിതമാണ് വെള്ളവും.വളരെയേറെ മാരകവും, അല്ലാത്തതുമായ പലതരം രോഗങ്ങൾ വെള്ളത്തിൽ കൂടി പകരുന്നു എന്നതുകൊണ്ട് ആരോഗ്യകരമായ ജീവിതത്തിന് ശുദ്ധജലംതന്നെ ഉപയോഗിക്കേണ്ടത് ആവശ്യമാണ്. "ഭൂമിയിൽ ജലം അമൂല്യവസ്തുവായിക്കൊണ്ടിരിക്കുന്നു, അത് പാഴാക്കിക്കളയരുത്." എന്ന ആപ്തവാക്യത്തിന്റെ പൊരുൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി സാവധാനത്തിൽ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അനുദിനം പട്ടണവല്ക്കരണം നടന്നു കൊണ്ടിരിക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ കൃഷിഭൂമികൾ പലതും നാൾക്കുനാൾ അപ്രത്യക്ഷമായി തൽസ്ഥാനത്ത് കെട്ടിടങ്ങളുയരുന്ന കാഴ്ച സാധാരണമായിരിക്കുന്നു. ജനസംഖ്യയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, ഉറവകളുടെ അഭാവവും ജല ദൗർലഭ്യത്തിനു പ്രധാനകാരണമായിരിക്കെ പഞ്ചായത്തിന്റെ പല ഭാഗങ്ങളും കുടിവെള്ളക്ഷാമത്തിന്റെ പിടിയിലാണ്. പൊതുവേ ജനുവരി - ഫെബ്രുവരി മുതൽ കാലവർഷം കനിയുന്നതു വരെയുള്ള കാലഘട്ടം രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന്റേതാണെന്നു പറയാം.

ഏതാണ്ട് മുഴുവൻ ആളുകളുംതന്നെ കുടിവെള്ളത്തിനായി ആശ്രയിച്ചുവന്നിരുന്നത് കിണർ, കുളം, ഓലി ഇവയിലൊന്നിനെയാണ്. ഉറവകളുടെ അഭാവത്താൽ ഇത്തരത്തിലുള്ള 60% ജലസ്രോതസ്സുകളും വറ്റുന്ന വേനൽക്കാലത്ത് 60 മുതൽ 70 ശതമാനം ജനങ്ങൾക്കും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

കുടിവെള്ളത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ടുന്ന അവസ്ഥ പല വാർഡുകളിലുമുണ്ട്. 9 വാർഡുകളിലായി പഞ്ചായത്തുവക 19 പൊതുകിണറുകളുള്ളതിൽ 10 എണ്ണവും വേനൽക്കാലത്തു വറ്റുന്നവയാണ്. ചക്കുപള്ളം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരുന്ന 4 കുഴൽ കിണറുകളിൽ ഒന്നു പോലും പ്രവർത്തനക്ഷമമല്ല എന്നത് ഇത്തരം കിണറുകൾ നമ്മുടെ ഭൂപ്രകൃതിക്ക് ചേരുന്നതല്ല എന്നതിന് നിദാനമായിത്തീർന്നിരിക്കുന്നു.

പാഴ്വേലയായി മാറിയ ചക്കുപള്ളം പദ്ധതി

ഏറെ കൊട്ടിഘോഷിക്കുകയും, ചക്കുപള്ളം കുമളി പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുമെന്നു കരുതപ്പെടുകയും ചെയ്ത പദ്ധതിയാണ് ചക്കുപള്ളം പെരിയാർ ജലവിതരണപദ്ധതി. തേക്കടിയിൽ നിന്നും വെള്ളം ഒട്ടകത്തലമേട് ടാങ്കിലും അണക്കര ടാങ്കിലുമെത്തിച്ച്, പള്ളമുറിടാങ്ക് ചക്കുപള്ളം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തിൽ, കോടികൾ മുടക്കി കേന്ദ്രസഹായത്താൽ പണിതീർത്ത് 1995-ൽ ഈ പദ്ധതി കമ്മീഷൻ ചെയ്തു. കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിലാകമാനം 207 പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ, കമ്മീഷൻ ചെയ്തതു മുതൽ വെള്ളം പമ്പുചെയ്യുന്ന ദിവസങ്ങളിൽ ഒട്ടേറെ സ്ഥലങ്ങളിൽ പൈപ്പുകൾ തകർന്ന് വെള്ളം പാഴായിപ്പോകുന്നത് നിത്യസംഭവമാണ്. താഴ്ന്ന നിലവാരത്തിലുള്ള പൈപ്പുകളുപയോഗിച്ചതാണ് കാരണമെന്ന് പരക്കെ ആക്ഷേപമുണ്ട്. 207 ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നതിൽ 100 എണ്ണത്തോളം ഇപ്പോൾ പ്രവർത്തനക്ഷമമല്ലെന്നും, ആവശ്യാനുസരണമായോ ഉപഭോക്താക്കൾക്ക് ആനുപാതികമായോ അല്ല ഇവ സ്ഥാപിച്ചിരിക്കുന്നതെന്നും പല ഗ്രാമസഭകളിലും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പമ്പിംഗ് തടസ്സപ്പെട്ടു പല ദിവസങ്ങളിലും ജലവിതരണം മുടങ്ങുന്നതിനാൽ സ്ഥിരം പമ്പ് ഓപ്പറേറ്ററെ നിയമിക്കണമെന്നും ഗ്രാമസഭകളിൽ ശക്തമായി ആവശ്യപ്പെടുകയുണ്ടായി.

ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയാൽ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാവുന്നതാണ്. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുക, കേടായ ടാപ്പുകൾ നന്നാക്കുക, സ്ഥിരം പമ്പ് ഓപ്പറേറ്ററെ നിയമിക്കുക, ഹൗസ് കണക്ഷനുകൾ നല്കുക, ടാപ്പുകൾ ഇല്ലാത്ത ഭാഗങ്ങളിലേക്കു കൂടി പൊതു ടാപ്പുകൾ വ്യാപിപ്പിക്കുക തുടങ്ങിയവ സത്വരമായി ചെയ്യേണ്ടതുണ്ട്.

അലസമായി കൈകാര്യം ചെയ്യുന്നതു മൂല

വും കേടുപാടുകൾ വരുത്തുന്നതിനാലും പല ടാപ്പുകളും ഉപയോഗയോഗ്യമല്ലാതായിട്ടുണ്ട്. പൊതു ടാപ്പിനരികിൽ കന്നുകാലികളെ കുളിപ്പിക്കുന്നതും, അശ്രദ്ധമായി വെള്ളം തുറന്നു വിടുന്നതും അനുവദിക്കാവുന്നതല്ല. ഇതിനുവേണ്ടി ജനങ്ങളെ ബോധവല്ക്കരിക്കേണ്ടതുണ്ട്. പൊതുമുതൽ അലസമായും അശ്രദ്ധമായും കൈകാര്യം ചെയ്ത് നശിപ്പിക്കുന്നവർക്ക് പിഴ ചുമത്താവുന്നതുമാണ്.

ഹൗസ് കണക്ഷൻ നൽകാം എന്ന വ്യാജേന ജനങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും നാളിതുവരെ നടപ്പിലാക്കാൻ വാട്ടർ അതോറിട്ടിക്ക് കഴിഞ്ഞിട്ടില്ല. പല പ്രദേശങ്ങളിലും പൈപ്പ് ലൈൻ ഇട്ടിട്ടില്ല.

1994-95 വർഷത്തിൽ പഞ്ചായത്തിലെ 2119 പേർക്കും, 95-96 വർഷത്തിൽ 1847 പേർക്കും ജലജന്യരോഗങ്ങളുണ്ടായി എന്നത് ശുദ്ധജല ഉപയോഗത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്ന വസ്തുതയാണ്.

ചെറുകിട ജല വിതരണ പദ്ധതികൾ

2-ാം വാർഡ് നടുവണക്കര, സുൽത്താൻകട എള്ളിൻ കാലാ റോഡ് സൈഡ്, VII-ാം വാർഡ് 5-ാം മൈൽ ഭാഗം, 9-ാം വാർഡ് മാധവൻ കാനം, കല്ലേപ്പുരമേട്, മേൽമാധവൻകാനം, പത്തുമുറിമേട് എന്നിവിടങ്ങളിൽ പൊതുകിണറുകൾ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കാവുന്നതാണെന്ന് ഗ്രാമസഭകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ഇടത്തരം പദ്ധതികൾ

VI-ാം വാർഡിൽ ഉദയഗിരിമേട്, ചെല്ലാർ കോവിൽ 1-ാം മൈൽ, കുങ്കിരിപ്പൊട്ടി എന്നിവിടങ്ങളിലും VI-ാം വാർഡ് പളിയക്കുടി, 6-ാം മൈൽ സ്റ്റേഡിയത്തിനു സമീപം എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിച്ചാൽ ആ പ്രദേശത്തെ ജലക്ഷാമത്തിനു പരിഹാരമാവുന്നതാണ്.

കൂടാതെ 1-ാം വാർഡിലെ അമ്പലമേട്, ബാലകൃഷ്ണൻമേട്, VII-ാം വാർഡിൽ 6-ാം മൈൽ അമ്പലമേട് VI-ാം വാർഡ് പളിയക്കുടി, V-ാം വാർഡിലെ ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ടാങ്കുകൾ പണിത് വെള്ളമെത്തിച്ച് വിതരണം നടത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

IX-ാം വാർഡിൽ കള്ളിവയൽ മേട്ടിൽ, നിലവിലുള്ള സ്വാഭാവിക കുളത്തിൽ നിന്നും കുറഞ്ഞ ചെലവിൽ വെള്ളമെത്തിക്കാവുന്നതാണ്. സൊസൈറ്റിപ്പടി വെള്ളാരം കുന്ന് റോഡിൽ പൈപ്പ് ഇടുന്ന കാര്യം അടിയന്തര പ്രാധാന്യമർഹിക്കുന്നു.

മറ്റു നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിൽ, കുഴികളും ടാങ്കുകളും നിർമ്മിച്ച് മഴവെള്ളം സംഭരിക്കുക.
2. നിലവിലുള്ള ജലസ്രോതസ്സുകൾ അറ്റകുറ്റപ്പണികൾ നടത്തിയും വൃത്തിയായും പരിരക്ഷിക്കുക.
3. പൊതുജന ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുക.

ആരോഗ്യം

കുടിയേറ്റ മേഖലയായ ചക്കുപള്ളം പഞ്ചായത്ത് പ്രദേശത്ത് ആദ്യകാലങ്ങളിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പ്രദേശത്തുള്ള പാരമ്പര്യവൈദ്യന്മാരെയും എളുപ്പത്തിൽ കിട്ടുന്ന ചികിത്സാരീതികളെയും ജനങ്ങൾ ആശ്രയിച്ചുപോന്നു. ചികിത്സ ലഭിക്കണമെങ്കിൽ വിദൂര പ്രദേശങ്ങളിലെ ആശുപത്രികളെ സമീപിക്കേണ്ട അവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. 1980-ൽ ഗവ: റൂറൽ ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച് 1988 നവമ്പറിൽ പ്രാഥമികാരോഗ്യ കേന്ദ്രമായി മാറിയ സർക്കാർ ആശുപത്രിയാണ് ചക്കുപള്ളം പഞ്ചായത്തിൽ ആകെയുള്ള അലോപ്പതി ചികിത്സാകേന്ദ്രം. ഇതുകൂടാതെ ഒരു സർക്കാർ ഹോമിയോ ആശുപത്രിയും, കിടത്തി ചികിത്സിക്കുന്ന ഒരു സ്വകാര്യ ആശുപത്രിയും, 4 ആയുർവേദ ഔഷധ ശാലകളും ഏതാനും സ്വകാര്യക്ലിനിക്കുകളും, ഒരു പാരമ്പര്യ വിഷചികിത്സാ കേന്ദ്രവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നിരുന്നാലും ചികിത്സക്കായി കിലോമീറ്ററുകൾ താണ്ടേണ്ട അവസ്ഥയാണ് ഈ പഞ്ചായത്തിൽ ഇന്നും നിലവിലുള്ളത്.

കിടത്തി ചികിത്സിക്കത്തക്ക തരത്തിലുള്ള ആശുപത്രികളിലെത്താൻ 6 മുതൽ 30 കി. മീ. വരെയും വിദഗ്ദ്ധ ചികിത്സകൾ ലഭിക്കാൻ നൂറിലേറെ കി. മീ.ഉം സഞ്ചരിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി ശരാശരിയിലും താഴെ നില്ക്കുന്നു. 1991-ലെ സെൻസസ് പ്രകാരം 17714 ആയിരുന്ന ജനസംഖ്യ ഇപ്പോൾ ഇരുപതിനായിരത്തോടടുത്തു നില്ക്കുന്നു. വ്യാപാര-വിദ്യാഭ്യാസ രംഗങ്ങളിലെ വളർച്ചയും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും നിമിത്തമുണ്ടാകുന്ന കുടിയേറ്റം ഇതിനൊരു കാരണമാണ്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പ്രദേശമായതിനാൽ ഈ സ്ഥിതി ഇനിയും തുടർന്നേക്കാം. എന്തായാലും സമഗ്രമായ ഒരു ആരോഗ്യപരിപാടി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു.

പട്ടിക 1

കുടിവെള്ളപ്രശ്നം പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
I	അമ്പലമേട് ബാലകൃഷ്ണൻമേട് അംബേദ്കർ കോളനി ചിറ്റാംപാറ ശിവരാമപുരം സുൽത്താൻകട	ടാങ്ക് നിർമ്മിച്ച് ചക്കുപള്ളം പദ്ധതിയിലെ വെള്ളമെത്തിച്ച് വിതരണം ചെയ്യുക. നിലവിലുള്ള പൊതുകിണർ അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയാക്കുക. നിലവിലുള്ള കിണറിന്റെ ആഴം കൂട്ടുക. K.W.A. കുളം ആഴം കൂട്ടുക, ഓവർഹെഡ് ടാങ്ക് പരിസരം വൃത്തിയാക്കുക.
II	സ്കൂൾ കവല 1-ാം മൈൽ, അത്തിമൂട്, ചെല്ലാർ കോവിൽ 1-ാം മൈൽ, നടുവണക്കര കോളനി, ചെല്ലാർകോവിൽ - അണക്കര റോഡ് വാലുമണ്ണേൽ സുൽത്താൻകട - അണക്കര റോഡ് പള്ളിക്കവല സ്കൂൾ സുൽത്താൻകട കോളനി അണക്കര ടൗൺ നടുവണക്കര, സുൽത്താൻകട എള്ളിൻകാലാ റോഡ്	K.W.A. Pipe line കൾ നീട്ടുക. സ്കൂൾ കോമ്പൗണ്ട് കിണർ അറ്റകുറ്റപ്പണികൾ നടത്തുക, വൃത്തിയാക്കുക. K.W.A കുളം ആഴം കൂട്ടി പമ്പിംഗ് കൃത്യമായി നടത്തുക. കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക, House Connections നല്കുക. പൊതുകിണറുകൾ സ്ഥാപിക്കുക.
III	കടുക്കാസിറ്റി, നെറ്റിത്തൊഴു, മൈലാടും പാറ, കരിപ്പാപ്പറമ്പൻ മേട്, പശുപ്പള്ളിമേട്	കുളങ്ങളും കിണറുകളും നിർമ്മിക്കുക പൊതുടാപ്പുകൾ നിർമ്മിക്കുക.
IV	ഉദയഗിരിമേട് ചെല്ലാർകോവിൽ 1-ാം മൈൽ, കുങ്കിരിപ്പെട്ടി ചെല്ലാർകോവിൽ- അരുവിക്കുഴി	താഴ്വാരത്ത് കുളം നിർമ്മിക്കുക. കുളം നിർമ്മിക്കുക, K.W.A. Pipe line നീട്ടുക. K.W.A. Pipe line നീട്ടുക.
V	വലിയപാറ പാണ്ടിക്കുഴി ഉയർന്ന പ്രദേശങ്ങൾ 6-ാം മൈൽ, കുങ്കിരിപ്പെട്ടി കൃഷി ഭവൻ റോഡ്	കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക ടാങ്കുകൾ നിർമ്മിക്കുക. F.W. centre വെള്ളമെത്തിക്കുക. House connection നല് കുക
VI	6-ാം മൈൽ- പളിയക്കുടി റോഡ്, മറ്റപ്പള്ളി ജംഗ്ഷൻ - ചക്കുപള്ളം റോഡ്, ഗാന്ധിനഗർ, പളിയക്കുടി കോളനി, 6-ാം മൈൽ- ചക്കുപള്ളം 7-ാം മൈൽ റോഡ് പളിയക്കുടി കോളനി 6-ാം മൈൽ	K.W.A. ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക നിലവിലുള്ള കുളത്തിൽ നിന്നും ഉയർന്ന സ്ഥലത്തെ ടാങ്കിൽ വെള്ളമെത്തിച്ച് വിതരണം ചെയ്യാവുന്നതാണ്. സ്റ്റേഡിയത്തിനു സമീപം കുളം നിർമ്മിക്കുക. കാരപ്പറമ്പിൽ കിണർ പുതുക്കിപ്പണിയുക.

VII	6-ാം മൈൽ 5-ാം മൈൽ നാലാം മൈൽ ടോപ്പ്, ശാന്തിഗിരി	K.W.A. കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക, പൊതുകിണർ അറ്റകുറ്റപ്പണികൾ നടത്തുക. മേട്ടിൽ ടാങ്ക് നിർമ്മിക്കുക. പൊതുകിണർ സ്ഥാപിക്കുക.
VIII	പത്തുമുറി വരിക്കാനിക്കൽ മേട് മേപ്പാറ, മേചക്കുപള്ളം	കുളങ്ങളും കിണറുകളും നിർമ്മിക്കുക K.W.A. ടാപ്പുകൾ നിർമ്മിക്കുക.
IX	കല്ലേപ്പുരമേട്, മാധവൻകാനം, മേൽമാധവൻകാനം കുത്തുകൽത്തേരി, മേപ്പാറ പത്തുമുറിമേട് കള്ളിവയൽ മേട് സെസൈറ്റിപ്പടി - വെള്ളാരംകുന്ന് റോഡ്	താഴ്വാരത്ത് കുളം നിർമ്മിക്കുക. കുളം നിർമ്മിക്കുക

പ്രാഥമികാരോഗ്യകേന്ദ്രം - ചക്കുപള്ളം

ഗ്രാമപ്രദേശത്തെ ജനങ്ങളുടെ അടിസ്ഥാന ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട സ്ഥാപനമെന്ന നിലയിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. 10 കിടക്കകളോടു കൂടിയ I.P.യും സുസജ്ജമായതും അത്യാവശ്യമരുന്നുകൾ ലഭ്യമാകുന്നതുമായ O.P. വിഭാഗവും അത്യാവശ്യ സ്റ്റാഫും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. പഞ്ചായത്തിലെ മാതൃശിശുസംരക്ഷണം, പ്രതിരോധ കുത്തിവയ്പുകൾ, പകർച്ചവ്യാധി നിയന്ത്രണം, കുടുംബക്ഷേമ പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, പൊതജനാരോഗ്യ പ്രവർത്തനങ്ങൾ എല്ലാം നിർവ്വഹിക്കേണ്ടത് ഈ സ്ഥാപനം തന്നെ.

നിർഭാഗ്യമെന്നു പറയട്ടെ, പരാധീനതകളുടെ മാത്രം കഥയേ ഈ ആതുരാലയത്തിനു സ്വന്തമായുള്ളു. 1980-ൽ G.R.D. ആയി പ്രവർത്തനം ആരംഭിച്ച് 1988-ൽ പ്രാഥമികാരോഗ്യകേന്ദ്രമായി മാറിയ സ്ഥാപനത്തിന് ഇന്നേവരെ സ്വന്തമായി കെട്ടിടങ്ങളില്ല. ഇന്ന്പ്രാഥമികാരോഗ്യകേന്ദ്രം പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ചുള്ള ഒരു മുറിയിൽ വീർപ്പുമുട്ടി പ്രവർത്തിക്കുന്നു. O.P. വിഭാഗം, ഫാർമസി, ഇൻജക്ഷൻ, മറ്റു ചികിത്സകൾ എല്ലാം ഈ മുറിയിൽതന്നെ പ്രവർത്തിക്കുന്നു. ഇതുകൂടാതെ ആശുപത്രി ഓഫീസും, ഫീൽഡു സ്റ്റാഫിന്റെ ഓഫീസും ഇതേ മുറിയിൽത്തന്നെയാണുള്ളത്. ബുധനാഴ്ചതോറുമുള്ള കുട്ടികൾക്കുള്ള പ്രതിരോധചികിത്സയും, ഗർഭിണികൾക്കുള്ള ക്ലിനിക്കുകളും നടത്താൻ ഇതല്ലാതെമറ്റിടമില്ല. 7-ാം മൈലിൽ പി. എച്ച്. സി. നിർമ്മിക്കുന്നതിനുള്ള സ്ഥലം സ്വന്തമായുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഇതുവരെ ആരംഭിച്ചിട്ടില്ല. ഈയാവശ്യത്തിനായി J.R.Y. പദ്ധതിയിൽ 3 ലക്ഷത്തോളം രൂപ നീക്കിവച്ചിട്ടുള്ളതുമാണ്. ആശുപത്രിക്കെട്ടിടവും സ്റ്റാഫിനാവശ്യമായ ക്വാർട്ടേഴ്സും മറ്റ് സൗകര്യങ്ങളും എത്രയും വേഗമുണ്ടാകണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ശക്തമായ ആവശ്യമുയർന്നിട്ടുണ്ട്. ഒരു മെഡിക്കൽ ഓഫീസറും, ആശുപത്രി സ്റ്റാഫും, ഫീൽഡു സ്റ്റാഫുമുൾപ്പടെ 17 ജീവനക്കാർ ഇപ്പോൾ സ്ഥാപനത്തിലുണ്ട്.

ഫാർമസിസ്റ്റ് തസ്തിക നാളുകളായി ഒഴിവായി കിടക്കുന്നു. സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ നിലവിലില്ലതാനും. ഒഴിവായിക്കിടക്കുന്ന തസ്തികകളിലും, പുതിയ തസ്തികകൾ സൃഷ്ടിച്ച് അതിലും ഉടൻ നിയമനം നടത്തണമെന്ന ആവശ്യവുമുയർന്നിട്ടുണ്ട്. ആവശ്യമരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്. ആശുപത്രി സൗഹൃദസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനം വഴി പൊതുജന പങ്കാളിത്തത്തോടെ ഈ സ്ഥാപനത്തിന്റെ പരാധീനതകൾ കുറെയേറെ പരിഹരിക്കാവുന്നതാണ്.

സബ്സെന്ററുകൾ

ഗർഭിണികൾക്കും, കുട്ടികൾക്കും പ്രതിരോധ ചികിത്സയും ശുശ്രൂഷയും ഉപദേശങ്ങളുമുൾപ്പെടെയുള്ള മാതൃശിശു സംരക്ഷണ പരിപാടികൾ, പകർച്ചവ്യാധി നിയന്ത്രണം ആരോഗ്യബോധവൽക്കരണ പരിപാടികൾ, കുടുംബക്ഷേമം, വയറിളക്കരോഗനിവാരണം, നിസ്സാര രോഗങ്ങൾക്കുള്ള ചികിത്സകൾ തുടങ്ങി അടിസ്ഥാന ആരോഗ്യസേവന പരിപാടികൾ ജനങ്ങൾക്കെത്തിക്കാൻ ചുമതലപ്പെട്ട വയാണ് ആരോഗ്യ ഉപകേന്ദ്രങ്ങൾ. 2500 മുതൽ

പട്ടിക - 2

സബ്സെൻററുകളുടെ വിവരം

Sl No.	സെൻററിന്റെ പേര്	വാർഡ്	സ്വഭാവം	റിമാർക്ക്
1	മെയിൻ സെൻറർ	I	സ്വന്തമായി കെട്ടിടമില്ല	പ്രാഥമികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ചു പ്രവർത്തിയ്ക്കുന്നു. പട്ടികജാതി കോളനികൾ ഉൾപ്പെടുന്നു.
2	പാമ്പുപാറ	III & II (ഭാഗികം)	സ്വന്തമായി കെട്ടിടമില്ല	മൈലാടും പാറയിൽ സ്ഥലമെടുത്തിട്ടുണ്ട്
3	അണക്കര	II (ഭാഗികം) & IV	സ്വന്തമായി കെട്ടിടമുണ്ട്	
4	ചക്കുപള്ളം	V & VII	സ്വന്തമായി കെട്ടിടമുണ്ട്	പഴയ F.W. സെൻറർ അറ്റകുറ്റപ്പണികൾ തീർക്കേണ്ടിയിരിക്കുന്നു.
5	പളിയക്കുടി	VI & VIII	സ്വന്തമായി കെട്ടിടമില്ല	പളിയക്കുടിയിൽ സ്ഥലമുണ്ട്. പട്ടികവർഗ്ഗകോളനി ഉൾപ്പെടുന്നു.
6	ആനവിലാസം	IX	സ്വന്തമായി കെട്ടിടമുണ്ട്	

3000 വരെ ജനങ്ങൾക്ക് ഒരു സബ്ബ് സെൻറർ എന്നാണ് സർക്കാർ വിഭാവന. ഈ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളും, മറ്റുപകരണങ്ങളും സൗകര്യങ്ങളും ആവശ്യമുണ്ട്. ഓരോ സബ്ബ് സെൻററിലും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും ഉണ്ടായിരിക്കേണ്ടതാണ്. ഈ സ്ഥാപനത്തിനു കീഴിൽ 6 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 3 എണ്ണത്തിനെ സ്വന്തമായി കെട്ടിടമുള്ളു. ശേഷിക്കുന്നവയിൽ സ്വന്തമായി സ്ഥലം അനുവദിച്ചിരിക്കുന്ന ഉപകേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ആനുപാതികമായി 6 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ആവശ്യമുള്ളിടത്ത് 3 തസ്തികകളെ നിലവിലുള്ളു. അധിക തസ്തികകൾ സൃഷ്ടിച്ച് നിയമന നടത്തേണ്ടതും ആവശ്യമാണ്.

"രോഗം വന്ന് ചികിത്സിച്ചു ഭേദമാക്കുന്നതിനേക്കാൾ രോഗം വരാതെ കാക്കുന്നതാണ് ഉത്തമം". ജനങ്ങളെ ബോധവല്ക്കരിക്കുകയാണ് പ്രധാന ഉപാധി. ആരോഗ്യപ്രവർത്തനരംഗത്തെ നിഷ്ക്രിയതയും ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും ഈ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യ സംരക്ഷണ രംഗത്ത് ഒരു പുതിയ ഉണർവ്വ് ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബോധവല്ക്കരണ പരിപാടികളിൽ, ആരോഗ്യ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, മഹിളാ സമാജങ്ങൾ, മഹിളാ സ്വസ്ത് സംഘങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയെ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ച് ഒരു "ബോധവല്ക്കരണ ടീം" രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

20,000-ഓളം ജനങ്ങൾ വസിക്കുന്ന പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്നത് ജലജന്യരോഗങ്ങളായ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ് എന്നിവയാണ്. 92-93ൽ 1414ഉം 93-94ൽ 2326ഉം 94-95ൽ 2119ഉം 95-96ൽ 1847ഉം ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. ശുദ്ധജലവിതരണവും, ബോധവൽക്കരണവും കൊണ്ട് ഇത്തരം രോഗങ്ങൾ ഗണ്യമായി കുറയ്ക്കാവുന്നതാണ്. കൂടാതെ വായുജന്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, വാതരോഗങ്ങൾ ഇവയും കണ്ടുവരുന്നു. ജനനനിരക്ക് 18ഉം മരണനിരക്ക് 6ഉം ആണ്. കുടുംബവലിപ്പം ശരാശരി 2.8 (Children/Family). 3-ലേറെ കുട്ടികളുള്ള 1212ൽ 1169 ദമ്പതികളും, 2 കുട്ടികളുള്ള 1042-ൽ 924ഉം ശേഷിക്കുന്ന 435ൽ 81ഉം ദമ്പതികൾ ഏതെങ്കിലും കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണ്. 100% ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും പ്രതിരോധ ചികിത്സ നല്കപ്പെടുന്നു. (അവലംബം: ആരോഗ്യവകുപ്പ് റിപ്പോർട്ട്) പോളിയോ നിർമ്മാർജ്ജന പരിപാടിയായ പൾസ് പോളിയോ ഇമ്മ്യൂണൈസേഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. പൊതുജന പങ്കാളിത്തം ഇതിന്റെ വിജയത്തിനാവശ്യമാണ്.

I.C.D.S. റിപ്പോർട്ട് പ്രകാരം 5 വയസ്സിൽ താഴേ

യുള്ള 245 കുട്ടികൾക്ക് ലഘുവും 37 കുട്ടികൾക്ക് മിതവുമായ പോഷകാഹാരക്കുറവുണ്ട്. അംഗൻവാടികളുമായി ബന്ധപ്പെടുത്തി ഇവർക്ക് പോഷകാഹാരവിതരണവും ചികിത്സയും ലഭ്യമാക്കേണ്ടതാണ്.

സുൽത്താൻകടയിൽ നിർമ്മാണത്തിലിരിക്കുന്ന സ്വകാര്യ ആയുർവ്വേദഗവേഷണ ചികിത്സാകേന്ദ്രം, ആരോഗ്യപരിപാലന രംഗത്ത് ഈ പഞ്ചായത്തിൽ ഒരു നാഴികക്കല്ലാവുമെന്നാണ് സൂചന. ചക്കുപള്ളം 6-ാം മൈലിൽ പ്രവർത്തിച്ചുവന്നിരുന്ന മലനാട് സഹകരണ ആശുപത്രി പുനരുജ്ജീവിപ്പിക്കണമെന്നും സർക്കാർ ഹോമിയോ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്നും, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ ക്ലിനിക്കുകളുടെ യോഗ്യതയും നിലവാരവും പരിശോധനാ വിധേയമാക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. ചക്കുപള്ളം, കുമളി, വണ്ടൻമേട്, അയ്യപ്പൻകോവിൽ, വണ്ടിപ്പെരിയാർപഞ്ചായത്തുകളുടെ പല വാർഡുകൾക്കും പ്രയോജനം ലഭിക്കത്തക്കവിധം ആനവിലാസത്ത് ആശുപത്രി സ്ഥാപിക്കണമെന്ന ആവശ്യത്തിനും പ്രസക്തിയുണ്ട്.

കക്കൂസ്

പകർച്ചവ്യാധികളിൽ നിന്ന് രക്ഷനേടാനും, പരിസര ശുചിത്വം പാലിക്കാനും കക്കൂസുകൾ അനുപേക്ഷണീയമാണ്. 75% വീടുകളിലും കക്കൂസുകളില്ല. ജലജന്യരോഗങ്ങൾ, വിരശല്യം തുടങ്ങിയവയ്ക്കുള്ള പ്രധാനകാരണവും ഇതുതന്നെ. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ചുവടെ ചേർക്കുന്നു.

തടസ്സകാരണം	പരിഹാരം
സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തുക
സ്ഥലപരിമിതി കോളനികൾ ജനസാന്ദ്രത കൂടിയ സ്ഥലങ്ങൾ	പൊതുസെപ്റ്റിക് ടാങ്ക് നിർമ്മിക്കുക
ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തത്	ആരോഗ്യബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ബോധവൽക്കരണ ടീമിന്റെ കൂട്ടായ പ്രവർത്തനം

പരിസര ശുചിത്വം

ചക്കുപള്ളം പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായവല്ക്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അതു മൂലമുണ്ടാകുന്ന മലിനീകരണത്തിനു പ്രസക്തിയില്ല. എങ്കിലും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മറ്റും പുറം തള്ളുന്ന മാലിന്യങ്ങൾ പല പ്രദേശങ്ങളിലും പ്രശ്നമായിട്ടുണ്ട്. പട്ടണ വല്ക്കരണം ദ്രുതഗതിയിൽ നടക്കുന്നതിനാൽ ഭാവിയിൽ പ്രശ്നം രൂക്ഷമാകാനുള്ള സാദ്ധ്യത നില നില്ക്കുന്നു.

ശുചീകരണപ്രവർത്തനത്തിന് സ്ഥിരമായി ആളുകളെ നിയമിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ഏറെ പ്രസക്തങ്ങളാണ്.

1. അണക്കര, 6-ാം മൈൽ എന്നീ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തകരെ നിയമിക്കുക.
2. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ ഓടകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുകയും, അറ്റകുറ്റപ്പണികൾ തീർക്കുകയും ചെയ്യുക.
3. ടൗണിൽ റോഡരുകിൽ മത്സ്യക്കച്ചവടം നടത്തുന്നതു തടയുക.
4. അണക്കരയിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുക.
5. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വില്ക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് നടപടികൾ രൂപപ്പെടുത്തുക.
6. മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കാൻ സംവിധാനം ഏർപ്പെടുത്തുക.
7. ഹോട്ടലുകൾ, ആഹാരപദാർത്ഥങ്ങൾ വില്ക്കുന്ന കടകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്കു വിധേയമാക്കുകയും, പാലിക്കുന്നെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

   ഇവിടങ്ങളിലെ ജോലിക്കാർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പാക്കുക.
8. കച്ചവടക്കാരെ ബോധവല്ക്കരിക്കുകയും ചപ്പുചവറും മാലിന്യങ്ങളും പൊതുസ്ഥലങ്ങളിലും ഓടകളിലും നിക്ഷേപിക്കുന്നതു തടയുകയും ചെയ്യുക.
9. അണക്കര, 6-ാം മൈൽ പ്രദേശങ്ങളിൽ ഡസ്റ്റുബിനുകൾ സ്ഥാപിക്കുകയും ചപ്പുചവറുകൾ അതിൽ നിക്ഷേപിക്കാൻ നിർദ്ദേശം നല്കുകയും ചെയ്യുക. അവ എടുത്തുമാറ്റി ഫലപ്രദമായി സംസ്കരിക്കുക.

10. ഈച്ച, കൊതുക്, എലി ഇവയെ നശിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുക.
11. അണക്കരയിലും 6-ാം മൈലിലും അടിയന്തിരമായി മൂത്രപ്പുരകൾ സ്ഥാപിക്കുക.
12. പേയ് വിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുക. വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നൽകുകയും അലഞ്ഞുതിരിഞ്ഞ നായ്ക്കളെ നശിപ്പിക്കാനും കർമ്മപരിപാടി ആവിഷ്ക്കരിക്കുക.
13. ഗോയിറ്റർ നിയന്ത്രണത്തിനായി അയഡിൻ ചേർത്ത ഉപ്പിന്റെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ


പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക, കാലാകാലങ്ങളിൽ പൊതു കിണറുകളും മറ്റും ക്ലോറിനേറ്റു ചെയ്യുക, കൊതുക്, ഈച്ച മുതലായവ പെരുകുന്നത് തടയുക, അടുക്കളത്തോട്ടങ്ങൾ, കംപോസ്റ്റു പിറ്റുകൾ, സോക്കേജ് പിറ്റുകൾ എന്നിവ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിച്ച് പരിസരമലിനീകരണം തടയുക, പച്ചക്കറികളിൽ അമിതമായി രാസവസ്തുക്കൾ പ്രയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക തുടങ്ങിയവ പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്നതാണ്.

പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി, മുറുക്കൽ, മദ്യപാനം എന്നിവ പ്രചാരണബോധവല്ക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണവിധേയമാക്കാവുന്നതാണ്. രക്തദാനം, നേത്രദാനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക. ഈ നൂറ്റാണ്ടിന്റെ മഹാരോഗമായ എയ്ഡ്സിനെതിരെ സന്നദ്ധസംഘടനകളേയും, വിദഗ്ദ്ധരേയുമുൾപ്പെടുത്തി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിസ്സാരങ്ങളായി കരുതുന്ന ഈച്ച, കൊതുക്, എലി എന്നിവ പരത്തുന്ന ഭീകര രോഗങ്ങൾ അയൽ സംസ്ഥാനങ്ങളിലും നമ്മുടെ നാട്ടിലും സാധാരണമായിരിക്കുന്നു. അയൽ സംസ്ഥാനക്കാർ വഴിയും, ജോലി തേടി അയൽ സംസ്ഥാനങ്ങളിൽ പോയിരിക്കുന്ന ഇന്നാട്ടുകാർ വഴിയും രോഗങ്ങൾ ഇവിടെയുമെത്താം എന്നത് ഒരു സത്യം മാത്രം. ആയതിനാൽ ഇവയെ നശിപ്പിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി തന്നെ സത്വരം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. കാലഹരണപ്പെട്ട പബ്ലിക് ഹെൽത്ത് ആക്ടുകൾ പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാകാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേണ്ടതുമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തേയും, ആരോഗ്യവകുപ്പ്, മറ്റു സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതു ജനങ്ങൾ എന്നിവരേയും കൂട്ടിയിണക്കി ആരോഗ്യ സമ്പുഷ്ടവും, ശുചിത്വമുള്ളതുമായ ഒരു ഗ്രാമം കെട്ടപ്പടുക്കാൻ നമുക്കു കൂട്ടായി യത്നിക്കാം; അതുവഴി 2000-ാം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നിറവേറ്റാനും.....

കെ. എം. സാബുക്കുട്ടി

**



വികസനജ്യോതി

5.6

വിദ്യാഭ്യാസം

വിദ്യാഭ്യാസ വിവേകത്തിന്റെ നടപ്പാതയാണ് സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവുമായ വളർച്ചയുടെ മേഖലകളിലേയ്ക്കുള്ള നടപ്പാത ഏതൊരു പൗരന്റെയും ഭാവിയെ പ്രകാശപൂർണ്ണമാക്കുന്നത് വിദ്യാഭ്യാസമാണ്. അതുകൊണ്ടാണ് വിദ്യാലയമാണ് ഏറ്റവും വലിയ ആലയമെന്ന് ശ്രീനാരായണ ഗുരു ഒരിക്കൽ പറഞ്ഞത്. അറിവില്ലായ്മയാണ് അനർഹരാവുന്നതിന്റെ കാരണമെന്നും. നിരക്ഷരതയും ദാരിദ്ര്യവുമാണ് ഏതൊരു സമൂഹത്തിന്റെയും ഏറ്റവും വലിയ ശാപമെന്നും അറിഞ്ഞുകൊണ്ടും ഇടുക്കിജില്ല ഇന്നും വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കമാണ്. കാർഷിക വിളകളുടെ റാണിയായ ഇടുക്കിജില്ലയുടെ വിദ്യാഭ്യാസ ഭൂപടം കടപ്പാടുകളുടെ കഥ പറയുന്നതാണ്. തമിഴ്നാടിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ചക്കുപള്ളം പഞ്ചായത്ത് വിദ്യാഭ്യാസപരമായി പിന്നോക്കമാണ്. മലയാളം - തമിഴ് വിഭാഗം ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ നാമമാത്രമാണ്. നിലവിലുള്ളതാവട്ടെ പോരായ്മകളുടെ നടുവിലും. നിലവിലുള്ള 5 സ്കൂളുകളിൽ രണ്ടെണ്ണം ഹൈസ്കൂളുകളും ബാക്കി രണ്ടെണ്ണം എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളും.

സ്വന്തമായി ഒരു വിദ്യാലയം എന്ന ഇവിടുത്തെ ജനങ്ങളുടെ മോഹം സഫലമായത് 1950-ലാണ്. ഏറെ തമിഴ്ക്കാർ അധിവസിക്കുന്ന ചക്കുപള്ളം മേഖലയിൽ സ്ഥാപിതമായ ഗോത്രവിദ്യാലയമാണ് പഞ്ചായത്തിലെ പ്രഥമവിദ്യാലയം. ആരംഭത്തിൽ എൽ. പി. വിഭാഗം മാത്രമായി പ്രവർത്തനം തുടങ്ങിയ ഈ സ്കൂൾ ഇന്ന് ഏറെ കുറവുകളുണ്ടെങ്കിലും ഹൈസ്കൂളായി ഉയർന്നിട്ടുണ്ട്.

പ്രഥമപള്ളിക്കൂടത്തിന്റെ എട്ടാം വയസ്സിൽ എട്ടാം മൈലിൽ 1958-ൽ മറ്റൊരു വിദ്യാലയം കൂടി ആരംഭിച്ച് ആരംഭത്തിൽ എൽ. പി. വിഭാഗം മാത്രമായിരുന്ന ഈ വിദ്യാലയവും ഇന്ന് ഹൈസ്ക്കൂളായി പ്രവർത്തിക്കുന്നു. 73-74 കാലയളവിലാണ് ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്തത്.

ആറാംമൈലിൽ ആരംഭിച്ച സെൻറ് ഡൊമിനിക്ക് വിദ്യാലയം ഈ പ്രദേശത്തെ ജനങ്ങളുടെ ആശാകേന്ദ്രമാണ്.

1995 അണക്കരയിൽ പ്രവർത്തനം ആരംഭിച്ച മോൺഡ് ഫോർട്ട് ഇംഗ്ലീഷ് വിദ്യാലയം പഞ്ചായത്തിന്റെ പ്രൗഡിക്ക് ഒരല്പം വർദ്ധനവുണ്ടാക്കി എന്നുള്ളത് വസ്തുതയാണ്. സമ്പന്ന ഫാമിലികൾക്ക് മാത്രം ആശ്രയിക്കാൻ കഴിയുന്ന പ്രസ്തുത സ്കൂൾ ഇവിടുത്തെ സാധാരണക്കാർക്കു പോലും ആകർഷകമായി തോന്നുകയും നല്ലൊരു വിഭാഗം ആളുകൾ തങ്ങളുടെ കുട്ടികളെ ഈ വിദ്യാലയത്തിൽ അയച്ചു പഠിപ്പിക്കാൻ തയ്യാറായിട്ടുണ്ട്.

എഴുപത്തഞ്ചോളം ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി 1995-ൽ പ്രവർത്തനം ആരംഭിച്ച പ്രതീക്ഷാനികേതനാണ് ചക്കുപള്ളം പഞ്ചായത്തിലെ മറ്റൊരു വിദ്യാലയം ഈ വിദ്യാലയം മറ്റു മേഖലകളിലെ ജനങ്ങളെ കൂടി ആകർഷിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ, അധ്യാപകർ

ക്ര. നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
1	ചക്കുപള്ളം	അല്ല	303	291	594	6	14	20
2	ജി. എച്ച്. എസ്. അണക്കര	അല്ല	959	824	1783	20	32	52
3	ആറാം മൈൽ	അല്ല	171	174	345	1	8	9
4	മോൺഡ് ഫോർട്ട് അണക്കര	അതെ	134	130	264	3	7	10
5	പ്രതീക്ഷാനികേതൻ അണക്കര	അതെ						
6	എ. കെ. എം. യു. പി. എസ്.	അതെ						

വർത്തമാനകാല വിദ്യാഭ്യാസചരിത്രം തിരയുന്നവർക്ക് ഇന്നാളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങളും, അസൗകര്യങ്ങളും കാണാതെ പോവാൻ കഴിയില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ

ജനവാസമുള്ള ഈ പ്രദേശത്ത് തൊള്ളായിരത്തി നാൽപ്പതുകൾ ആയപ്പോളാണ് ജനങ്ങൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. സ്വന്തം പഞ്ചായത്തിൽ ഒരു സ്കൂളുണ്ടായിരുന്നെങ്കിൽ എന്ന തോന്നൽ അതിനായുള്ള ഒരുപാട് ശ്രമങ്ങൾക്ക് കാരണമായി എങ്കിലും പതിനാറ് കി.മീ. അകലെയുള്ള മുരക്കടി സ്കൂളിൽ പോയി പഠനം നടത്തുവാൻ അന്നത്തെ വിദ്യാർത്ഥികൾ തയ്യാറായിരുന്നു. ഗതാഗതസൗകര്യമില്ലായ്മയും വാഹനങ്ങളുടെ അഭാവവും അറിവു തേടിയുള്ള ആ നീണ്ട നടത്തത്തിന് വിഘാതമായില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥ മൂലം നല്ലൊരു വിഭാഗം ആളുകൾ തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുന്നതിൽ നിന്ന് പിൻവാങ്ങി. വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറെ വർദ്ധിച്ചിട്ടും, സാഹചര്യങ്ങളും, സൗകര്യങ്ങളുടെയും ലഭ്യതയുടെ നടുവിലും അലസത കൊണ്ട് അറിവ് സ്വയം നിഷേധിക്കുന്ന ഇന്നത്തെ ഒരു വിഭാഗത്തിന് ഗുണപാഠമായി തീരേണ്ടതാണ് ഇവിടുത്തെ പഴമക്കാരുടെ പഠനം. ആദ്യകാലത്ത് ഇല്ലാതെ പോയ തമിഴ് വിദ്യാലയം. ഇവിടുത്തെ തമിഴ്ക്കാരുടെ വിദ്യാഭ്യാസ പുരോഗതിയുടെ മന്ദഗതിയിലാക്കി. നാൽപ്പത്താറ് വർഷത്തെ പഴക്കമുള്ള ഇവിടുത്തെ വിദ്യാഭ്യാസ മേഖല ഇന്നും ബാലാരിഷ്ടതകളുടെ കൂടെയാണ്. നിലവിലുള്ള രണ്ട് സർക്കാർ വിദ്യാലയങ്ങളിലും ആവശ്യത്തിന് ഫർണീച്ചറോ കെട്ടിടങ്ങളോ അധ്യാപകരോ, മറ്റു അവശ്യസൗകര്യങ്ങളോ ഇല്ല. അണക്കരയിൽ പ്രവർത്തിയ്ക്കുന്ന ഹൈസ്കൂൾ വർഷങ്ങളായി ഷിഫ്റ്റ് സമ്പ്രദായത്തിന്റെ പിടിയിലാണ്. ഇതാണ് ഈ വിദ്യാലയത്തിന്റെ ഏറ്റവും വലിയ ശാപവും. ഒരു കാലത്ത് മൂവായിരം തമിഴ്- മലയാളം വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്ന ഈ വിദ്യാലയത്തിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെട്ടുവരികയാണ്. തകർന്ന നിലയിലുള്ള കെട്ടിടങ്ങളും, ആവശ്യത്തിന് അധ്യാപകരില്ലായ്മയും കൂടി ചേരുമ്പോൾ പോരായ്മകളുടെ പട്ടിക പൂർത്തിയാവുന്നു.

LP. UP. H.S. വിഭാഗങ്ങളിലെ കുട്ടികളുടെ കണക്ക്

	എൽ. പി.			യു. പി.			എച്ച്. എസ്.		
ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
	628	594		518	813		421	400	
ആകെ									

മിക്ക വിദ്യാലയങ്ങളിലും P.T.A. ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും വിജയശതമാനംഓരോ വർഷവും കുറഞ്ഞു വരുന്നതാണ് ഒരു ചിത്രം. തോട്ടം തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മയാണ് വിജയശതമാനം കുറയുന്നതിന്റെ മറ്റൊരു കാരണം. വിദ്യാഭ്യാസം കുറഞ്ഞ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് കാര്യമായ പരിഗണന നൽകാത്തത് ഈ പ്രദേശത്തിന്റെ ഒരു സവിശേഷതയാണ്. പിന്നോക്കസമുദായത്തിന്റെ വിദ്യാഭ്യാസം പഞ്ചായത്തിൽ അപകടസ്ഥിതിയിലാണ്. പഠനം പൂർത്തിയാക്കാതെ ഇടയ്ക്ക് നിർത്തിപോകുകയും ഉന്നത വിദ്യാഭ്യാസത്തിന് പോകാതിരിക്കുകയും ചെയ്യുന്നത് ഇക്കൂട്ടരാണെന്നതാണ് വസ്തുത.

SC/ST വിഭാഗം വിദ്യാർത്ഥികളുടെ കണക്ക് കണക്ക്

	എൽ. പി.			യു. പി.			എച്ച്. എസ്.	
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	ഞങ്ങമെയ	%
	136			399			204	
ആകെ								

ഗവ : സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അധ്യാപകർ പഞ്ചായത്തിൽ	ഗവൺമെൻറ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	ഗവ. അധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
94	72	72	2987	2377	

ആകെയുള്ള വിദ്യാലയങ്ങളിൽ രണ്ടെണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. അധ്യാപകരിൽ 85%വും വിദ്യാർത്ഥികളിൽ 60 ശതമാനവും ഇവയിലാണ്. ഇവിടെനിന്ന് പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷ് - മലയാളം മീഡിയം സ്കൂളുകളിലേയ്ക്ക് നല്ലൊരു ശതമാനം വിദ്യാർത്ഥികൾ പോകുന്നുണ്ട്. നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലുമായി 250ഓളം വിദ്യാർത്ഥികൾ പത്താംതരം പരീക്ഷ എഴുതിയാലും വിജയിക്കുന്നതും പലപ്പോഴും 20 ശതമാനം മാത്രമാണ്. നിലവിലുള്ള സ്കൂളുകളിലെ വിജയശതമാനം ഉയർത്തുവാൻ P.T.A. പഞ്ചായത്തു കമ്മിറ്റി സംയുക്ത സമിതി ചില ക്രിയാത്മകനിലപാടുകൾ സ്വീകരിച്ചു വരുന്നു. ഇവിടുത്തെ സ്കൂളുകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ഒരു ചെറിയ വിഭാ

ഗത്തിനു മാത്രമാണ് ലഭിക്കാറുള്ളത്. ജില്ലയുടെ മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന കോളേജുകളിലും പാരലൽ കോളേജുകളിലുമായി നല്ലൊരു ശതമാനം വിദ്യാർത്ഥികൾ ഉപരിപഠനം നടത്തുന്നു. ചക്കുപള്ളം പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നത് രണ്ട് പാരലൽ കോളേജുകളാണ്. ഇവിടെ ഇരുനൂറിൽ കുറയാത്ത വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്വകാര്യയ ട്യൂഷൻ സെന്ററുകൾ സജീവമായി പ്രവർത്തിക്കുന്നത് വിദ്യാർത്ഥികൾക്ക് ആശ്വാസകരണമാണ്. താരതമ്യേന വിദ്യാഭ്യാസം കുറഞ്ഞ മാതാപിതാക്കളുടെ കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠനം നടത്തുന്നതും അവർക്ക് ട്യൂഷൻ സൗകര്യമില്ലാത്തതും ചില താൽക്കാലിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ്. ജില്ലയുടെ മറ്റു മേഖലകളിലേക്കും മറ്റു ജില്ലകളിലേയ്ക്കും ഉപരിപഠനത്തിനായി ചേക്കേറുന്ന ഇവിടുത്തെ വിദ്യാർത്ഥികൾ, സാമ്പത്തിക പരാധീനത അഭിമുഖീകരിക്കേണ്ടി വരുന്നു. ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിലായി 150-ൽപരം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാതിരുന്ന പഞ്ചായത്തിൽ സമീപകാലത്ത് ഒരു കമ്പ്യൂട്ടർ സെൻറർ പ്രവർത്തനം ആരംഭിച്ചത് ആശാവഹമാണ്.

നിലവിൽ പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പോകുന്നത് ഒഴിവാക്കിയാൽ ഈ പ്രദേശത്തെ മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയിലുള്ള മുഴുവൻ കുട്ടികളും സാമൂഹ്യക്ഷേമവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ പോകുന്നു. പതിനേഴായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് വെറും അംഗൻവാടികളാണ്. തമിഴ് ഭാഷ സംസാരിക്കുന്നവർ അധികമായി അധിവസിക്കുന്ന പല മേഖലകളിലും തമിഴ് അംഗൻവാടികളുടെ പ്രവർത്തനം അനിവാര്യമാണെങ്കിലും ഇന്നും ഇത് പരിഹരിക്കപ്പെടാതെ കിടക്കുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 70 ശതമാനം അധ്യാപകരും മറ്റു മേഖലകളിൽ നിന്നുള്ളവരാണ്. സ്വകാര്യ വിദ്യാലയങ്ങളെ ആശ്രയിക്കുന്നതിൽ ഇടത്തരക്കാരും സാമ്പത്തികഭദ്രതയുള്ളവരും വച്ചുപുലർത്തുന്ന നയം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറേ വർത്തമാന കാലപ്രശ്നങ്ങളുടെ നടുവിലാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്തവയാണ് നിലവിലുള്ള പൊതു സ്കൂളുകൾ. ഇവിടുത്തെ അധ്യാപകരും, രക്ഷിതാക്കളും, വിദ്യാർത്ഥികളും, പൊതു ജനങ്ങളും സഹകരിച്ച് പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുകയും വിജയശതമാനം കൂട്ടുവാൻ നടപടികൾ സ്വീകരിക്കുകയും വേണം.

മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാൻ ചില ക്ലബ്ബുകൾ മുന്നോട്ടു വന്നിട്ടുള്ളത് പ്രശംസനീയം തന്നെ. ഇത്തരത്തിൽ എടുത്തു പറയേണ്ട രണ്ട് സ്ഥാപനങ്ങളാണ് ചക്കുപള്ളത്ത് പ്രവർത്തിക്കുന്ന ചൈതന്യ ക്ലബ്ബും, അണക്കരയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സൽ ക്ലബ്ബും.

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത.

ചക്കുപള്ളം	അണക്കര	സ്കൂളിന്റെ പേര്
ഇല്ല	ഉണ്ട്	ലൈബ്രറി
ഇല്ല	പ്രവർത്തനം ഇല്ല	പ്രവർത്തിക്കാത്തത്
ഇല്ല	ഉണ്ട്	ലാബ്
ഇല്ല	പ്രവർത്തനം ഇല്ല	പ്രവർത്തിക്കാത്തത്
ഇല്ല	വേണ്ടത്ര ഇല്ല	പഠനോപകരണം
ഇല്ല	ഉണ്ട്	റേഡിയോ
ഇല്ല	ഇല്ല	ടേപ്പ് റിക്കോർഡർ
ഇല്ല	ഇല്ല	ടെലിവിഷൻ
ഇല്ല	ഉണ്ട്	സിനിമാപ്രോജക്ടുകൾ
ഇല്ല	ഇല്ല	ബ്ലാക്ക് ബോർഡ്
സജീവം	സജീവമല്ല	മാതൃസംഘം
ഉണ്ട്	ഉണ്ട്	ഉച്ചഭക്ഷണം
ഉണ്ട്	ഉണ്ട്	ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ലാത്ത വിദ്യാലയങ്ങൾ വിദ്യാർത്ഥികളുടെ സാംസ്ക്കാരിക വളർച്ചയെ സാരമായി ബാധിക്കുന്നു. ഇവിടുത്തെ പൊതു വിദ്യാലയങ്ങൾ ആരംഭകാലത്ത് ഓലഷെഡ്ഡുകളിൽ പ്രവർത്തിച്ചിരുന്നവയും പിന്നീട് പണി തീർത്ത കെട്ടിടങ്ങളിലേയ്ക്ക് മാറി പ്രവർത്തനമാരംഭിച്ചവയുമാണ്. എങ്കിലും മതിയായ കെട്ടിടസൗകര്യം ഇന്നും ലഭ്യമല്ല. പ്രവർത്തിക്കുന്ന മിക്ക സ്കൂളുകളിലും മൂത്രപ്പുരകളും കക്കൂസുകളുമുണ്ട്.

മലയാളി സംസ്ക്കാരവും ജീവിതരീതിയുമായി യോജിച്ചു പോകത്തക്ക വിധത്തിൽ തമിഴ് കുട്ടികളേയും സജ്ജരാക്കുന്നതിന് കുട്ടികളെ മലയാളം മീഡിയത്തിൽ തന്നെ പഠിപ്പിക്കുന്നതിന് തമിഴ് മേഖലയിൽ ബോധവൽക്കരണം നടത്തണം. ഭാഷയുടെ പേരിലുള്ള വേർതിരിവ് വച്ച് സ്കൂളുകൾ

അനുവദിക്കേണ്ടതില്ല.

ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു കൊല്ലത്തേയ്ക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. പൊതു സ്കൂളുകളുടെ ഭൗതിക പ്രശ്നങ്ങൾ പരിഹരിക്കുക.
2. ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക.
3. P.T.A. യുടെ പ്രവർത്തനം ക്രിയാത്മകമാക്കുക.
4. ആവശ്യത്തിന് അധ്യാപകരെ നിയമിക്കുക.

തൊഴിലധിഷ്ഠിത കോഴ്സുകൾ അഭ്യസിക്കേണ്ടതിനായി ഒരു സാങ്കേതിക വിദ്യാലയം.

സെൻറ് ഡൊമിനിക് സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

പഞ്ചായത്തിന് അനുവദിച്ച ഗവ: I.T.I. തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കണം.

നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോയാൽ അടുത്ത അഞ്ചു വർഷക്കാലം കൊണ്ട് വിദ്യാഭ്യാസമേഖലയിൽ അഭൂതപൂർവ്വമായ വളർച്ച നേടുവാൻ കഴിയും. വീണ്ടും നിരക്ഷരരായ നവസാക്ഷരരെ സാക്ഷരരാക്കുവാൻ പഞ്ചായത്തു തലത്തിൽ സാക്ഷരതായജ്ഞങ്ങൾ സന്നദ്ധസംഘടനകൾ എങ്കിലും സംഘടിപ്പിക്കേണ്ടതുണ്ട്. സജീവമല്ലാത്ത അംഗൻ വാടികൾ സജീവമാക്കുക. സമഗ്രമായ പുരോഗതിയിലേയ്ക്ക് നടന്നടുക്കുവാൻ ദീപമായി വർത്തിക്കേണ്ടത് വിദ്യാഭ്യാസമാണ്. അറിവാണ് ശക്തിയെന്ന തിരിച്ചറിവും ആ ശക്തിയുടെ പിൻബലത്തിൽ സമൂഹത്തിന്റെ സ്ഥായിയായ പുരോഗതിയെ പ്രാപിക്കാൻ മറ്റു താല്പര്യങ്ങൾക്കു പരിയായി കൂട്ടായ പ്രവർത്തനം അനിവാര്യമായ ഈ കാലഘട്ടത്തിൽ ഇനിയുള്ള ഓരോ കാൽ വയ്പുകളും അതിനു വേണ്ടിയായിരിക്കട്ടെ. "പഠിച്ച ഓരോരുത്തരും പഠിക്കാത്ത ഒരാളെ എന്ന നിരക്കിൽ പഠിപ്പിക്കുക."

**



നവംബർ ഒന്ന് പുനർപ്പണം

5.7

പാർപ്പിടവും സാമൂഹികക്ഷേമവും

"മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒരു ഏകാന്ത ജീവിതം നയിക്കാനാവില്ല. ഒരുപാട് ആവശ്യങ്ങളും ആഗ്രഹങ്ങളുമുള്ള മനുഷ്യൻ അവയുടെയൊക്കെ നിവർത്തീകരണത്തിനു വേണ്ടി മറ്റുള്ളവരുമായി ഒരു സംഘം ചേരുന്നു". ഇത്തരം സംഘം ചേരലുകളിലൂടെ നാഗരികതയും, സംസ്ക്കാരവും ഇവയിലൂടെ സമൂഹവും സമൂഹങ്ങളിലൂടെ നാളിതുവരെയുള്ള മനുഷ്യചരിത്രവും രൂപം കൊണ്ടു. സമൂഹം എന്നു പറഞ്ഞാൽതന്നെ തങ്ങളുടെ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി ഒരുമിച്ചു ജീവിക്കുന്ന ഒരു കൂട്ടം മനുഷ്യനാണ്. അവിടെ നഗരങ്ങളും, ഗ്രാമങ്ങളും ഒക്കെ ഉണ്ടാവാം. ഇവരെല്ലാം നടന്നു നീങ്ങുന്നത് ക്ഷേമത്തിലേക്കാണ്. ഒരു ക്ഷേമരാഷ്ട്രം എന്നത് പുരാതനകാലം മുതൽ മനുഷ്യൻ അവന്റെ തലമുറകളിലൂടെ നാളെയിലേയ്ക്ക് കൊടുത്ത് കൊണ്ടിരിക്കുന്ന ഒരു കെടാവിളക്കാണ്. ഇത്തരമൊരു ക്ഷേമരാഷ്ട്രത്തിന് കടപ്പാടുകളുടെയും കഷ്ടപ്പാടുകളുടെയും, പരസ്പര സഹകരണത്തിന്റെയും കഥകൾ പറയാനുണ്ടാവും. ഒറ്റതിരിഞ്ഞ ചില വിധിവൈപരീത്യങ്ങളും വിദ്യാഭ്യാസവും സംസ്ക്കാരവുമെല്ലാം ക്ഷേമരാഷ്ട്രത്തിലേക്കുള്ള ചവിട്ടുപടികളാണ്. ഒരു രാജ്യത്തിന്റെ സമൂഹത്തിന്റെ അതുമല്ലെങ്കിൽ ഭരണീയരുടെ ക്ഷേമമായിരിക്കണം ഭരണലക്ഷ്യം. ഈ തിരിച്ചറിവുള്ള ഭരണാധിപന്മാർ കാലാകാലങ്ങളായി സമൂഹത്തിന്റെ ക്ഷേമത്തിനായി ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വീടില്ലാത്തവർക്ക് വീടും തൊഴിലില്ലാത്തവർക്ക് തൊഴിലും കുറഞ്ഞപക്ഷം വേതനമെങ്കിലും, ഇതൊക്കെ മേൽപറഞ്ഞ കാഴ്ചപ്പാടുകളുടെ സന്തതികളാണ്.

ഇന്നും മറിവിയെടുക്കാതെ മനസ്സിൽ കിടക്കുന്ന ചക്കുപള്ളം പഞ്ചായത്ത് പുല്ലു മേഞ്ഞ വീടുകളുടെ ഗ്രാമമായിട്ടാണ്. കാലത്തിന്റെ പുരോഗതിയിൽ പലതും മാറി, മറ്റു പലതും വന്നു. ഇരുപതിനായിരം ജനസംഖ്യയുള്ള പഞ്ചായത്തിൽ ആകെയുള്ള വീടുകളുടെ എണ്ണം 5269. നാമമാത്രമായ വീടുകളിൽ നിന്ന് ഗ്രാമം ഇന്ന് വളരെയേറെ മാറി എങ്കിലും വീടില്ലാത്തവരുടെ എണ്ണം ആയിരത്തോളം വരും എന്നതും കക്കുസില്ലാത്തവരാണ് ജനസംഖ്യയിലെ പകുതിയിൽ കൂടുതലെന്നുമുള്ള അറിവ് അമ്പരപ്പിക്കുന്നതാണ്. കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണിവിടെ ഏറെയും. ഒരു വിഭാഗം തോട്ടം തൊഴിലാളികളും മറ്റു മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നവർ എണ്ണത്തിൽ കുറവും. കാർഷിക മേഖലയുടെ പുരോഗതിയും തൊഴിലാളികളുടെ കൂലി വർദ്ധനവും, ചില സന്നദ്ധ സംഘടനകളുടെ നീസ്സീമസഹകരണവും കൂടി ചേർന്ന് കഴിഞ്ഞ കാലങ്ങളിൽ ജനജീവിതത്തിന് ഒരു താളം കൈവന്നിട്ടുണ്ട്. എങ്കിലും ഈ പുരോഗതിയുടെ ഒക്കെ നടുവിലും ഒരു വിരോധാഭാസം പോലെ വീടില്ലാത്തവരും സ്ഥലമില്ലാത്തവരും തൊഴിലില്ലാത്തവരും ഈ ഗ്രാമത്തിന്റെ വേദനയായി കഴിയുകയാണ്. പഞ്ചായത്തിലെ വീടുകളുടെയും ഇല്ലാത്തവരുടെയും, വീടുകളുടെ സ്വഭാവവുമൊക്കെ ഒരു പട്ടികയിലൂടെ വിശദമാക്കാം.

കെട്ടിടങ്ങളുടെ സ്ഥിതിവിവരം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലവിലുള്ളവ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	794	13	27	232	350	172
2	699	7	48	148	332	164
3	241	1	13	63	110	54
4	666	-	8	322	141	195
5	572	4	9	192	185	182
6	476	-	18	102	194	162
7	378	1	22	67	166	122
8	453	6	21	202	129	95
9	980	18	188	267	219	288

സമീപകാലത്തായി ആർഭാടകരമായ കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്നതിൽ ജനങ്ങൾ താല്പര്യം കാണിച്ചു വരുന്നു. ആകെയുള്ള ഒൻപത് വാർഡുകളുടെയും കണക്കെടുക്കുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വളരെയധികം ആളുകൾ ജീവിക്കുന്നത് I. II വാർഡുകളിലാണെന്ന് കാണാം. റോഡിനരുകിൽ ആർഭാടകരമായ വീടുകൾ വയ്ക്കുന്നതിൽ ജനങ്ങൾ താൽപര്യം പുലർത്തുന്നു.

വയൽ നികത്തി വീടുകൾ നിർമ്മിക്കുന്ന പ്രവണതയും കണ്ടുവരുന്നു. സമീപകാലത്തു ആരംഭിച്ച Mont Fort ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കുട്ടികളെ പഠിപ്പിക്കുന്നതിനു വേണ്ടി മറ്റു മേഖലകളിലെ സർക്കാർ ജീവനക്കാരും, ബിസിനസ്സുകാരും, നമ്മുടെ പ്രദേശത്തെ തുണ്ടു ഭൂമികൾ വിലയ്ക്ക് വാങ്ങി വീട് നിർമ്മിച്ചു വരുന്നു. ഈ സ്കൂളിന്റെ ആരംഭം സ്ഥലത്തിന് വില വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

ഭവനനിർമ്മാണരംഗത്ത് കട്ടപ്പനയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡിന്റെ വായ്പയാണ് ജനങ്ങൾ കൂടുതലായി ആശ്രയിച്ചു വരുന്നത്. ഭൂപണയബാങ്കിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ഭവനനിർമ്മാണം നടത്തുന്നവരുമുണ്ട്. വായ്പാസൗകര്യങ്ങൾ ഫലപ്രദമാണെങ്കിലും അധിവസിക്കുന്ന ഭൂമിക്ക് പട്ടയമില്ലാത്തതിന്റെ പേരിൽ പല ഭവന രഹിതർക്കും ഈ വായ്പകൾ ലഭ്യമാകാതെ പോകുന്നത് പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നു. സംസ്ഥാനത്തിന്റെ മറ്റു മേഖലകളിൽ നിന്ന് സർക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ നല്ലൊരു ശതമാനവും വാടകവീടുകളിലാണ് താമസം. ഇക്കൂട്ടർക്ക് ലഭിക്കുന്ന തരത്തിൽ ന്യായമായ വാടകയ്ക്ക് വീടുകൾ ലഭിക്കുന്നു എന്നത് തികച്ചും ആശ്വാസകരമാണ്. പഞ്ചായത്തിന്റെ ചില വാർഡുകളിൽ [I, II, VI, VII] താമസിക്കുന്ന തൊഴിലാളികൾക്ക് മഴ പെയ്താൽ ചോരാതിരിക്കുന്ന ഓല മേഞ്ഞ നല്ലൊരു കൂര പോലും ഇല്ല. ഇത് പരിഹരിക്കാൻ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതും വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്. ദുർബലവിഭാഗക്കാർക്ക് വീടുവയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങൾ ലഭിക്കുവാനുമുള്ള മാർഗ്ഗങ്ങളെകുറിച്ചുള്ള അറിവില്ലായ്മ പലപ്പോഴും ഇവരെ അനർഹരാക്കുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിരമായി പരിഹരിക്കുകയും അതുവഴി സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും പ്രാബല്യമാക്കണം. ഇതുവരെ നേരിട്ട പ്രശ്നങ്ങൾ പഠിക്കുവാനും ആവർത്തനങ്ങൾ ഒഴിവാക്കാനും ശ്രമിക്കണം.

പട്ടയം ഇല്ലാത്തതിന്റെ പേരിൽ വായ്പ ലഭിക്കാത്തവർക്കും അത് ലഭ്യമാക്കാൻ പഞ്ചായത്ത് ക്രിയാത്മകനടപടികൾ കൈക്കൊള്ളണം

1. നിർമ്മിച്ച വീട് ഈടായി സ്വീകരിക്കുക.
2. പഞ്ചായത്തിന്റെ ജാമ്യവ്യവസ്ഥയിൽ ധന സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുക.
3. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുക.
4. ഒരു വർഷം 10 വീട് കണക്കിന് 5 വർഷം കൊണ്ട് 50 വീടുകൾ നിർമ്മിക്കുവാൻ ചില നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുക.
5. പഞ്ചായത്തിലെ നിലവിലുള്ള വീടുകളിൽ നിന്ന് കരമായി ഈടാക്കുന്ന തുക പഞ്ചായത്തിൽ ഭവന നിർമ്മാണത്തിനായി വിനിയോഗിക്കാൻ തീരുമാനമെടുക്കണം.

J.R.Y. ഫണ്ട് ഉപയോഗിച്ച് 32 വീടുകളും മറ്റ് ചില ഫണ്ട് ഉപയോഗിച്ച് 34 വീടുകളും SC/ST വിഭാഗത്തിന് ഭവനനിർമ്മാണത്തിനായി 110600/ രൂപാ ചിലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ തന്നെ മറ്റ് ചില ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെയും, ബ്ലോക്കിൽ നിന്നുള്ള ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ കുത്തനെയുള്ള വിലവർദ്ധനവും സാധാരണ ജനങ്ങളുടെ സ്വപ്നം തകർത്തുകളഞ്ഞു. ഭവനനിർമ്മാണത്തിന് ആശാരി, മേസ്തിരി എന്നവർക്ക് 50 രൂപയായിരുന്ന ശമ്പളം ഇപ്പോൾ 125 രൂപയായി വർദ്ധിച്ചു. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ തൊഴിലാളികൾ പുരുഷന്മാരാണ്. സ്ത്രീകൾ ഈ മേഖലയിൽ തങ്ങളുടെ പ്രാഗൽഭ്യം തെളിയിച്ചിട്ടില്ലെങ്കിലും സഹായ ജോലികളിൽ [വലിയ കെട്ടിടനിർമ്മാണത്തിന്] സ്ത്രീകളുടെ സംഖ്യ കൂടുതലാണ്.

മറ്റുസംഘടനകളുടെ സേവനം

പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗത്ത് നിസ്തുലസേവനം നടത്തിയിട്ടുള്ള ചില സന്നദ്ധ സംഘടനകളും ക്ലബ്ബുകളും നിലവിലുണ്ട്. A.V.S. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അണക്കര വികസനസംഘം വിവിധ ബാങ്കുകളുടെ ധനസഹായത്തോടെ 84-90 കാലയളവിൽ 203 ഭവനങ്ങളും 88-90 കാലയളവിൽ 28 ഭവനങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിക്കൊടുത്തു. പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി [P.D.S.] എന്ന സംഘടന HDFCയുടെ സഹായത്തോടെ 30 വീടുകൾ നിർമ്മിച്ച് ദുർബല ജനവിഭാഗത്തിനു നൽകുകയും, 50 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്തു.

1977 മുതൽ പഞ്ചായത്തിന്റെ വികസനത്തിന്റെ നേരും നിറവുമറിയുന്ന MDS എന്ന

ചുരുക്ക പേരിലറിയുന്ന മലനാട് ഡിവലപ്മെൻറ് സൊസൈറ്റി ഭവനനിർമ്മാണ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. HDFC യുടെ ധനസഹായത്തോടെ വീടൊന്നിന് 7500/ രൂപാ എന്ന നിരക്കിൽ 50 വീടുകൾ നിർമ്മിച്ചു നൽകുവാൻ ഈ സംഘടനക്കായി.

ചക്കുപള്ളം ട്രൈബൽ ഏരിയായിൽ 1986 മുതൽ പ്രവർത്തിച്ചു വരുന്ന ചൈതന്യാ ക്ലബ്ബ് ഭവന നിർമ്മാണ രംഗത്ത് നടത്തിയ സേവനങ്ങൾ അനുസ്മരിക്കേണ്ടതാണ്. World vision ൻെറ സഹായത്തോടുകൂടി ഇവർ വീടുകളുടെ മേൽക്കൂര നിർമ്മാണത്തിനായി വീടൊന്നിന് 3000 രൂപ നിരക്കിൽ 75 പേർക്ക് ധനസഹായം നൽകി.

1989-ൽ രൂപീകരിക്കപ്പെട്ട് സജീവമായി പ്രവർത്തിക്കുന്ന മറ്റൊരു സംഘടനയാണ് അണക്കരയിലുള്ള യൂണിവേഴ്സൽ ക്ലബ്, ചക്കുപള്ളം പഞ്ചായത്തിൻെറ രണ്ടാം വാർഡും, വണ്ടന്മേട് പഞ്ചായത്തിൻെറ പ്രദേശങ്ങളും കൂടി ചേർന്നതാണിതിൻെറ പ്രവർത്തനമേഖല. വീടുകളുടെ മേൽക്കൂര നിർമ്മാണത്തിനുവേണ്ടി 20 പേർക്ക് 3000 രൂപ വച്ച് നൽകുകയുണ്ടായി. ഇതിൽ ആദ്യം ചിലർക്ക് 2000 രൂപാ വച്ചാണ് നൽകിയത്. മേൽ സൂചിപ്പിച്ച തരത്തിലുള്ള സംഘടനകൾ നമ്മുടെ പഞ്ചായത്തിൻെറ വികസനത്തിനായി നടക്കുന്നതും, മുടക്കുന്നതും വലിയൊരനുഗ്രഹമായി കാണാം. കൈവരിച്ച വികസനത്തിൽ ഇവർക്കുള്ള പങ്ക് ഗണ്യമാണ്. ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കാൻ അവർക്ക് പ്രാഥമികമായി ഭൂമി നൽകേണ്ടതാണ്. പഞ്ചായത്തിൻെറ ചില മേഖലകളിൽ കിടക്കുന്ന സർക്കാർ പുറംപോക്കുകൾ, ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. 1995 കാലയളവിൽ തമിഴ്നാട് ഗവൺമെൻറ് കേരളാ തമിഴ്നാട് അതിർത്തിയിൽ കഴിഞ്ഞിരുന്നവരെ വളരെ മൃഗീയമായി കുടിയൊഴിപ്പിച്ച നടപടി ദയനീയം തന്നെയാണ്. എന്നാൽ ഈ പ്രശ്നത്തിനൊരു പരിഹാരം കാണാൻ, നാളിതുവരെ സർക്കാരും ഭരണസമിതിയും ശ്രമിക്കാതിരുന്നത് ഇനിയെങ്കിലും പുനപരിശോധിക്കേണ്ടതുണ്ട്. വീടും, കൃഷിയിടവും നഷ്ടപ്പെട്ട് വഴിയോരങ്ങളിൽ കുടിലുകെട്ടി കഴിഞ്ഞിരുന്നവർക്ക് സഹായധനം നീട്ടുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. കോളനികളിലെ ജനബാഹുല്യം സൃഷ്ടിക്കുന്ന സങ്കീർണ്ണപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

അടുത്ത അഞ്ച് വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ടുന്നതെല്ലാം ചെയ്യാൻ നമ്മൾക്ക് ഐക്യത്തോടെ ഒരുമിക്കാം.

സാമൂഹ്യക്ഷേമം

ക്ഷേമരാഷ്ട്രം എന്ന യാഥാർത്ഥ്യം ഇന്നും നമുക്ക് വിദൂരതയിലാണ്. ഓരോരുത്തരും അവരവരുടെ നെറ്റി വിയർപ്പാക്കി പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു എന്ന ഗാന്ധിജിയുടെ വാക്യമനുസരിക്കാത്തതിലായിരിക്കും നാം. ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തിൽ നിന്ന് അകന്നുപോകുന്നതിൻെറ കാരണവും. "സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും സംഘടിത -അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്ര -സംസ്ഥാന ഗവൺമെൻറുകൾ നടത്തുന്ന ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും തൊഴിലാളി തൊഴിലുടമാസഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പിന്നോക്കസമുദായ വികസനത്തിനു വേണ്ടി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളുടെ വിനിയോഗം പഞ്ചായത്തിൽ നടക്കുന്നുണ്ട്. മറ്റു ചില പദ്ധതികളുടെ നാമമാത്രമായ സഹായവും ലഭ്യമാകുന്ന സഹായങ്ങളിൽ പെടും.

പദ്ധതികൾ ഏറെയുണ്ടെങ്കിലും അറിവില്ലായ്മമൂലം അർഹതപ്പെട്ടവർക്ക് ഇവയൊക്കെ പലപ്പോഴും ലഭ്യമാകാതെ പോകുന്നു. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തന്നെ ഫലപ്രദമാണെന്ന് പറയുക വയ്യ. എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസനം പലപ്പോഴും കടലാസ് വികസനം മാത്രമായി തരം താഴുകയാണ് പതിവ്. ഇതിൻെറ പ്രവർത്തനത്തെക്കുറിച്ചും ബോർഡിൻെറ പ്രവർത്തനത്തെക്കുറിച്ചുമുള്ള അറിവില്ലായ്മയാണ് പ്രശ്നങ്ങൾ. പൊതുരംഗത്ത് വനിതകളുടെ പങ്ക് വളരെ കുറവായതിനാൽ വനിതാ ക്ഷേമം എന്നതും പൂർണ്ണാർത്ഥത്തിൽ ലഭിക്കാതെ പോകുന്നു.

പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്കായി തുകയും മേഖലയും

മൃഗസംരക്ഷണം	3000/-
ആരോഗ്യം	41050
കൃഷി	116793
P.W.D.	8400

ഹരിജനക്ഷേമം	9000
തെരുവുവിളക്കുകൾക്കായി	39340
വിദ്യാഭ്യാസം	19715
ഭരണം	4179421

ജെ. ആർ. വൈ. പണി സംബന്ധിച്ച വിവരങ്ങൾ

പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂപ	SC/ST വിഭാഗം തുക രൂപ	ആകെ
SC/ST വിഭാഗത്തിന് വീട്		110600	110600
P.H. സെന്ററിന്റെ കെട്ടിടം	200000		200000
മരത്തൻകട മുതൽ വള്ളിയാംകട് വരെ ടാറിംഗ്	177495		
നെറ്റിത്തൊഴു - കൊച്ചറ റോഡിൽ കല്ല് പതിപ്പിക്കുക	280001		280001
എട്ടാം മൈൽ - പിള്ളു കാലാപ്പുടി റോഡിന്റെ പണി	1000001		1000001
ആല്പിവളവിൽ നിലവിലുള്ള കലുങ്കിന്റെ വിപുലീകരണം	700001		70001
8-ാം മൈൽ ജംഗ്ഷനിൽ മൂത്രപ്പുര നിർമ്മിക്കുക	500001		500001
വാഴവീട് റോഡ് ടാറിംഗ്	500001		500001
5-ാം മൈലിൽ വെയിറ്റിംഗ് ഷെഡ് പുതുക്കിപ്പണിയുക	300001		300001

ട്രൈസം പരിശീലനം ലഭിച്ച ഒരു കൂട്ടം ആളുകൾ പഞ്ചായത്തിലുണ്ട്. നിലവിലും അതിന്റെ ഗുണഭോക്താക്കൾ ഏറെയാണ്. പരിശീലനം പൂർത്തീകരിച്ചാൽ തൊഴിൽ ലഭിക്കുമെന്നുള്ള ജനങ്ങളുടെ മോഹം കൊഴിഞ്ഞ മട്ടാണ്. വില്ലേജ് ഓഫീസുകൾ മുഖാന്തിരം ക്ഷേമപദ്ധതികൾ നടപ്പിലാവുന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായങ്ങളും ലഭിക്കുന്നതിൽ കാലതാമസവും അനർഹർക്ക് ലഭിക്കുന്നതിനുള്ള പരാതിയും നിലനിൽക്കുന്നു പെൻഷനുകൾ സംബന്ധിച്ച കടമ പഞ്ചായത്തിന്റെ അധികാരത്തിൽപ്പെടുത്തിയാൽ പ്രശ്നപരിഹാരമാവും എന്ന് കരുതാം.

പെൻഷനുകൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ

വികലാംഗർ ഏറെയുണ്ടെങ്കിലും പെൻഷൻ ലഭിക്കുന്നവർ ആരുമില്ല പഞ്ചായത്തിൽ എന്നുള്ളത് ഇതിന്റെ ദയനീയ മുഖം വ്യക്തമാക്കുന്നു.

വിധവാപെൻഷൻ ലഭിക്കുന്നവർ 28

വാർദ്ധക്യപെൻഷൻ ലഭിക്കുന്നവർ 7

തൊഴിലില്ലായ്മവേതനം 20

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗൻ വാടികൾ പഞ്ചായത്തിന്റെ 9 വാർഡുകളിലുമായി 21 എണ്ണം പ്രവർത്തിച്ചു വരുന്നു. തമിഴ് അംഗൻ വാടികളുടെ അഭാവം ഇത്തരമാളുകൾക്കിടയിലെ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു. ഗ്രാമസഭയിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉയർന്നു വന്നിരിക്കുന്നു.

ഒന്നാം വാർഡിനും രണ്ടാം വാർഡിനുമിടയിലായി സുൽത്താൻകടയിലും മാങ്കവലയിലും ആനവിലാസത്തുമായി മൂന്നു തമിഴ് അംഗൻവാടികൾ സ്ഥാപിക്കേണ്ടതുണ്ട്. അംഗൻ വാടികളുടെപ്രവർത്തനവും, ഉദ്ദേശ്യവും യഥാക്രമം ക്രിയാത്മകവും, സഫലവുമാക്കണമെങ്കിൽ അവിടെ സേവനമനുഷ്ഠിക്കുന്നവർക്ക് ന്യായമായ വേതനം നൽകുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

നിലവിലുള്ള അംഗൻ വാടികളുടെ എണ്ണം

1. മാങ്കവല അംഗൻവാടി
2. 8-ാം മൈൽ
3. അണക്കര
4. നടുവണക്കര
5. ചെല്ലാർകോവിൽ I
6. മൈലാടുംപാറ I
7. ചെല്ലാർകോവിൽ II
8. കുങ്കിരിപ്പെട്ടി
9. തൊടുപുഴ ഭാഗം
10. കുങ്കിരിപ്പെട്ടി
11. വലിയപാറ

12. മേനോൻമേട്
13. 7-ാം മൈൽ ദേശസേവിനി
14. അമരാവതി
15. 6-ാം മൈൽ
16. മേചക്കുപള്ളം
17. മൈലാടും പാറ
18. സുൽത്താൻകട
19. പള്ളിയക്കുടി
20. കുത്തുകൽശ്ശേരി
21. ആനവിലാസം

ക്ഷേമനിധികളെ സംബന്ധിച്ച വിവരങ്ങൾ

ഇവിടെ അധിവസിക്കുന്ന മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളാണെന്ന് പറയുവാൻ കഴിയില്ല. ക്ഷേമസർക്കാരിന്റെ ക്ഷേമനിധി വ്യവസ്ഥകളെ കുറിച്ചുള്ള അറിവില്ലായ്മയാണിതിന്റെ ഹേതു.

പഞ്ചായത്തിൽ പ്രധാന രാഷ്ട്രീയ പാർട്ടികളുടെ നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർ ആയിരം വരും. നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ 500 പേരും അംഗങ്ങളായിട്ടുണ്ട്.

തയ്യൽ, ബാർബർ, കൊല്ലന്മാർ, ബീഡിതൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവർക്കായുള്ള ക്ഷേമനിധി പ്രവർത്തനം പഞ്ചായത്തിൽ സജീവമാണ്.

ക്ഷേമനിധി പദ്ധതികളുടെ ഫലപ്രദമായ പ്രവർത്തനത്തിനുതകുന്ന വിധം പഞ്ചായത്തു തലത്തിൽ ക്ഷേമനിധി സെമിനാറുകളും, ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനും, അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു കമ്മിറ്റിയും [എല്ലാ പാർട്ടികളുടെയും] രൂപീകരിക്കുകയും വേണം.

പൊതുവിതരണം

പഞ്ചായത്തിലാകെ 112 റേഷൻ ഷോപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇതുകൂടാതെ മറ്റു പഞ്ചായത്തിലെ റേഷൻ ഷോപ്പുകളിൽ കാർഡുകളുള്ളവരും നിലവിലുണ്ട്. വിശേഷകാലങ്ങളിൽ തിരക്ക് കുറയ്ക്കുവാനും കുറച്ചുകൂടി ന്യായമായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഒരു മാവേലിസ്റ്റോർ ആരംഭിക്കുന്നത് ആശ്വാസകരമായിരിക്കും.

റേഷൻ കാർഡില്ലാത്തവർക്ക് അടിയന്തിരമായി കാർഡു വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണം. റേഷൻ കടകളിൽ ബില്ല് നൽകുന്നത് കർശനമായി പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകണം.

ഇതരസംഘടനകൾ

പഞ്ചായത്തിന്റെ നാളിതുവരെയുള്ള പുരോഗതി പരിഗണിക്കുമ്പോൾ പ്രത്യേകം സ്മരിക്കേണ്ട ചില സംഘടനകൾ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനു ലക്ഷ്യം വച്ചുകൊണ്ട് 1983ൽ K.L.D. ബോർഡു പഞ്ചായത്തിനെ ദത്തെടുത്തു പശ്ചിമഘട്ട വികസന പ്രോഗ്രാം വഴി, കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുക, കാർഷികവിളകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, പുൽകൃഷി പ്രോൽസാഹിപ്പിക്കുക, ജൈവവള ഉപയോഗം ത്വരിതപ്പെടുത്തുക എന്നിവയായിരുന്നു ആ സംഘടനയുടെ ഉദ്ദേശ്യം. വളരെ കുറഞ്ഞ കാലയളവിൽ പ്രശംസനീയമാം വിധം ഗ്രാമത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുവാൻ ഇവർക്കായി. ഇന്നു നാം അനുഭവിക്കുന്ന ചില ഗുണകരമായ വളർച്ചയിൽ നാം K.L.D. എന്ന സംഘടനയോട് കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അത് അതിശയോക്തിയാവില്ല.

1984-ൽ രൂപീകരിക്കപ്പെട്ട അണക്കര വികസന സംഘം ടി പ്രദേശത്തിന്റെ വികസനം ലക്ഷ്യമിട്ട് ഇപ്പോഴും തുടർന്നുവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഭവനനിർമ്മാണ പദ്ധതി, കക്കൂസുകൾ, ആട് വളർത്താൻ ധനസഹായം, വനം വച്ചു പിടിപ്പിക്കൽ, ബോധവൽക്കരണ സെമിനാറുകൾ, കലാകായികരംഗത്തെ പുരോഗതിക്കായി വേണ്ട ധനസഹായങ്ങളും സഹകരണവും എന്നിങ്ങനെ വിവിധ മേഖലകളിലായി കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ ധനസഹായത്തോടെ ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിന്റെ വളർച്ചയെ സഹായിക്കുന്നത് അല്പമൊന്നുമല്ല. നാളിതുവരെ പഞ്ചായത്തിന്റെ വികസനജ്യോതി അണയാതെ സൂക്ഷിച്ചതിൽ ഇപ്പോഴുള്ള സംഘടനകളുടെ പങ്ക് വലുതാണ്.

M.D.S., P.D.S. എന്ന പേരുകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ കാലമത്രയും പഞ്ചായത്തിന്റെവികസനം ലക്ഷ്യം വച്ച് പ്രവർത്തനം നടത്തി വരുകയാണ്. പാർപ്പിടരംഗത്തും, ശുചീകരണരംഗത്തും, സാമൂഹ്യക്ഷേമം ഉറപ്പു വരുത്താൻ വേണ്ടി ഇവർ സംഘടിപ്പിച്ച പരിപാടികൾ നിരവധിയാണ്. പ്രദേശത്തിന്റെ പ്രത്യേക സ്ഥിതി പരിഗണിച്ച് ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പി

ക്കുകയും, കാർഷിക മേഖലാ ഭവനനിർമ്മാണം, വ്യവസായം, കാർഷികരംഗങ്ങളിൽ ഇവർ നടത്തിയ സേവനങ്ങൾ നിസ്തുലമാണ്. ഭവനനിർമ്മാണ വായ്പകൾ നൂറിൽ കുറയാത്ത നിർദ്ദനർക്ക്, 300ൽ കുറയാത്ത കക്കൂസുകളും, നിർമ്മിച്ചു നൽകുവാനി വർക്കായി. ലാഭകരമായി കാർഷികമേഖലയെ പരി വർത്തനം ചെയ്യുന്നതിന് ഇവരുടെ പദ്ധതികൾ നട പ്പിലാക്കുന്നതിലൂടെ പ്രദേശത്തിന്റെ പുരോഗതി ഉറപ്പു വരുത്തുകയും അതിനോടൊപ്പം കുറച്ച് പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ സംഘടനകൾക്കായി. ഇത്തരം സംഘടനകളുടെ സാമീപ്യം എന്നും പുരോഗതിയുടെ ഗന്ധം നൽകു ന്നവയാണ്. സമാന സ്വഭാവം പ്രകടിപ്പിക്കുന്ന രണ്ട് ക്ലബ്ബുകളാണ് ഇത്തരത്തിൽ പരാമർശിക്കേണ്ട മറ്റ് രണ്ട് സംഘടനകൾ. ചക്കുപള്ളത്ത് പ്രവർത്തിക്കുന്ന ചൈതന്യയും, അണക്കരയിലുള്ള യൂണിവേഴ്സൽ ക്ലബ്ബും ഭവനനിർമ്മാണരംഗത്തും, നിർദ്ധനവിദ്യാർ ത്ഥികളുടെ പഠനകാര്യങ്ങളിലും, കോളനികളുടെ പുരോഗതിയിലും സജീവശ്രദ്ധ ചെലുത്തി ഇവർ നടത്തിയ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിക സനത്തിന് മാറ്റു കൂട്ടി. നിർദ്ധനവിദ്യാർത്ഥികളെ ദത്തെടുത്ത് അവർക്ക് എല്ലാ വിദ്യാഭ്യാസ സൗക ര്യങ്ങളും ഇവർ ഒരുക്കിയപ്പോൾ അതൊരു പുതിയ അദ്ധ്യായത്തിന്റെ ആരംഭമായിരുന്നു. ബോധവൽക്ക രണകൃാമ്പുകളും, കലാകായിക മത്സരങ്ങളും സംഘടിപ്പിക്കുന്നതിൽ ഇവർ എടുത്ത താൽപര്യം പ്രശംസിക്കേണ്ടതാണ്.

ഇത്തരം സംഘടനകളാണ് അക്ഷരാർ ത്ഥത്തിൽ നാടിന്റെ കിതപ്പും കുതിപ്പുമറിയുന്നത്. ജനങ്ങളിലേക്കിറങ്ങി ചെന്ന് പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി പരിഹരിക്കുന്നതിൽ ഇവർ എക്കാ ലത്തും മുൻപന്തിയിലാണ്. അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിലും, കാലതാമസം ഒഴിവാക്കുന്നതിലും അതിനെല്ലാം പുറമെ ശുപാർശകൾക്കപ്പുറവുമാണ് ഇവരുടെ പ്രവർത്തനമേഖല. നമ്മുടെ പഞ്ചായ ത്തിന്റെ ക്ഷേമം അണയാതെ സൂക്ഷിക്കാനി വർക്കാവും എന്നു നമ്മൾക്ക് പ്രതീക്ഷിക്കാം.



വികസനജ്യോതി ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഉദ്ഘാടനം ചെയ്യുന്നു

5.8

വനിതാക്ഷേമം

വനിതാ വിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾ ഇതൊന്നും അറിയാതെ സ്വഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. ചക്കുപള്ളത്തും ഈ പ്രവണത സജീവമായി നിൽക്കുന്നു.

പണ്ടുമുതൽക്കേ സാമൂഹ്യപ്രവർത്തനമേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആദ്യകാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസം പൊതുവെ കുറവായിരുന്നുവെങ്കിലും ഇപ്പോൾ സാക്ഷരതയിലൂടെയും ബോധവൽക്കരണത്തിലൂടെയും സ്ത്രീകൾക്ക് സാമാന്യവിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ തമിഴ് ആളുകളുടെ ഇടയിൽ വേണ്ടത്ര വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. അതിന്റെ അപാകത എന്നോണമാവാം ചെറുപ്രായത്തിൽ (ഏകദേശം 15 വയസു മുതൽ) പെൺകുട്ടികളെ കല്യാണം കഴിച്ചയയ്ക്കുന്ന പ്രവണത ഇവിടെ നിലനിൽക്കുന്നു. കൂടാതെ ഇവരുടെ ഇടയിൽ ചെറുപ്രായത്തിൽതന്നെ പെൺകുട്ടികളെക്കൊണ്ടു കഠിനാദ്ധ്വാനം ചെയ്യിക്കുന്നു.

ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നു എങ്കിലും ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസം അടുക്കളജോലിയിൽ ഒതുങ്ങി. സാമൂഹ്യമായി നിലനിൽക്കുന്ന ലിംഗവിവേചനം മൂലം കുടുംബത്തിന്റെ നിലനിൽപിനു വേണ്ട പ്രാഥമിക, ഭൗതിക ആവശ്യങ്ങൾ നിറവേറ്റേണ്ടി വരുന്നത് സ്ത്രീകളാണ്. വിറകുശേഖരിക്കൽ, ഭക്ഷണം പാകം ചെയ്യൽ, ശുദ്ധജല ശേഖരണം, വസ്ത്രം അലക്കൽ, വീടു ശുചിയാക്കൽ തുടങ്ങിയജോലികൾ ഏറെക്കുറെ പൂർണ്ണമായി സ്ത്രീകൾ തന്നെയാണ് ചെയ്യുന്നത്. കാടുകൾ നശിക്കുന്നതു മൂലം വിറക് അന്വേഷിച്ച് കൂടുതൽ നടക്കേണ്ടിവരുന്നു. ജലവിതരണം താഴുന്നതുമൂലം വെള്ളത്തിനുവേണ്ടി കൂടുതൽ അലയേണ്ടി വരുന്നു. വീട്ടിലുള്ള ഇന്ധനക്ഷമമല്ലാത്ത അടുപ്പിൽ നിന്ന് കൂടുതൽ പുക ശ്വസിക്കേണ്ടി വരുന്നു. അങ്ങിനെ പരിസ്ഥിതി പ്രത്യാഘാതങ്ങൾ കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. സാമൂഹികപരമായ അഭിപ്രായരൂപീകരണപ്രക്രിയകളിൽ പരിമിതമായ പങ്കുമാത്രമെ സ്ത്രീകൾക്കുള്ളു. പരിസ്ഥിതി പ്രശ്നങ്ങൾ കൊണ്ട് സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ - സാമൂഹികവും സാങ്കേതികവുമായ ആസൂത്രിതപദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. അതുപോലെതന്നെ പരിസ്ഥിതി സംരക്ഷണത്തിന് സ്ത്രീകൾക്ക് വഹിക്കാൻ കഴിയുന്ന പങ്കിനെക്കുറിച്ചു വിശാലമായ ഒരു ചർച്ച ഈ കാലയളവിൽ ആവശ്യമാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നുണ്ടെങ്കിൽ പോലും ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽസംരഭങ്ങൾ [കോഴിവളർത്തൽ, അടുക്കളത്തോട്ടം] (കമ്പിളി വസ്ത്രനിർമ്മാണം, കരകൗശലശില്പ നിർമ്മാണം) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം അടിയന്തിര ആവശ്യമാണ്.

അതുപോലെ പൊതുരംഗത്ത് സ്ത്രീയുടെ പങ്കാളിത്വം വളരെ കൂടിയെങ്കിലും ഇവിടെ ഇന്നും പൊതുരംഗത്ത് സ്ത്രീ പങ്കാളിത്വം വളരെ കുറവാണ്. അതിന്റെ അപാകതയാണ് ഇവിടെ ഉണ്ടായിരുന്ന പല മഹിളാസമാജങ്ങളും നിർജ്ജീവമായത്. [ഇവിടെ പ്രവർത്തിച്ചിരുന്ന ഹൈറേഞ്ച് മഹിളാസമാജം ഇതിന്റെ പ്രവർത്തകർ, മേരിവർഗ്ഗീസ്, ശോശാമ്മ മാത്യു എന്നിവരായിരുന്നു] അതുപോലെ പതിനഞ്ചോളം മഹിളാസമാജങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ഇവയിലൊന്നും പ്രവർത്തിക്കുന്നില്ല. അഥവാ വേണ്ടത്ര രീതിയിൽ അവർക്ക് മുമ്പോട്ടു പോകാൻ കഴിഞ്ഞില്ല. കാരണം സമൂഹത്തിൽ ഇവർക്ക് നേരിടുന്ന വിലക്കുകൾ പലതാണ്. എന്നാൽ അടുത്തകാലത്തായി പൊതുരംഗത്തും സന്നദ്ധ പ്രവർത്തനമേഖലകളിലും സവിശേഷമായ പങ്കു വഹിച്ച ചില ഉദാത്തമാതൃകകൾ ഉയർത്തി കാട്ടേണ്ടതുണ്ട്. പഞ്ചായത്തിൽ നടത്തിയ വിഭവഭൂപട സർവ്വേ സാമൂഹിക സാമ്പത്തിക സർവ്വെ, ദ്വിതീയ വിവര ശേഖരണം, വിദ്യാഭ്യാസ സർവ്വെ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീയുടെ പങ്കാളിത്വം വളരെ ഉയർന്നതാണ്. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനത്തിലും പെൺകുട്ടികളാണു മുന്നിൽ. പ്രീ-ഡിഗ്രിതലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. അതുപോലെതന്നെ കലാകായിക രംഗത്ത് കഴിവുള്ള പെൺകുട്ടികൾ

ധാരാളം ഇവിടെയുണ്ട്. എന്നാൽ അവരെ വളർത്തിയെടുക്കുവാനോ അവർക്കു പ്രോത്സാഹനം കൊടുക്കുവാനോ ആരും തയ്യാറാകുന്നില്ല. സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ഈ കാലയളവിൽ സ്ത്രീ പീഡനക്കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. സാമൂഹ്യരംഗത്ത് വളരെ പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കുവാൻ കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപിക്കുവാനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിൽ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷൻമാർക്കുള്ള അധികാരഅവകാശങ്ങൾ തങ്ങൾക്കായി ലഭിക്കണമെന്നും സ്ത്രീകൾക്കു സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും പുരുഷന്മാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്വം വർദ്ധിപ്പിക്കുവാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃത്വനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയസാംസ്കാരിക സംഘടനകൾ ശ്രമിക്കണം.

പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കു വെയ്ക്കുകയും അങ്ങിനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടേതു മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കുവാനുള്ള സഹായം ചെയ്യുകയും വേണം. സ്ത്രീകളുടെഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടെതായ തൊഴിൽ യൂണിറ്റുകളും സഹകരണസംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യതകൾ പഞ്ചായത്തിൽ ഏറെയാണ്.

വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായി പുറത്തുവരുന്നില്ല.
2. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര താല്പര്യം കാട്ടുവാനോ സംരംഭങ്ങൾ ആരംഭിക്കുവാനോ കഴിയുന്നില്ല.
3. തൊഴിൽ രംഗത്ത് ജീവിക്കുവാനാവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നില്ല.
4. തൊഴിൽ നിയമങ്ങൾക്ക് സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. അഥവാ സൗകര്യങ്ങൾ ലഭിക്കുന്നില്ല.
5. സർക്കാർ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
6. സ്വയം ശക്തി ആർജ്ജിച്ച് ധീരമായി രംഗത്തിറങ്ങുവാനുള്ള മനോഭാവം സ്ത്രീകളിൽ കുറവാണ്.
7. സാമ്പത്തികഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ ഒരു തടസ്സമായി നിൽക്കുന്നു.
8. അംഗനവാടി അദ്ധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു. അംഗനവാടികൾക്ക് പലതിനും വേണ്ടത്ര സൗകര്യങ്ങളില്ല.
9. ജനസംഖ്യയുടെ ആനുപാതികമായി മതരാഷ്ട്രീയ സാമൂഹികരംഗങ്ങളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുക്കുന്ന പ്രവണതയില്ല.
10. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കത്തക്ക നിലയിൽ ഒരു സംവിധാനങ്ങളും ഇല്ല.
11. സ്ത്രീകൾക്ക് ശക്തിയായ നേതൃത്വം ലഭിക്കുന്നില്ല. (DWCRA, SWC) ഇവയുടെ പരാജയത്തിനു കാരണം ഇതുതന്നെ.
12. മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ സ്ത്രീകൾ വളരെയേറെ അനുഭവിക്കുന്നു.

പരിഹാരങ്ങൾ

1. സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുക.
3. വിഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരി

ശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കുക.
5. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
6. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.
7. പട്ടികജാതി/പട്ടികവർഗ്ഗ വനിതകളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് പ്രത്യേകം തൊഴിൽ പരിശീലനങ്ങൾ നൽകുക.
8. വനിതകൾക്കായി പ്രത്യേക സെമിനാറുകൾ സംഘടിപ്പിക്കുക.
9. സ്ത്രീകളുടെ ആരോഗ്യത്തെ ഹനിക്കുന്ന മലിനമായ ചുറ്റുപാടുകളെ കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുക.
10. ചക്കുപള്ളം പഞ്ചായത്തിലെ ഒൻപതു വാർഡിലെ വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവർക്ക് ഒരു വനിതാസംഘടന പഞ്ചായത്തു തലത്തിൽ രൂപീകൃതമാക്കുക. (വനിത കലാ-കായിക മേള സംഘടിപ്പിക്കുക)

കുമാരി ജോസി മാത്യു



ഗ്രാമസഭയുടെ ദൃശ്യം

5.9

സഹകരണം

ചക്കുപള്ളം പഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങൾക്ക് ഒരു പരിധി വരെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നുണ്ട്. കാർഷിക മേഖലയിൽ മുൻപന്തിയിൽ നില്ക്കുന്ന, പഞ്ചായത്തിൽ ആദ്യമായ സഹകരണപ്രസ്ഥാനം നിലവിൽ വന്നത് 1982ൽ രൂപീകൃതമായ ചക്കുപള്ളം സർവ്വീസ് സഹകരണബാങ്കാണ്. ഇതിനുശേഷം ഇതേവർഷം ചക്കുപള്ളം ഹരിജൻ സർവ്വീസ് സഹകരണ സംഘവും രൂപം പ്രാപിച്ചു. അതിനുശേഷം പഞ്ചായത്തിൽ 1985ൽ ആനവിലാസം സർവ്വീസ് സഹകരണബാങ്കും നിലവിൽ വന്നു.

ചക്കുപള്ളം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധി 1-ാം വാർഡു മുതൽ 8-ാം വാർഡു വരെ വ്യാപിച്ചു കിടക്കുന്നു. ചക്കുപള്ളം ഹരിജൻ സർവ്വീസ് സഹകരണബാങ്ക് ചക്കുപള്ളം, വണ്ടൻമേട് പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ആനവിലാസം സർവ്വീസ് സഹകരണ ബാങ്ക് പഞ്ചായത്തിന്റെ 8ഉം 9ഉം വാർഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

ഇതുകൂടാതെ കാർഷികമേഖലയെ പരിപോഷിപ്പിക്കുന്നതിനും കർഷകരുടെ കൃഷിയാവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ വസ്തുവകകൾക്ക് യഥാവിധം ലോണുകൾ അനുവദിച്ചു കൊടുക്കുകയും പുതിയ സഹകരണപ്രസ്ഥാനങ്ങൾ നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിൽ ഏറ്റവും അധികം കൃഷി ചെയ്യുന്നത് ഏലം, കുരുമുളക് എന്നിവ ആയതിനാൽ ഈ കൃഷിയുടെ പരിപാലനത്തിനു വേണ്ട സഹായങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ മുന്നോട്ടു വരണം. കൂടാതെ പഞ്ചായത്തിൽ ഇപ്പോൾ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നില്ല. കർഷകരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ന്യായമായ വിലക്ക് വാങ്ങുന്നതിന് ഒരു മാവേലി സ്റ്റോർ അത്യാവശ്യമാണ്.

സ്ഥാപനത്തിൽ നിന്നും സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
ചക്കുപള്ളം സർവ്വീസ് സഹകരണ സംഘം		
IDCB	S.T.W. loan	2642650
ബിസിനസ്സ്	ഓവർഡ്രാഫ്റ്റ്	219000
Revitalosation	loan	1,385000
ആനവിലാസം സർവ്വീസ് സഹകരണബാങ്ക്		
ജില്ലാബാങ്ക്	കാർഷിക ഹ്രസ്വകാലം	1382054
ജില്ലാബാങ്ക്	ദീർഘകാലം	529200
ജില്ലാബാങ്ക്	മധ്യകാലം	15390
ജില്ലാബാങ്ക്	സാധാരണ വായ്പ	300000
ചക്കുപള്ളം ഹരിജൻ ബാങ്ക്		
D.C.B.	കാർഷികവായ്പ, ഐ. ആർ. ഡി. പി., സാധാരണവായ്പ	95000 365000 100000

ഗ്രാമസഭയിൽ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രധാന പ്രശ്നങ്ങൾ:-

1. ഇപ്പോൾ ബാങ്കുകൾ നൽകുന്ന വായ്പാപരിധി അർഹതയനുസരിച്ച് കൂട്ടിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
2. ബാങ്കുലോണുകൾ ജനങ്ങൾക്ക് ലഭിക്കുന്നതിന് ബോർഡിന്റെ പൂർണ്ണമായ സഹകരണം ലഭിക്കുന്നില്ല.
3. കുരുമുളക് കൃഷിക്കാവശ്യമായ വായ്പകൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.
4. കൃഷി ചെയ്തുണ്ടാക്കുന്ന പച്ചക്കറികൾ വിറ്റഴിക്കുന്നതിനും കർഷകർക്ക് യഥാർത്ഥ വില കിട്ടുന്നതിനും വേണ്ട സഹകരണസംഘങ്ങൾ പഞ്ചായത്തിലില്ല.
5. സഹകരണ മേഖലയിൽ വിഭവസമാഹരണവും വിപണനവും നിലവിൽ ഇല്ല. പഞ്ചായത്തിൽ ഒരു ഏലക്കാ സംരക്ഷണസ്റ്റോർ ആവശ്യമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ കൂടുതൽ വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ക്രെഡിറ്റ് നോൺ ക്രെഡിറ്റ്	പ്രവർത്തനം ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	ഒരു ഓഹരിയുടെ വില	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	സർക്കാർ ഓഹരിയുണ്ടോ	ഉണ്ടെങ്കിൽ ലഭിച്ച തുക	പരമാവധി കടം എടുക്കാവുന്ന തുക	പാതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ		നൽകിയിട്ടുള്ള വായ്പകൾ കാർഷിക വായ്പകൾ ഇനം	മറ്റ് വായ്പകൾ ഇനം	പ്രത്യേക വായ്പകൾ ഇനം
												സ്ഥിരം	ഹ്രസ്വകാലം			
1	ചക്കുപള്ളം സർവ്വീസ് സഹകരണ ബാങ്ക് 1 154	ചക്കുപള്ളം പഞ്ചായത്തിന്റെ 1 മുതൽ 8 വരെ വാർഡുകളിൽ	ക്രെഡിറ്റ് സൊസൈറ്റി	1982	3793	11 രൂപ	അഞ്ച് ലക്ഷം രൂപ 5,00,000	അഞ്ച് ലക്ഷം	ഇല്ല	ഇല്ല	1 കോടി	ഒരു ലക്ഷത്തി അൻപതിനായിരം 1,50,000	പതിനെട്ട് ലക്ഷം 18,00,000	STW Loan MT, STW OL	IRDP, Businessloan Gold Loan Business O/d	-
2	ആനവിലാസം സർവ്വീസ് സഹകരണ ബാങ്ക്	ആനവിലാസം വില്ലേജും പഞ്ചായത്തിന്റെ 8,9 വാർഡും	ക്രെഡിറ്റ്	3-9-1985	2001	25 രൂപ	25 ലക്ഷം രൂപ	30,3950	ഇല്ല	ഇല്ല	1,21,58,000	1017784	864715	ഹ്രസ്വകാലം ദീർഘകാലം മധ്യകാലം	സാധാരണ വായ്പ സ്വന്തം ഫണ്ട് വായ്പ സ്വർണ്ണപണയ വായ്പ , സെക്യൂർഡ് ലോൺ	ഇല്ല

6. കൃഷി വിളകൾ സഹകരണസംഘങ്ങൾ വഴി വിറ്റഴിക്കുന്നതിനും ഒരു മാർക്കറ്റിംഗ് സഹകരണസംഘം പഞ്ചായത്തിലുണ്ടാകേണ്ടത് അത്യാവശ്യമാണ്.

7. സംസ്ഥാന സഹകരണബാങ്ക് ജില്ലാ ബാങ്കുകൾക്ക് കടം കൊടുക്കാത്തതിനാൽ പ്രാഥമിക സംഘങ്ങൾ വഴി ലോൺ വിതരണം നടക്കുന്നില്ല. ഈ സ്തംഭനാവസ്ഥയ്ക്ക് ഒരു പ്രതിവിധി കാണേണ്ടതാണ്.

8. മുടങ്ങിപ്പോയ കൺസ്യൂമർ സ്റ്റോർ പുനഃസ്ഥാപിക്കേണ്ടതാണ്.

9. ഉദ്യോഗസ്ഥരുടെ അനധികൃതമായ കൈകടത്തൽ അവസാനിപ്പിക്കുക.

10. സഹകരണസംഘങ്ങളിൽ നിന്നും കൊടുക്കുന്ന ലോണുകളുടെ പലിശയളവ് കുറയ്ക്കണം.

11. സഹകരണസംഘങ്ങൾ കൂടുതൽ വായ്പകൾ നൽകുന്നില്ല.

നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ വ്യവസായം (കാലിത്തീറ്റ, മെഴുകുതിരി, കൈത്തറി, etc....) നടപ്പാക്കുക.

2. ബാങ്കുലോൺ ജനങ്ങൾക്ക് ലഭിക്കുന്നതിന് NABARD-ന്റെ പൂർണ്ണമായ സഹകരണം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

3. സഹകരണാടിസ്ഥാനത്തിൽ കൃഷിയുപകരണങ്ങൾ വളങ്ങൾ കീടനാശിനികൾ, മേൽത്തരം വിത്തുകൾ എന്നിവ അർഹതയുള്ള എല്ലാ കർഷർക്കും ലഭ്യമാക്കുക.

4. സ്വന്തമായി നിലമുള്ള പട്ടയം ഇല്ലാത്ത കർഷകർക്ക് കൃഷിയാവശ്യങ്ങൾക്കായി ബാങ്കു വായ്പ മുതലായവ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

5. പഞ്ചായത്തിൽ ഒരു വനിതാസഹകരണസംഘം രൂപികരിക്കേണ്ടത് ആവശ്യമാണ്. ഇതുവഴി ആടുവളർത്തൽ, കോഴി വളർത്തൽ, അടുക്കളതോട്ടം ഉണ്ടാക്കുന്നതിനും മറ്റും സാധിക്കും.

6. സഹകരണ മാർക്കറ്റിംഗ് സംഘം ആരംഭിക്കുകയാണെങ്കിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലകളിൽ വിറ്റഴിയാൻ സാധിക്കും.

7. നിത്യോപയോഗ സാധനങ്ങൾ ഗ്രാമീണർക്ക് ലഭിക്കുന്നതിനു വേണ്ടി ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കണം.

8. മുൻപുണ്ടായിരുന്നതും പ്രവർത്തനം നിലച്ചുപോയതുമായ സഹകരണാശുപത്രി പുനഃസ്ഥാപിക്കുക. (5-ാം വാർഡ്)

9. സ്പൈസസ് ബോർഡിൽ നിന്ന് ഫണ്ട് സമാഹരിച്ച് പാക് ചെയ്ത് വിപണനം നടത്തുന്നതിനുള്ള അവസരം ഉണ്ടാക്കുക.

10. ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുക.

11. പഞ്ചായത്തിലെ എല്ലാ കർഷകർക്കും ചെറുകിട കച്ചവടക്കാർക്കും വായ്പകളും മറ്റും ലഭിക്കുന്നതിന് ചക്കുപള്ളം മേഖലയിൽ ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ച് തുടങ്ങുന്നത് നന്നായിരിക്കും. നിലവിലുള്ള സഹകരണസംഘങ്ങളിൽ നിന്നോ പുതുതായി സംഘങ്ങൾ രൂപീകരിച്ചോ പഞ്ചായത്തിലെ തൊഴിലില്ലാപ്രശ്നം പരിഹരിക്കേണ്ടതാണ്.

12. നാണ്യവിളകൾക്ക് വിലക്കുറവുണ്ടാകുമ്പോൾ തറവില നിശ്ചയിച്ച്, സഹകരണസംഘങ്ങൾ ഉൽപ്പന്നങ്ങൾ സംഭരിച്ചുകൊണ്ട് കർഷകരെ സഹായിക്കുക.

13. പാലിന് തൂക്കത്തിന്റെ അടിസ്ഥാനത്തിൽ ന്യായമായ വില നൽകുക.

14. കൃഷിനാശം ഉണ്ടാകുമ്പോൾ സഹകരണസംഘങ്ങൾ വഴി അടിയന്തിരമായ ലോൺ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. ബാങ്കിൽ കൂടുതൽ നിക്ഷേപം സ്വീകരിച്ചുകൊണ്ട് കൂടുതൽ ലോണുകൾ വിതരണം ചെയ്യണം.

16. സഹകരണസംഘങ്ങളിൽ രാഷ്ട്രീയം പൂർണ്ണമായും ഒഴിവാക്കുക.

വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കിയത്

പി. പി. ഷാജി പുതുപ്പള്ളിമഠം

അലക്സ് പതിയിൽപ്പൊക്കത്ത്

**

5.10

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ചക്കുപള്ളം പഞ്ചായത്തിൽ മൊത്തം ജന സംഖ്യയുടെ 12.9% ആളുകൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. ഏകദേശം 460 പട്ടികജാതി, പട്ടികവർഗ്ഗകുടുംബങ്ങൾ പഞ്ചായത്തിൽ താമസിച്ചു വരുന്നു. ഇതിൽ എട്ട് പട്ടികജാതി കോളനികളും, ഒരു പട്ടികവർഗ്ഗ കോളനിയും നിലവിലുണ്ട്. പഞ്ചായത്തിൽ ആകെ 2291 പട്ടികജാതി, പട്ടികവർഗ്ഗ അംഗങ്ങളാണുള്ളത്. ഇതിൽ 1973 പട്ടികജാതി അംഗങ്ങളും, 318 പട്ടികവർഗ്ഗ അംഗങ്ങളും ഉണ്ട്.

വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക മേഖലയിൽ ഈ വിഭാഗത്തിന് വേണ്ടത്ര പുരോഗതി കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ, ഈ വിഭാഗതതിന് യാതൊരുവിധ ഉച്ചനീചത്വങ്ങളും നിലവിലില്ല. എല്ലാ മത വിഭാഗങ്ങളുടെയും, എല്ലാത്തരം ചടങ്ങുകളിലും പൊതുപരിപാടികളിലും, ഈ വിഭാഗത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ട്. ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെ കുറിച്ചും വേണ്ടത്ര അറിവില്ലായ്മ കൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതതികൾ യഥാവിധം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. ഇവരിൽ നിലനില്ക്കുന അജ്ഞത മൂലം സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് വേണ്ട വിധത്തിൽ പ്രയോജനം ചെയ്യുന്നില്ല. എന്നാൽ ചുരുക്കം ചില ആളുകൾക്ക് ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസം

പഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെട്ടവർ പൊതുവേ നിരക്ഷരരാണ്. വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ചുരുക്കം കുട്ടികൾ മാത്രമേ S.S.L.C വരെ പഠിക്കാൻ മുതിരുന്നുള്ളു. എന്നാൽ S.S.L.C. യ്ക്ക് ശേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. ഈ താത്പര്യമില്ലായ്മയ്ക്ക് കാരണം രക്ഷിതാക്കളിൽ നിലനില്ക്കുന്ന അജ്ഞതമൂലവും, കൂടാതെ ഇവിടം കാർഷികമേഖലയായതുകൊണ്ടും, കുടുംബ ബാധ്യതയേറ്റെടുക്കേണ്ടി വരുന്നതുകൊണ്ടും, കുട്ടികൾ അല്പം മുതിർന്നാൽ പഠനം നിറുത്തി ജോലികളിൽ കൂടെ വരുമാനം കണ്ടെത്താൻ പ്രാപ്തരാകുന്നു. ഇത് മാറ്റിയെടുക്കുന്നതിനു വേണ്ടി വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തേണ്ടതുണ്ട്. പൊതുവേ S.S.L.C.യ്ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസം നേടിയവർ പഞ്ചായത്തിൽ വളരെ കുറവാണ്.

തൊഴിൽ

പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർ ഭൂരിപക്ഷവും കാർഷികമേഖലയിൽ (ഏലത്തോട്ടം) തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരാണ്. ഏലത്തോട്ടങ്ങളിൽ സീസൺ കഴിഞ്ഞുള്ള മാസങ്ങളിൽ ഈ വിഭാഗം വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇത് മാറി, ഈ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. പുതിയ തൊഴിലുകൾ ആരംഭിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

പാർപ്പിടം

പഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പരിധി വരെ പഞ്ചായത്തും ഗവൺമെൻറും സ്വകാര്യ ഏജൻസികളും, നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ ഗിരിജൻ കോളനികളിലും ഈ വിഭാഗം ജനങ്ങൾക്ക് കുടിലാണുള്ളത്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരേണ്ടത് അത്യാവശ്യമാണ്. ഗവൺമെൻറ് ഏജൻസികൾ വഴി നല്കപ്പെടുന്ന തുകയുടെ അപര്യാപ്തതമൂലം ഇന്ന് പല വീടിൻറെയും പണി പൂർത്തിയാകാതെ കിടപ്പുണ്ട്. വീടു വെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടു വെയ്ക്കുന്നതിനാവശ്യമായ ധനസഹായവും പുതിയ പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഇന്നുള്ള ഭൂരിഭാഗം വീടുകൾക്കും വൈദ്യുതി ഇല്ല. ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

ഇന്ന് നിലവിലുള്ള കോളനികളിൽ ഭൂരിഭാഗവും ദൈനംദിനം നേരിടുന്ന ഒരു വലിയ പ്രശ്നമാണ് കുടിവെള്ളക്ഷാമം. കോളനികളിലും മറ്റും താമസിക്കുന്ന ജനവിഭാഗം വളരെ ദൂരം നടന്നു ചെന്നാണ് കുടിവെള്ളം കൊണ്ടു വരുന്നത്. ജനം നേരിടുന്ന ഈ വലിയ പ്രശ്നത്തിന് ഒരു പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആരോഗ്യപ്രശ്നത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പല കോളനി നിവാസികൾക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയുള്ള അടിസ്ഥാനസൗകര്യം പോലും ഇല്ല. ഈ പ്രശ്നം പരിഹരിക്കാൻ ഓരോ വീടിനും ഒരു കക്കൂസ് വീതം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

കോളനിയെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമനമ്പർ	കോളനിയുടെ പേര്	സ്ഥലം	ആകെ	താമസയോഗ്യമായ വീടിന്റെ എണ്ണം	കക്കൂസുകളുടെ എണ്ണം	വൈദ്യുതീകരിച്ച വീടിന്റെ എണ്ണം	SC. / ST.
1	പാമ്പുപാറ	പാമ്പുപാറ	32	17	20		SC.
2	സുൽത്താൻകട	സുൽത്താൻകട					SC.
3	ചക്കുപള്ളം	ചക്കുപള്ളം					ST.
4	ഉദയഗിരി		80				SC.
5	മാധവൻകാനം		60				SC.
6	N.R.E.P.	അണക്കര					SC.
7	നടുവണക്കര	അണക്കര					SC.
8	അമ്പലമേട്	അണക്കര എട്ടാം മൈൽ	16	4	10		SC.

ഗ്രാമസഭയിലെ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രധാന പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്തവർക്ക് ഇവ രണ്ടും നല്കുക.
2. കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. പ്രധാനമായും, കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ഇതിന് ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.
3. പൊതുശ്മശാനം ഇല്ല.
4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനം ഇടയ്ക്ക് വെച്ച് നിറുത്തേണ്ടി വരുന്നു.
5. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
6. ജനങ്ങളിൽ നിരക്ഷരത കൂടുതലാണ്.
7. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.
8. I.R.D.P. പോലുള്ള ലോണുകളും മറ്റും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

നിർദ്ദേശങ്ങൾ

1. കോളനികളിൽ എല്ലാം കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടി, കൂടുതൽ കിണറുകളും പ്രവർത്തനയോഗ്യമായ ടാപ്പുകളും സ്ഥാപിക്കേണ്ടതാണ്.
2. ജനങ്ങളിലെ അജ്ഞത മാറ്റുവാനും, വായനാശീലം വർദ്ധിപ്പിക്കാനും വായനശാലകൾ സ്ഥാപിക്കുക.
3. S.S.L.C. വരെയും തുടർന്നും പഠനം നടത്തുന്നതിന് വേണ്ട പ്രോത്സാഹനം (സ്കോളർഷിപ്പ്) ഗ്രാമപഞ്ചായത്തിലൂടെ നടപ്പാക്കുക.
4. കോളനികളിൽ ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക.
5. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന് മാത്രമായി സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
6. ഈ വിഭാഗത്തിൽ പെടുന്ന നിർദ്ധനരായ പെൺകുട്ടികളെ വിവാഹം ചെയ്ത് അയയ്ക്കുന്നതിനുള്ള നിലവിലുള്ള 2000 രൂപയിൽ നിന്ന് 10000 രൂപയായി ഉയർത്തുക.
7. ദളിത് ക്രൈസ്വരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി അധികാരങ്ങൾ തുല്യമായി നല്കുക.

❋❋

5.11

സംസ്കാരം

സംസ്കാരം എന്നാൽ കൂട്ടായ്മയിൽ നിന്നു രുത്തിരിഞ്ഞു വരുന്ന അംഗീകൃത ജീവിതരീതിയാണ്. അഥവാ തലമുറകളിലൂടെ ക്രോഡീകരിക്കപ്പെടുന്ന അംഗീകൃത ജീവിതരീതിയാണ് സംസ്കാരം.

മനുഷ്യചരിത്രത്തിന്റെ പുരോഗതിയിൽ സാംസ്കാരിക പരിവർത്തനങ്ങളുടെ സ്ഥാനം ശ്രദ്ധേയമാണ്. മനുഷ്യവംശത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കുവാൻ ലോകോപകാരികളായ നവോത്ഥാനനായകർക്ക് സാധിച്ചത് സാംസ്കാരിക പരിവർത്തനത്തിലൂടെയാണ്. മതം, മാനവികത, ധർമ്മദീക്ഷ എന്നിവയുടെ പേരിലാണ് സാംസ്കാരിക പരിവർത്തനം നടന്നിട്ടുള്ളത്.

സമൂഹം പുരോഗതിയുടെ പൂർണതയിലെത്തണം എങ്കിൽ തീർച്ചയായും സാംസ്കാരിക അഭിവൃദ്ധി ഉണ്ടാവണം. കാരണം സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനമേഖല വളരെ ശുഷ്കമാണ്. എണ്ണത്തിൽ ചുരുക്കമായ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയാണ്. പ്രധാനമായും സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്കാരത്തിന്റെ വികാസത്തിന് മാധ്യമങ്ങളുടെ പങ്കും പ്രധാനമാണ്.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം മതസൗഹാർദ്ദത്തിലധിഷ്ഠിതമാണ്. പ്രധാനമായും ഹിന്ദു-ക്രിസ്ത്യൻ മതവിഭാഗങ്ങളാണ് ഇവിടെ വസിക്കുന്നത്. വളരെ ചെറിയ അളവിൽ മുസ്ലീം മതാനുയായികളും ഉണ്ട്. ജനങ്ങളെ നന്മയിലേക്കും സാഹോദര്യത്തിലേക്കും നയിക്കുന്നതിൽ നമ്മുടെ സമൂഹത്തിലെ മതസ്ഥാപനങ്ങൾ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ഈ വിധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി തുടരുവാൻ നമുക്കു കഴിയണം. നിലവിൽ, മതസ്ഥാപനങ്ങളും മതാനുബന്ധ പ്രസ്ഥാനങ്ങളും സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ ശ്രദ്ധചെലുത്തുന്നു എന്നത് പ്രശംസനീയമായ വസ്തുതയാണ്.

ആരാധനാലയങ്ങളിലെ പെരുന്നാളുകൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവ നാടിന്റെ ആഘോഷമായി കാണുവാൻ ജനങ്ങൾക്കു കഴിയുന്നുണ്ട്. ഇത്തരം പരിപാടികൾ മതസൗഹാർദ്ദവും സാഹോദര്യവും വളർത്തുന്നതിനും ജാതി-മത-വർണ്ണഭേദങ്ങൾക്കതീതമായി ജനങ്ങളെ ഒന്നിപ്പിക്കുവാനും കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

വായന-ഗ്രന്ഥശാലകൾ

നമ്മുടെ പഞ്ചായത്തിൽ നിലവിൽ അഞ്ച് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. അണക്കരയിലും ആനവിലാസത്തുമുള്ള പഞ്ചായത്ത് സാംസ്കാരിക നിലയങ്ങളിലും ചൈതന്യാക്ലബ്ബ് ചക്കുപള്ളം, നവഭാവന 6-ാം മൈൽ, ജ്ഞാനോദയം ചെല്ലാർകോവിൽ, ROSE ചെല്ലാർകോവിൽ എന്നീ സ്ഥാപനങ്ങളിലും ലൈബ്രറികൾ പ്രവർത്തിച്ചു വരുന്നു. S.N.D.P., യുവദീപ്തി തുടങ്ങിയ സ്ഥാപനങ്ങളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന മറ്റു ലൈബ്രറികളും ഉണ്ട്. വിശാലമായ നമ്മുടെ പഞ്ചായത്തിൽ ലൈബ്രറികളുടെ എണ്ണം പരിമിതമാണ്.

നിലവിലുള്ള പല ലൈബ്രറികളിലും പ്രവർത്തനം കാര്യക്ഷമമല്ല എന്നു കാണാം. നടത്തിപ്പിലുള്ള കാര്യശേഷിക്കുറവ്, സാമ്പത്തിക പ്രശ്നങ്ങൾ, ജനകീയ സഹകരണത്തിലെ കുറവ്, പുസ്തകങ്ങളുടെയും മറ്റു പ്രസിദ്ധീകരണങ്ങളുടെയും കുറവ് എന്നിവയുണ്ട്. നിലവിലുള്ളതും പ്രവർത്തനം നിലച്ചതുമായ ലൈബ്രറികളുടെ പ്രവർത്തനമാന്ദ്യത്തിനു കാരണം.

ജനങ്ങളിലെ വായനാശീലം കുറഞ്ഞു വരുന്നു എന്നതും ഒരു കാരണമാണ്. T.V. തുടങ്ങിയ മാധ്യമങ്ങളുടെ പ്രചാരം മൂലം വായനാശീലം കുറയുന്നു എന്ന പരാതി വ്യാപകമാണ്.

വിജ്ഞാനവികാസത്തിനും വിനോദത്തിനും ഉതകുന്ന ലൈബ്രറികൾ സംരക്ഷിക്കുന്നതിനും ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനും ശരിയായ ബോധവല്ക്കരണവും മറ്റു പ്രവർത്തനങ്ങളും ആവശ്യമാണ്.

ദിനപ്പത്രങ്ങൾ, വീക്കിലികൾ, മാസികകൾ

ക്രമ നമ്പർ	ലൈബ്രറിയുടെ പേര്	സ്ഥാപിച്ച വർഷം	സ്വഭാവം	ഗ്രേഡ്	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	മറ്റു പ്രസിദ്ധീകരണങ്ങൾ	റേഡിയോ, ടി. വി.	സ്വന്തമായി സ്ഥലമോ കെട്ടിടമോ
1	നവഭാവന ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ്, ചക്കുപള്ളം	1972	ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ്,	ഞ ഗ്രേഡ്	300 സ്ത്രീ - 6	1676	-	റേഡിയോ	സ്ഥലവും കെട്ടിടവും ഉണ്ട്
2	ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചക്കുപള്ളം	1989	വായനശാല & സ്പോർട്സ് ക്ലബ്ബ്		210 സ്ത്രീ - 25	1000	-	ടി. വി.	സ്ഥലം ഉണ്ട്
3	ജ്ഞാനോദയം വായനശാല, ചെല്ലാർകോവിൽ	1981	ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ്	D ഗ്രേഡ്	106 സ്ത്രീ - 21	2500	-	ടി. വി.	സ്ഥലം ഉണ്ട്
4	പഞ്ചായത്തുവക സാംസ്കാരികനിലയം അണക്കര	1992	ലൈബ്രറി	-	-	797	-	ടി. വി.	കെട്ടിടവും സ്ഥലവും ഉണ്ട്
5	പഞ്ചായത്തുവക സാംസ്കാരികനിലയം ആനവിലാസം	1995	ലൈബ്രറി	-	-	-	-	-	കെട്ടിടവും സ്ഥലവും ഉണ്ട്
6	ഗ്രാമദീപം ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പത്തുമുറി	1989	ആർട്സ് & സ്പോർട്സ് ക്ലബ്ബ്	-	120	-	-	-	കെട്ടിടവും സ്ഥലവും ഉണ്ട്

എന്നിവയാണ് ഈ പ്രദേശത്തെ ജനങ്ങളുടെ വായനയുടെ പ്രധാന ഘടകങ്ങൾ. ജനങ്ങളുടെ സാംസ്കാരിക സമീപനങ്ങളെ മേല്പറഞ്ഞ പ്രസിദ്ധീകരണങ്ങൾ നല്ല തോതിൽ സ്വീധീനിക്കുന്നുണ്ട്.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ

T.V. തുടങ്ങിയ ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ നമ്മുടെ പ്രദേശത്ത് അതിവേഗം പ്രചരിക്കുന്നുണ്ട്. T.V. റേഡിയോ തുടങ്ങിയവ വിജ്ഞാനത്തിനും വിനോദത്തിനും അത്യന്തം ഉപകരിക്കപ്പെടുന്നുണ്ട്.

പക്ഷെ നമ്മുടെ സാംസ്കാരിക പൈതൃകത്തിനനുയോജ്യമല്ലാത്ത പരിപാടികൾ കേബിൾ T.V. തുടങ്ങിയവയിലൂടെയും അശ്ലീലസിനിമകളിലൂടെയും അവതരിപ്പിക്കുന്നുണ്ട്. ഈ വസ്തുത നാം മനസ്സിലാക്കി T.V. പ്രോഗ്രാമുകളിലെയും മറ്റും നല്ല വശങ്ങൾ മാത്രം സ്വീകരിക്കുവാൻ ശ്രദ്ധിക്കുകയും അതിനുവേണ്ടി ശരിയായ ബോധവല്ക്കരണവും മറ്റു ശ്രമങ്ങളും നടത്തുകയും വേണം.

ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യവിനോദോപാധികളായി പ്രവർത്തിക്കുന്നത് എട്ടാംമൈലിൽ ഉള്ള രണ്ട് സിനിമാശാലകളാണ്.

നിർമ്മാണം ഏറെക്കുറെ പൂർത്തിയായിട്ടും ഉപയോഗശൂന്യമായി, ഉദ്ഘാടനം ചെയ്യപ്പെടാത്ത സ്ഥിതിയിലാണ് നമ്മുടെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ അവസ്ഥ.

കലാസമിതികൾ

നല്ലനിലയിൽ പ്രവർത്തിക്കുന്ന കലാസമിതികൾ നമ്മുടെ പ്രദേശത്ത് വളരെ ചുരുക്കമാണ് എന്നു പറയാം. വളരെ നാമമാത്രമായ കലാസംഘടനകളാകട്ടെ ഏതെങ്കിലും ക്ലബ്ബുകളുമായോ, ഇതര സംഘടനകളുമായോ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവയായിരിക്കും. ഏതെങ്കിലും വിധത്തിലുള്ള കലാസമിതികളാകട്ടെ നിലവിലുണ്ടെങ്കിൽ കൂടിയും പ്രയോജനപ്രദമായ പ്രവർത്തനങ്ങൾ നടത്താത്തവയായിരിക്കും.

കലാസമിതികളുടെ അഭാവവും, അലംഭാവവും സൂചിപ്പിക്കുന്നത്, ജനങ്ങളുടെ കലാഭിരുചി കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിലുള്ള നമ്മുടെ അശ്രദ്ധയാണ്. തനതു കലകൾ സംരക്ഷിക്കുന്നതിനും കലാസാഹിത്യരംഗങ്ങളിൽ പ്രഗത്ഭരായവരെ കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനും കലാസമിതികളുടെ പങ്ക് വലുതാണ്.

വീഡിയോ ക്ലബ്ബ്, ഫിലിം സൊസൈറ്റി എന്നിവ നമ്മുടെ പ്രദേശത്ത് നല്ല നിലയിൽ പ്രവർത്തനം ആരംഭിക്കുന്നത് വളരെ പ്രയോജനപ്രദമായിരിക്കും.

സാംസ്കാരിക സംഘടനകൾ

സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം നമ്മുടെ പ്രദേശത്ത് ശുഷ്കമാണ്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ, തൊഴിൽ പ്രസ്ഥാനങ്ങൾ, മതാനുബന്ധ സംഘടനകൾ (ഉദാ: യുവദീപ്തി), ചുരുക്കം ചില ക്ലബ്ബുകൾ, S.N.D.P., പൗരസമിതികൾ തുടങ്ങിയവയാണ് പ്രധാന സാംസ്കാരിക സംഘടനകൾ.

മനുഷ്യരെ സാമൂഹിക തിന്മകൾക്കെതിരായി പ്രതികരിക്കുവാൻ പ്രേരിപ്പിക്കുന്നതിൽ സാംസ്കാരിക സംഘടനകളുടെ സ്ഥാനം വളരെ വലുതാണ്. അക്രമം, അഴിമതി, അനീതി, തുടങ്ങിയ തിന്മകൾക്ക് എതിരെ പ്രവർത്തിക്കുന്ന സ്വതന്ത്രവും ശക്തവുമായ സംഘടനകളാണ് സമൂഹത്തിന് ആവശ്യം. നിലവിൽ കണ്ടു വരുന്നതുപോലെ രജിസ്റ്റർ ചെയ്തശേഷം നിശ്ചലമാവുന്ന സംഘടനകൾ നമുക്ക് ആവശ്യമില്ല എന്ന് ചുരുക്കം.

ആചാരാനുഷ്ഠാനങ്ങൾ

സാമൂഹികാഘോഷങ്ങളിലും വിവാഹം പോലുള്ള ചടങ്ങുകളിലും നാം കാണിക്കുന്ന ആർഭാടങ്ങൾ വഴി വളരെയധികം സമ്പത്താണ് ദുർവ്യയം ചെയ്യപ്പെടുന്നത്. അനാവശ്യാർഭാടങ്ങൾ ഒഴിവാക്കിയാൽ നമുക്ക് ലാഭിക്കുവാൻ കഴിയുന്നത് വലിയ ഒരു സമ്പത്തായിരിക്കും.

സ്ത്രീകളും സാംസ്കാരികരംഗവും

സാംസ്കാരിക രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം നമ്മുടെ പ്രദേശത്ത് വളരെക്കുറവാണ്. സാംസ്കാരിക സംഘടനകളിലും മറ്റും പ്രവർത്തിക്കുവാൻ മുമ്പോട്ടുവരുന്ന സ്ത്രീകൾ കുറവാണ്., ഗ്രന്ഥശാലകളിലെ സ്ത്രീകളുടെ വളരെക്കുറഞ്ഞ അംഗത്വം സ്ത്രീകളിലെ വായനാശീലത്തിന്റെ കുറവാണ് കാണിക്കുന്നത്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുവാൻ നാം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

കായികസംസ്കാരം

സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളിലൂടെ മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയാണ് കായികസംസ്കാരം.

ചാമ്പ്യൻമാരെ സൃഷ്ടിക്കലും മെഡൽ നേടലുമല്ല കായികസംസ്കാരത്തിന്റെ മുഖ്യലക്ഷ്യം. സാർവ്വത്രികമായ കായികപരിശീലനവും കായികപ്ര

വർത്തനങ്ങളിലെ വർദ്ധിച്ച ജനപങ്കാളിത്തവുമാണ് കായികസംസ്കാരത്തിന്റെ മുഖ്യലക്ഷ്യം.

ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസമുള്ള, അരോഗദൃഢഗാത്രമായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായിക സംസ്കാരത്തിന്റെ സാമൂഹ്യകടമ. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമെ ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുകയുള്ളു. രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്തായ മാനുഷികവിഭവശേഷിയുടെ ശരിയായ പരിപോഷണത്തിനും ഉപയോഗത്തിനും കായിക സംസ്കാരം വഹിക്കുന്ന പങ്ക് വലുതാണ്.

ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം എല്ലാ കായിക പ്രവർത്തനങ്ങൾക്കും നമ്മുടെ പ്രദേശം അനുയോജ്യമല്ല. കബഡ്ഡി, വോളിബോൾ, അത്ലറ്റിക്സ് തുടങ്ങിയ കായിക ഇനങ്ങളാണ് പ്രധാനമായും പ്രചാരത്തിലുള്ളത്. ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയവയുടെ വികാസത്തിനു തടസ്സം കളിസ്ഥലങ്ങളുടെ അപര്യാപ്തതയാണ്. കായികതാരങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്സ്കൂളുകളുടെയും മറ്റും അപര്യാപ്തമായ കളിസ്ഥലങ്ങളാണ്. നമ്മുടെ പഞ്ചായത്തിന്റെ 6-ാം വാർഡിൽ നിർമ്മാണം തുടങ്ങിയ മിനി സ്റ്റേഡിയത്തിന്റെ പണികൾ പൂർത്തിയായാൽ അത് ഈ പ്രദേശത്തെ കായിക പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവും.

സ്കൂളുകളിലെയും ക്ലബ്ബുകളിലെയും ഒരു പ്രധാന പ്രശ്നമാണ് സ്പോർട്സ് സാമഗ്രികളുടെ ദൗർലഭ്യം. കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും മികവു തെളിയിക്കുന്നതിന് അവസരങ്ങൾ ഒരുക്കുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ സ്ത്രീകളെ കായികസംസ്കാരത്തിലെ ഘടകമാക്കുന്നതിലും.

കായികസംഘടനകൾ

ചുരുക്കം ചില ക്ലബ്ബുകൾ മാത്രമാണ് കായിക സംഘടനകളായി നമുക്കു ചൂണ്ടിക്കാട്ടാനുള്ളത്. കായിക സംഘടനകളുടെ സാധ്യതകൾ അനവധിയാണ്. പഞ്ചായത്തുതലത്തിൽ ഓരോ കായിക ഇനത്തിനും പ്രത്യേകസംഘടനകൾ രൂപീകരിക്കുന്നത് കായികസംസ്കാരത്തിന്റെ വളർച്ചക്ക് സഹായകമാവും. ജനകീയസമിതികളുടെ പ്രവർത്തനവും പൊതുജനങ്ങളുടെ സഹകരണവും കൊണ്ടു മാത്രമെ കായികസംസ്കാരത്തിന്റെ വളർച്ച ഉറപ്പാക്കുവാൻ കഴിയുകയുള്ളു.

നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക മേഖല നേരിടുന്ന പ്രശ്നങ്ങളുടെയും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളുടെയും നടപ്പാക്കുവാൻ ആലോചിക്കുന്ന ചില ലക്ഷ്യങ്ങളുടെയും ഒരു ചെറിയ ക്രോഡീകരണം താഴെക്കൊടുക്കുന്നു.

1. സാംസ്കാരിക മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും പുതിയ നടപടികളെക്കുറിച്ചും ജനങ്ങൾ ഏറിയ പങ്കും അജ്ഞരാണ്. അതിനാൽ ശരിയായ ബോധവല്ക്കരണം ജനങ്ങൾക്കു നല്കണം.
2. പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ശരിയായതും സൗകര്യപ്രദവുമായ ക്രമത്തിൽ വരുത്തുന്നതിനുമായി പഞ്ചായത്തുതലത്തിൽ സാംസ്കാരിക ഏകോപനസമിതിയും, വാർഷിക സാംസ്കാരിക കലണ്ടറും രൂപീകരിക്കുക.
3. മതസൗഹാർദ്ദവും സാഹോദര്യവും ദേശീയതയും വളർത്തുവാനുതകുന്ന പരിപാടികൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുകയും പെരുന്നാളുകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവ മതസൗഹാർദ്ദത്തിനു വേദിയാക്കി മാറ്റുക.
4. ജനങ്ങളുടെ വായനാശീലവും വായനാ നിലവാരവും ഉയർത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
5. നിലവിലുള്ള പഞ്ചായത്ത് സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കുക. ആവശ്യമെങ്കിൽ പഞ്ചായത്തു സമിതിയുടെ മേൽനോട്ടത്തിൽ ജനകീയസമിതികൾ രൂപീകരിച്ച് നിലയത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കാര്യക്ഷമമാക്കുകയും ചെയ്യാം. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഉടൻ പ്രവർത്തനക്ഷമമാക്കുക.
6. ആറാം മൈൽ ഭാഗത്ത് പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുക.
7. നിലവിലുള്ള വായനാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
8. മുൻപു പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലവിലില്ലാത്തതുമായ ക്ലബ്ബുകളും ലൈബ്രറികളുംപുനരുദ്ധരിക്കുവാനും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുവാനും ജനകീയ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
9. നിലവിലുള്ള വായനശാലകളിൽ പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുക.
10. കലാ-സാഹിത്യ സമിതികൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാണ് എന്ന് ഉറപ്പു വരു

ത്തുക.

11. തനതുകലകൾ സംരക്ഷിക്കുവാനും കലാഭിരുചിയുള്ളവർക്ക് മികവു തെളിയിക്കുവാനവസരങ്ങളും മറ്റും സൃഷ്ടിക്കുവാനും കലാപ്രതിഭകളെ അംഗീകരിക്കുവാനും നമുക്ക് കഴിയണം.

12. വീഡിയോ ക്ലബ്ബുകൾ, ഫിലിം സൊസൈറ്റികൾ മുതലായവ രൂപീകരിക്കുന്നതിനും നിലവാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രോത്സാഹനം നല്കുക.

13. T.V., സിനിമ, തുടങ്ങിയവയിലെ നല്ല വശങ്ങൾ കൈക്കൊള്ളുന്നതിനും നമ്മുടെ സാംസ്കാരിക പൈതൃകത്തിനു യോജിക്കാത്തവ പുറന്തള്ളുവാനും വേണ്ടതായ ബോധവല്ക്കരണ ശ്രമങ്ങൾ നടത്തുക.

14. പുതിയ സാംസ്കാരിക സംഘടനകൾ ആരംഭിക്കുക. ജനത്തെ പ്രതികരണശേഷിയുള്ളവരാക്കിമാറ്റുവാൻ ഇവക്കു കഴിയണം. സാമൂഹ്യതിന്മകൾക്കെതിരെ ഫലപ്രദമായി പ്രവർത്തനവും നടത്തണം.

15. അനാചാരങ്ങളും സാമൂഹ്യതിന്മകളും ഇല്ലായ്മ ചെയ്യുക. വിവാഹം, ആഘോഷങ്ങൾ തുടങ്ങിയവയിലെ അനാവശ്യധൂർത്ത് നിയന്ത്രിക്കുക.

16. വിദ്യാർത്ഥികളിൽ വായനാശീലം, സാഹോദര്യം, ദേശീയത എന്നിവ വളർത്തിയെടുക്കുക.

17. സുദൃഢമായ ഒരു കായിക സംസ്കാരത്തിന്റെ ആവശ്യകതയെപ്പറ്റി ശരിയായ ബോധവല്ക്കരണം നടപ്പാക്കുക.

18. സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ കായിക ഇനങ്ങൾ ഉൾപ്പെടുത്തുക. സ്കൂളുകളിലെ കായിക പരിശീലനം കാര്യക്ഷമമാണ് എന്നുറപ്പു വരുത്തുക. ഇതിനായി ജനകീയസമിതികളെ നിയോഗിക്കാം.

19. ജനസഹകരണം ഉപയോഗപ്പെടുത്തി കളിസ്ഥലങ്ങളും സ്പോർട്സ് സാമഗ്രികളും സൃഷ്ടിക്കുക.

20. പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുക.

21. കായിക പ്രതിഭകളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി അവരെ പരിശീലിപ്പിക്കുവാൻ പ്രായമായ കായികതാരങ്ങളുടെയും പൊതുജനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുക.

22. പഞ്ചായത്തു കലാ-കായിക മേളകൾ കാര്യക്ഷമമാക്കി നടത്തുകയും കായിക താരങ്ങളെ അംഗീകരിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

23. നമ്മുടെ ഭൂപ്രകൃതി അനുസരിച്ച് കായിക ഇനങ്ങളെ തരം തിരിച്ച് അനുയോജ്യമായവയെ പ്രോത്സാഹിപ്പിക്കുക.

24. പഞ്ചായത്തുതലത്തിൽ ഓരോ കായിക ഇനങ്ങൾക്കും പ്രത്യേകം സംഘടനകൾ രൂപീകരിച്ചു രജിസ്റ്റർ ചെയ്യുകയും മെച്ചമായ പ്രവർത്തനം നടത്തുകയും ചെയ്യുക. സ്പോർട്സ് ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുക.

25. കലാ-കായിക രംഗങ്ങളിൽ വനിതകളുടെ പ്രാതിനിത്യം ഉറപ്പുവരുത്തുക. സ്ത്രീകളെ സൈക്കിൾ സവാരി, കരാട്ടേ, കളരിപ്പയറ്റ് തുടങ്ങിയ ആയോധനകലകൾ എന്നിവ അഭ്യസിപ്പിക്കുക.

ജിജി. കെ. ഫിലിപ്പ്
ഷാജി. പി. വി.

**

5.12

വിഭവസമാഹരണം

തികച്ചും ഒരു കാർഷിക പ്രദേശമാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. ജനങ്ങൾ 'ബഹുഭൂരി പക്ഷവും കൃഷിക്കാരോ കാർഷികതൊഴിലാളികളോ ആണ്. പഞ്ചായത്തിന്റെറ വരുമാനത്തേയും ആളോ ഹരി വരുമാനത്തേയും നിയന്ത്രിക്കുന്നത് കാർഷിക മേഖലയാണ് എന്ന് മനസ്സിലാക്കാമല്ലൊ.

കാർഷികരംഗം

കാർഷികമേഖലയുടെ വളർച്ച ആശാവ ഹമായ രീതിയിലല്ല നടക്കുന്നത്. കർഷകർ പല തരത്തിലുള്ള പ്രതിസന്ധികളെ നേരിട്ടുവരികയാണ്. കാർഷികരോഗങ്ങൾ, ജലസേചനത്തിന്റെറ അഭാവം, കാലാവസ്ഥയിലെ മാറ്റം, പരിചരണത്തിലെ കുറവ് തുടങ്ങിയ കാരണങ്ങളാൽ ഉല്പാദനക്ഷമത കുറ ഞ്ഞു വരുന്നു. നമ്മുടെ പ്രദേശത്തെ മുഖ്യകൃഷിയി നങ്ങളായ ഏലം, കുരുമുളക് തുടങ്ങിയ നാണ്യവി ളകൾ രാഷ്ട്രത്തിന് വലിയ അളവിൽ വിദേ ശനാണ്യം നേടിത്തരുന്നുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിന് അതിൽ നിന്നു ലഭിക്കുന്ന വരുമാനം പരിമിതമാണ്. കാരണം, മറ്റവശ്യവസ്തുക്കളുടെ ലഭ്യതക്കുവേണ്ടി നാം മറ്റു പ്രദേശങ്ങളെ ആശ്രയിച്ചു വരുന്നു എന്നതാണ്.

നാണ്യവിളകളുടെ പോഷണത്തോടൊപ്പം ഭക്ഷ്യോല്പന്നങ്ങളും പച്ചക്കറികളും നാം കൂടു തലായി ഉല്പാദിപ്പിക്കുവാൻ ശ്രമിക്കണം. പച്ചക്കറി മേഖലകളിലും മറ്റും സ്വയം പര്യാപ്തത കൈവ രിച്ചാൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പുറത്തേ ക്കൊഴുകുന്ന സമ്പത്തിന്റെറ അളവു കുറക്കുവാൻ കഴിയും. പച്ചക്കറികൃഷി മേഖലയിൽ സ്ത്രീകളെ കൂടുതൽ പങ്കെടുപ്പിച്ച് അടുക്കളത്തോട്ടങ്ങളും മറ്റും വിജയപ്രദമാക്കാവുന്നതേയുള്ളു.

കാർഷികരംഗത്തെ നിരവധിയായ സാധ്യ തകൾ മുതലെടുക്കുവാൻ തൊഴിൽ രഹിതരായ യുവാക്കൾ മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു.

ക്ഷീരവ്യവസായം

പഞ്ചായത്തിലെ നല്ലൊരു ഭാഗം ആൾക്കാരും മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്നവരാണ്. ക്ഷീരവിപണനം നല്ലൊരുഭാഗം ജനങ്ങളുടെയും വരു മാനോപാധിയായി വർത്തിക്കുന്നു. പ്രതിദിനം ആയി രക്കണക്കിനു ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

വ്യവസായം

വലിയ വ്യവസായങ്ങളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നാമമാത്രമായ ചെറുകിട വ്യവസായങ്ങളാണുള്ളത്. വ്യാവസായിക രംഗത്തെ ഈ തളർച്ച നമ്മുടെ പഞ്ചായത്തിന്റെറ വരുമാനത്തെ ബാധിക്കുന്നുണ്ട് എന്നു തീർത്തും പറ യാം.

നികുതികൾ

നികുതി പഞ്ചായത്തിന്റെറ പ്രധാന വരുമാന മാർഗ്ഗമാണ്. നികുതി കൊടുക്കുന്നവരെല്ലാം അവ ശരിയായ അളവിൽ നല്കുവാൻ തയ്യാറാവണം. നാടിന്റെറ വികസനത്തിനു തങ്ങളോരോരുത്തരും നീതിയുക്തമായി നികുതി നല്കേണ്ടതാണ്. എന്ന ബോധം ജനങ്ങൾക്കുണ്ടാവുക എന്നത് ഏറ്റവും ആവശ്യമായി വരുന്നു.

ഭൂനികുതി

നമ്മുടെ പ്രദേശത്തെ ജനങ്ങളിൽ പലർക്കും കൈവശഭൂമിക്ക് പട്ടയം ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് ഭൂനികുതി പിരിക്കുന്നതിൽ തടസമായി നില്ക്കുന്ന ഘടകമാണ്. പട്ടയമുള്ള ഭൂമി യുടെയും നികുതി പിരിവ് യുക്തിസഹമല്ല എന്നു കാണാം. ഭൂമിയെയും അതിലെ ഉത്പാദനക്ഷമ തയെയും ലഭിക്കാവുന്ന വരുമാനത്തെയും അടി സ്ഥാനമാക്കി വേണം നികുതി നിശ്ചയിക്കുവാൻ.

നികുതി നിശ്ചയിക്കുന്നതിലും പിരിച്ചെടുക്കു ന്നതിലും ഒട്ടേറെ അപാകതകൾ കടന്നു കൂടിയിട്ടുള്ള തിനാൽ അവ പരിഹരിക്കുവാൻ നടപടികൾ സ്വീക രിക്കണം. നികുതി സമ്പ്രദായം സുതാര്യമാക്കുകയും ജനകീയസഹകരണം ഉറപ്പുവരുത്തുകയും ചെയ്യുന്ന തിലൂടെ മാത്രമെ ഇതു സാദ്ധ്യമാവുകയുള്ളു.

കെട്ടിടനികുതി

അശാസ്ത്രീയമായ കെട്ടിടനികുതി സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള കെട്ടിടനികുതിസമ്പ്രദായം കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ കേന്ദ്രീകരിച്ചാണ് നില കൊള്ളുന്നത്. ഈ രീതി മാറി പകരം കെട്ടിടനിർമ്മാണത്തിലെ ചെലവ്, ആഡംബരത്വം, വിലയേറിയ വസ്തുക്കളുടെ ഉപയോഗം എന്നിവ കൂടി കണക്കിലെടുത്താണ് നികുതി നിർണ്ണയം നടത്തേണ്ടത്. നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ അത് ഏതൊക്കെ ഇനങ്ങളിൽ ഏതളവിൽ നിർണ്ണയിച്ചു എന്നും നികുതിദായകന് ബോധ്യമാക്കിക്കൊടുക്കണം.

തൊഴിൽ നികുതി

സർക്കാർ ഉദ്യോഗങ്ങൾക്കു മാത്രം തൊഴിൽ നികുതി എന്ന നമ്മുടെ ധാരണ മാറണം. സമൂഹത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ വ്യക്തിക്ക് ലഭിക്കുന്ന വരുമാനമായിരിക്കണം തൊഴിൽ നികുതിയുടെ മാനദണ്ഡം.

മറ്റു നികുതികൾ

പഞ്ചായത്തിലെ മുഖ്യവിനോദസ്ഥാപനങ്ങളായ രണ്ടു സിനിമാ തീയേറ്ററുകളിൽ നിന്നും ലഭിക്കുന്ന നികുതിയുടെ അളവ് ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കണം. വ്യാപാരസ്ഥാപനങ്ങൾ, ചെറുകിട വ്യവസായസ്ഥാപനങ്ങൾ തുടങ്ങിയവക്കു യുക്തമായ നികുതി നിശ്ചയിച്ച് അവ കാര്യക്ഷമമായി പിരിച്ചെടുക്കുക.

ടൂറിസം

നമ്മുടെ പഞ്ചായത്തിലെ പ്രകൃതിരമണീയങ്ങളായ പ്രദേശങ്ങളാണ് അരുവിക്കൽ വെള്ളച്ചാട്ടവും മെട്ട് ഭാഗങ്ങൾ ഉൾപ്പെടുന്ന തമിഴ്നാട് അതിർത്തി പ്രദേശങ്ങളും. ഈ പ്രദേശങ്ങളിൽ ടൂറിസം വികസനത്തിനാവശ്യമായ സൗകര്യങ്ങൾ എത്തുന്ന പക്ഷം കൂടുതൽ സഞ്ചാരികളും പഞ്ചായത്തിനു കൂടുതൽ വരുമാനമാർഗ്ഗങ്ങളും ലഭിക്കും എന്നതിനു സംശയമില്ല.

ബാങ്കിങ്

നമ്മുടെ പഞ്ചായത്തിൽ ചക്കുപള്ളം സർവ്വീസ് സഹകരണ ബാങ്ക് ആനവിലാസം സർവീസ് സഹകരണബാങ്ക് ഹരിജൻ ബാങ്ക് എന്നിവ പ്രവർത്തിയ്ക്കുന്നുണ്ട്.ഇവവക്കു പുറമെ ജില്ലാ സഹകരണബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയുടെ ഓരോ ശാഖകളും പ്രവർത്തിക്കുന്നു.

നമ്മുടെ പ്രദേശത്ത് നിക്ഷേപങ്ങൾക്കും വായ്പകൾക്കും മാന്ദ്യം അനുഭവപ്പെട്ടുവരികയാണ്. ജനങ്ങളുടെ നിക്ഷേപശീലം വർദ്ധിപ്പിക്കേണ്ടത് ഏറ്റം ആവശ്യമായ ഘടകമായി വരുന്നു. അതുപോലെ വായ്പാ വിതരണരംഗവും കാര്യക്ഷമമായി പ്രവർത്തിക്കുക ആവശ്യമാണ്. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളും കാർഷികാവശ്യങ്ങളും പരിഹരിക്കുന്നതിന് ബാങ്കുവായ്പകളാണ് ഏറെ പ്രയോജനം ചെയ്യുന്നത്. പഞ്ചായത്തും ഗ്രാമസഭകളും നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വായ്പകൾ നല്കി സഹായിക്കുവാൻ ബാങ്കുകൾ മുമ്പോട്ടുവന്നാൽ വികസന പ്രവർത്തനങ്ങൾക്ക് അത് മുതൽക്കൂട്ടായിരിക്കും.

നാഷണൽ സേവിംഗ്സ് സ്കീമുകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമാക്കുവാൻ നാം ശ്രമിക്കണം. ഇന്ദിരാവികാസ് പത്രകൾ പ്രചരിപ്പിക്കുന്നതിലൂടെ പഞ്ചായത്തിന്റെയും വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. മഹിളാപ്രധാൻ ഏജന്റുമാർക്ക് പ്രോത്സാഹനം നല്കുകവഴി കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭിക്കുവാനും ഇടയാകും എന്ന മേന്മയും ഇതിനുണ്ട്.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് പൊതുമരാമത്ത് മേഖലയിലാണ്. 5000 രൂപ വീതം ചെലവഴിച്ചു കൊണ്ടുള്ള റിപ്പയർവർക്കുകൾ പ്രധാന മൺറോഡുകളിലെല്ലാം നടത്തിയിട്ടുണ്ട്. പക്ഷേ ഈ പ്രവർത്തനങ്ങൾ വഴിയരികിലെ പുല്ലുകളും മറ്റും നീക്കം ചെയ്യുന്നതിലും മണ്ണെടുത്തിട്ട് കുഴികൾ നികത്തുന്നതിലും മാത്രമാണ് ഉപകരിക്കുന്നത്.

ഈ പ്രവർത്തനങ്ങൾ വെറും താല്കാലികങ്ങളും വേഗം തകരുന്നവയുമാണ്. അതുകൊണ്ട് എല്ലാവർഷവും റോഡ് റിപ്പയർ ആവശ്യമായി വരുന്നു. ഇതു വഴി പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യപ്പെടുകയാണുണ്ടാവുന്നത്. ഇതു തടയുവാൻ, മൺറോഡുകളുടെ നിർമ്മാണം അതാതുപ്രദേശത്തെ ജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയാണ് വഴി. റോഡുകൾക്ക് ആവശ്യമായ ഓടകൾ നിർമ്മിക്കുന്നതിലൂടെ റോഡുകൾ സംരക്ഷിക്കുവാൻ ഒരു പരിധി വരെ കഴിയും. പഞ്ചായത്തു ഫണ്ടുപയോഗിച്ചു ചെയ്യുന്ന റോഡ് വികസന പ്രവർത്തനങ്ങൾ ചെയ്യുന്നയത്രയും കാര്യക്ഷമമാക്കുക.

റോഡുകൾ നമ്മുടെ ആവശ്യമാണെന്നു മനസിലാക്കി പഞ്ചായത്തു ഫണ്ടിനു വേണ്ടി കാത്തിരിക്കാതെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും മറ്റും റോഡ് നിർമ്മാണം സാദ്ധ്യമാവും.

കാർഷിക പുരോഗതി, സാമൂഹ്യ ക്ഷേമം എന്നിവയിൽ മുൻതൂക്കം നല്കിയാണ് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കേണ്ടത്.

അനാവശ്യചെലവുകൾ നിയന്ത്രിക്കുന്നതിലും, വലിയ അളവ് സമ്പത്ത് ലാഭിക്കുവാൻ നമുക്ക് കഴിയും. പഞ്ചായത്തിലെ വിഭവങ്ങൾ വിനിയോഗിക്കേണ്ടത് പ്രത്യുല്പാദനപരമായ രീതിയിലാണ്.

മാനുഷീക വിഭവശേഷിയുടെ വിനിയോഗം

രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മാനുഷീക വിഭവശേഷിയാണ്. മാനുഷീകവിഭവശേഷി എന്നു പറയുമ്പോൾ സംഖ്യാപരമെന്നതിനെക്കാൾ ഗുണപരമായ മേന്മയാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി ചെയ്യുവാൻ കഴിയുന്നത് ജനങ്ങളുടെ വൈദഗ്ദ്ധ്യപോഷണം നടത്തുക എന്നതാണ്.

പഞ്ചായത്തിലെ വിവിധ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി മാനുഷീകവിഭവശേഷി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശം വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിരുന്നു. റോഡ് നിർമ്മാണം പോലുള്ള കാര്യങ്ങളിൽ മനുഷ്യാധ്വാനം ശരിയായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

പരിസരമാലിന്യം ഇല്ലാതാക്കുന്നതിനും ആരോഗ്യസംരക്ഷണപ്രവർത്തനങ്ങളിലും മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തണം. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ നിലവാരം ഉയർത്തുവാനും നമുക്ക് മാനുഷീകശേഷി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. വിദേശ രാജ്യങ്ങളിലും കേരളത്തിനു വെളിയിലും ജോലിയിലേർപ്പെട്ടിരിക്കുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ എണ്ണം അത്ര വലുതല്ല. വിദേശജോലിക്കാർ നേടുന്ന സമ്പാദ്യം നമ്മുടെ നാട്ടിൽ ഉല്പാദനകരമായ വികസനപ്രവർത്തനങ്ങളിൽ വിനിയോഗിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുക ആവശ്യമാണ്.

ഒരു ഉപഭോഗസംസ്കാരത്തിലേക്കുള്ള പോക്ക് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം തീർച്ചയാണ്. അതിനാൽ പരമാവധി സാധ്യതകൾ മുതലാക്കിക്കൊണ്ട് എല്ലാ മേഖലകളിലും കഴിയുന്ത്ര സ്വയം പര്യാപ്തതയിലെത്തുവാൻ ആവശ്യമായ ശ്രമങ്ങളാണ് നടത്തേണ്ടത്.

തൊഴിലാളികൾക്ക് കൂലിയായി കൊടുക്കുന്ന തുകയിൽ സിംഹഭാഗവും ചെലവഴിക്കപ്പെടുന്നത് അയൽസംസ്ഥാനമായ തമിഴ്നാട്ടിലാണ്. കുറഞ്ഞ വിലയിൽ നിത്യോപയോഗസാധനങ്ങൾ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടായാൽ പണത്തിന്റെ പുറത്തേയ്ക്കുള്ള ഒഴുക്ക് ഒരു പരിധി വരെ പിടിച്ചു നിർത്താനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങളുടെ നികുതിയിനത്തിൽ സർക്കാരിന് ലഭ്യമാകുന്ന തുകയുടെ നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭ്യമാകണം. കോടിക്കണക്കിന് രൂപയുണ്ട് എങ്കിലും ആ തുകയിൽ ചെറിയൊരു ഭാഗം പോലും പഞ്ചായത്തിന്റെ വികസനത്തിനായി ലഭ്യമാകുന്നില്ല. ഭൂപരിധി നിയമത്തിൽ നിന്നും രക്ഷപെടാനും ആനുകൂല്യങ്ങൾ ലഭിക്കാനും മറ്റുമായി വൻകിട തോട്ടങ്ങൾ പല പേരുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയാണെങ്കിൽ പോലും ഒരേ മാനേജ്മെന്റിൻ കീഴിൽ വരുന്നുവെന്ന ബോധ്യമുള്ള തോട്ടക്കാരിൽ നിന്നും ഉല്പന്നവിലയുടെ നിശ്ചിതശതമാനം ഇന്ദിരാവികാസ് പത്രംമുതലായ സ്ഥിരനിക്ഷേപക്കാർ വഴി പഞ്ചായത്തിനും പ്രയോജനകരമായ രീതിയിൽ സമാഹരിക്കുന്നതിന് നിർബന്ധമായും നിയമമുണ്ടാക്കണം.

വരവ് സംബന്ധിച്ച വിവരങ്ങൾ 1995 - 96

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിടനികുതി	300000	207588.40	-
സർവ്വീസ് ചാർജ്ജ്	-	-	-
തൊഴിൽ നികുതി	225000	113336	-
വാഹനനികുതി	-	-	-
വിനോദനികുതി	75000	23736.62	-
അഡി. വിനോദനികുതി	-	14488.13	
പ്രദർശനനികുതി	5000	2302	-
പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ്ജ്	1250	585.50	-
ചന്തവരവ്	25000	15465	-
ലാൻറ് സെസ്സ്	-	-	-
ലൈസൻസ് ഫീസ്	10000	7768.25	-
കെട്ടിടനികുതി സർച്ചാർജ് ലൈബ്രറി സെസ്സ്	-	6768.25	-
വസ്തു കൈമാറ്റനികുതി 75%	-	18248	-
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	-	822496	-
സംഭാവന	-	200	-
ഡെപ്പോസിറ്റ്	-	3500	-
മറ്റുള്ളവ	-	15730.90	-
ആകെ	-	1252213.55	

ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995 - 96

ഇനം	തുക
ഭരണം	417942.50
പൊതുമരാമത്ത്	63456.00
വിദ്യാഭ്യാസം	19715.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	14337.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	39340.00
മറ്റുള്ളവ	35300.00
ആകെ	590090.50

	പൊതുകണക്ക്	മൂലധനക്കണക്ക്	കടം സംബന്ധിച്ച വിവരം
വരവ്	1238258.90	359510	13954.65
ചെലവ്	590090.50	359510	

6

ഉപസംഹാരം

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണപരിപാടികളിലൂടെയും ജനാധിപത്യത്തിന്റെ അന്തസത്ത നാം ഉയർത്തി പിടിച്ചിരിക്കുകയാണ്. ജനാധിപത്യപ്രക്രിയയിൽ മാറി മാറി വരുന്ന ഭരണാധികാരികളെ അധികാരകസേരയിൽ ഏറ്റുവാൻ മാത്രം വിധിക്കപ്പെട്ടിരുന്ന ഗ്രാമീണർ ഇന്ന് തങ്ങളുടെ പ്രദേശത്തിന്റെ വികസനകാര്യങ്ങളിൽ ചുക്കാൻ പിടിക്കുന്നവരായി കഴിഞ്ഞു. ഇതൊക്കെ വിപ്ലവകരമായ മാറ്റം തന്നെയാണ്. ഇതിലൂടെ പുതിയൊരു സംസ്കാരത്തിന്റെ തുയിലുണർത്ത് ഇവിടെ ആരംഭിക്കുകയായി.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിൽ ജനപങ്കാളിത്തത്തോടു കൂടി വരുംനാളുകളിൽ വികസന പരിപാടികൾ നടപ്പിലാക്കാൻ നമുക്ക് കഴിയട്ടെ. ഇതൊരു തുടക്കം മാത്രമാണ്. ഈ ആവേശം ഈ ഐക്യം, ഈ ത്യാഗസന്നദ്ധത, ഐശ്യര്യപൂർണ്ണമായ ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുക്കുവാൻ എന്നും നമുക്കിത് കാത്ത് സൂക്ഷിക്കാം.

പുനരർപ്പണ ദിനത്തിൽ (നവംബർ 1) ആരംഭിച്ച പണികൾ:

1. ആശുപത്രിയുടെ കെട്ടിടനിർമ്മാണ പ്രവർത്തനം
2. കൃഷിഭവൻ റോഡ്
3. പഞ്ചായത്തു സ്റ്റേഡിയം
4. സെൻട്രൽ കവല നാലാം മൈൽ ലിങ്ക് റോഡ്

ചക്കുപള്ളം ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനാവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ഈ വികസനരേഖ നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR-680581
LIBRARY

4252

വികസനറിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. ശ്രീ ആൻറണി സ്കറിയ - ചെയർമാൻ
2. ശ്രീ ജിജി കെ. ഫിലിപ്പ്
3. ശ്രീ കെ. എം. ജോസഫ്
4. ശ്രീ ബിജു ഏബ്രഹാം
5. ശ്രീ ഷാജി പി. വി.
6. ശ്രീ ബിജു കെ. ജോൺ
7. ശ്രീ കെ. എം. സാബുക്കുട്ടി
8. ശ്രീ അലക്സ് പി. വി.
9. ശ്രീ തോമസ് കെ. ജെ.
10. കുമാരി ജോസി മാത്യു
11. ശ്രീ ചാക്കോ കെ. വി.
12. ഡോക്ടർ മാത്യു തോമസ്
13. ശ്രീ ഷാജി വി. ബി.
14. ശ്രീ ബിനോയ് കെ. ജെ.